2014 ഫെബ്രുവരി 25
വാല്യം 07
ലക്കം 04

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# പാസ്റ്റർ പി. ജെ .ജെയിംസിന്റെ മറുപടി വസ്തുതകൾക്ക് നിരക്കാത്തത്



'വിമർശനങ്ങൾക്ക് മറുപടി യുമായി പാസ്റ്റർ പി. ജെ. ജെയിംസ്' എന്ന തലക്കെട്ടിൽ ഒരു മാധ്യമത്തിൽ വന്ന അഭിമുഖം വാസ്തവ വിരുദ്ധവും യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടവുമാണ്. വായനക്കാരുടെ കണ്ണിൽ പൊടിയിടാനുള്ള വില കുറഞ്ഞ രാഷ്ട്രീയ തന്ത്രമായി ഇതിനെ കാണാനേ സാധിക്കയുള്ളൂ. മാധ്യമ വിമർശനങ്ങളോട് അസഹിഷ്ണത കാണിക്കുകയും അതിനോട് അക്കാദമിക്കായി പ്രതികരിക്കുകയും ചെയ്യാതെ സത്യങ്ങളെ വളച്ചൊടിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രശ്നങ്ങളെല്ലാം മാധ്യമങ്ങളുടെ മുകളിൽ വച്ചശേഷം പുണ്യവാളൻ ചമയുന്ന ഓവർസിയറുടെ രാഷ്ട്രീയ അഭ്യാസം അല്പത്തരമാണ്. എന്നാൽ ഓവർസിയർ പറഞ്ഞതും പറയേണ്ടതും പറയാത്തതുമായ ചില വസ്തുതകൾ അനുവാചക സമക്ഷം സമർപ്പിക്കുകയാണ്.

✷ സ്റ്റേറ്റ് ഓവർസിയറെ അധികാരത്തിൽ നിന്നും പുറത്താക്കുക എന്നത് ഒരിക്കലും മാധ്യമ അജണ്ട അല്ലായിരുന്നു. ഭരണപരമായ പാളിച്ചകളും പരാജയങ്ങളും വിമർശനപരമായി ഉന്നയിക്കുക മാത്രമാണ് ചെയ്തത്. പ്രിഫറൻസ് ബാലറ്റിനെ സംബന്ധിച്ച വാർത്തകൾ ഭരണഘടനപരമായ അവകാശവും കേരളത്തിലെ മുഴുവൻ ശുശ്രൂഷകന്മാരുടെയും ആവശ്യവുമായിരുന്നു. 2012-ലെ പാസ്റ്റേഴ്സ് ജനറൽ ബോഡിയിൽ വച്ച് സൂപ്രണ്ട് നൽകിയ വാക്ക് പാലിച്ച് പ്രിഫറൻസ് ബാലറ്റ് നടത്തണമെന്നായിരുന്നു ആവശ്യം. ഈ പൊതുവികാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു മുൻ കൗൺസിൽ പ്രിഫറൻസ് ആവശ്യപ്പെട്ടതും പിന്നീട് ഇവാലുവേഷൻ നടത്തിയതും ഇപ്പോൾ 15 അംഗ കൗൺസിൽ ഒറ്റക്കെട്ടായി പ്രിഫറൻസ് ബാലറ്റ് ആവശ്യപ്പെട്ടതും. ഇതൊരു മീഡിയ പ്രൊപ്പഗണ്ട അല്ല.

'വഴിവിട്ട ഒരു കളികൾക്കും ഞാൻ തയ്യാറല്ല' എന്നു പറയുന്ന പി. ജെ. ജെയിംസ് ഓവർസിയർ സ്ഥാനം കൈക്കലാക്കിയത് ദൈവസഭയുടെ പോളിസിക്കും ക്രിസ്തീയ നീതിശാസ്ത്രത്തിനും നിരക്കാത്ത വഴിയിലൂടെ അല്ലേ. 2010-2012 കൗൺസിലിലെ 15പേരും ഒപ്പിട്ട് ഒരു ടേം കൂടി എം. കുഞ്ഞപ്പിക്ക് നീട്ടി കൊടുത്തശേഷം 9 പേരെ വശത്താക്കി ഭരണം അട്ടിമറിച്ചതിൽ എന്ത് ധാർമ്മികതയാണുള്ളത്. ഒറ്റ രാത്രികൊണ്ട് വ്യാജ ബാലറ്റ് അടിച്ച് സ്ഥാനാർത്ഥികളെ അവതരിപ്പിച്ച് ഇലക്ഷൻ നടത്തിയത് ചട്ടവിരുദ്ധമല്ലേ. എം. കുഞ്ഞപ്പി തുടരണോ വേണ്ടയോ എന്ന ഹിതപരിശോധന നടത്താതെ ഇലക്ഷൻ നടത്തിയത് എങ്ങനെ നീതികരിക്കാൻ കഴിയും. ഈ സംഭവത്തിൽ ഖേദിച്ച് വേൾഡ് മിഷൻ ഡയറക്ടർ ഡഗ്ലസ് ലി റോയി കുഞ്ഞപ്പി പാസ്റ്റർക്ക് കത്തയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ എം. കുഞ്ഞപ്പി 2012 മാർച്ച് 1ലെ ഹാല്ലേല്ലൂയ്യായിൽ നടത്തിയ അഭിമുഖത്തിൽ പറഞ്ഞിട്ടുമുണ്ട്. ഇന്ത്യയിൽ ഒരിടത്തും പ്രിഫറൻസ് ബാലറ്റ് നടത്തില്ലായെന്ന് വേൾഡ് മിഷൻ പറ

11

> **സ്റ്റേറ്റും-ഡിവിഷനും ഒന്നിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വേൾഡ് മിഷന് ഓവർസിയർ എഴുതിയ കത്ത് പ്രസിദ്ധീകരിക്കാൻ തയ്യാറാണോ? ഇതെല്ലാം ഈ നൂറ്റാണ്ടിലെ തമാശമാത്രമാണ്.**

## അന്തർദേശീയ പി.വൈ.പി.എ. യ്ക്ക് പുത്തൻ സാരഥികൾ


ബ്ര. സുധി ഏബ്രഹാം
പ്രസിഡന്റ്


പാ. സാം പനച്ചയിൽ
സെക്രട്ടറി


ബ്ര. വെസ്ലി ആലുംമൂട്ടിൽ
ട്രഷറർ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ (ഐ.പി.സി.) യുവജന പ്രസ്ഥാനമായ പെന്തെക്കോസ്ത് യുവജന സംഘടന (ജനറൽ പി.വൈ.പി.എ.) പുനഃസംഘടിപ്പിച്ചു.

പി.വൈ.പി.എ. യുടെ പ്രായപരിധി 40 ആയി ഉയർത്തിയതിനു ശേഷം ജനറൽ പി.വൈ.പി.എ. രൂപികരിക്കണമെന്ന ആവശ്യം ജനറൽ കൗൺസിൽ അംഗീകരിക്കുകയും, ആ തീരുമാനപ്രകാരം ജനുവരി 24ന് വെള്ളിയാഴ്ച ഐ. പി.സി. ജനറൽ ജോ. സെക്രട്ടറി പാസ്റ്റർ സാം ജോർജിന്റെ അദ്ധ്യക്ഷതയിൽ ജനറൽ കൗൺസിൽ ഓഫീസിൽവെച്ചു നടന്ന ജനറൽ റപ്രസന്റേറ്റീവ് സമ്മേളനത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള അഡ്ഹോക്ക് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

ജനറൽ പ്രസിഡന്റായി ബ്രദ

07

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ പ്രിഫറൻസ് ആവശ്യപ്പെട്ട് കൗൺസിൽ അംഗങ്ങൾ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ ആദ്യമായി 15 അംഗ കൗൺസിൽ ഐകകണ്ഠേന പ്രിഫറൻസ് നടത്തണമെന്ന് ആവശ്യപ്പെട്ട് വേൾഡ് മിഷന് കത്തയച്ചു. മുൻ ഏഷ്യൻ സൂപ്രണ്ടും ഇപ്പോഴത്തെ ഇൻഡ്യൻ സൂപ്രണ്ടുമായ ഹെപ്നർ ജനറൽ ബോഡിയിൽ പറഞ്ഞതനുസരിച്ച് 2 വർഷം കൂടുമ്പോൾ പ്രിഫറൻസ് ബാലറ്റ് നടത്തണമെന്നാണ് കൗൺസിൽ അംഗങ്ങൾ വേൾഡ് മിഷനോട് ആവശ്യപ്പെട്ടിരിക്കുന്നത്. മുൻ കൗൺസിൽ അംഗങ്ങളുടെ ഇടയിൽ നടത്തിയ ഹിതപരിശോധനയിൽ ഭൂരിപക്ഷം പേരും ഓവർസിയർ തുടരുന്നതിനോട് താൽപര്യമില്ല എന്നാണ് രേഖപ്പെടുത്തിയത് എന്നറിയുന്നു. 2012ൽ എല്ലാ കൗൺസിൽ അംഗങ്ങളും എം. കുഞ്ഞപ്പി തുടരണം എന്ന് വേൾഡ് മിഷനെ അറിയിച്ചിരുന്നു. എന്നാൽ 9 അംഗങ്ങളെ പിളർത്തി പി. ജെ. ജെയിംസ് നാടകീയ നീക്കങ്ങളിലൂടെ ഭരണത്തിലെത്തുകയായിരുന്നു.

മെയ് രണ്ടാംവാരത്തോട് ഇവിടെ ജനറൽ ബോഡിയിൽ പ്രിഫറൻസ് നടത്തും എന്നാണ് വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്നും അറിയുന്നത്. ഇതോടൊപ്പം മുംബൈ കേരളാ റീജിയൻ എന്നിവിടങ്ങളിലും പ്രിഫറൻസ് ബാലറ്റ് നടക്കും എന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ.

### സാക്ഷി



ചർച്ച് ഓഫ് ഗോഡിൽ ഗ്രൂപ്പുയോഗം സജീവമാകുന്നു

*കേരളാ കോൺഗ്രസിന്റെ ഗതിവരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം*

## പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ജനാധിപത്യത്തിന്റെ വളർച്ചയെ സഹായിച്ചു: പഠനങ്ങൾ

പ്രകാശ് പി. കോശി

ക്രൈസ്തവ മിഷനറിമാരെ സാമ്രാജ്യത്വത്തിന്റെ വക്താക്കളായും പുതുസംസ്കാരവും മതവും ഇറക്കുമതി ചെയ്ത് അതാത് രാജ്യത്തിന്റെ ദേശീയതയെ വെല്ലുവിളിക്കുന്നവരായും ചിത്രീകരിക്കാനാണ് പാശ്ചാത്യ ചരിത്രകാരൻമാർ പോലും ശ്രമിക്കുന്നത്.

മതേതരത്വത്തിൽ വിശ്വസിക്കുന്ന ബുദ്ധിജീവികൾ പോലും മിഷനറിമാരെ മതത്തിന്റെ പ്രചാരകർ ആയി മാത്രം കാണുക പതിവ് ആണ്. ഒരു പക്ഷെ ഇങ്ങനെ ഉള്ളവർ പഠിച്ചതും വളർന്നതും മിഷനറിമാർ നടത്തിയ സ്കൂളുകളിലും കോളേജുകളിലും ആയിരിക്കാം. എന്നിരുന്നാലും നന്ദിയുടെ ഒരു സൂചകം പോലുമില്ലാതെ മിഷനറിമാരെ അധിക്ഷേപിക്കുന്നത് ഇന്ന് സാധാരണമാണ്. ഇന്നും ക്രൈസ്തവ മിഷനറിമാർ മതനിരപേക്ഷതയുടെ വർഗ്ഗ സമത്വകേന്ദ്രങ്ങളിൽ നിന്നും തീവ്രദേശീയതയുടെ പ്രവാചകന്മാരിൽ നിന്നും ബൗദ്ധിക ആക്രമണം നേരിടുന്നു.

മിഷനറിമാർ പൊതുജനക്ഷേമത്തിനായും, അറിവിനായും വിദ്യാഭ്യാസത്തിനായും അവകാശങ്ങൾക്കായും നടത്തുന്ന പ്രവർത്തനങ്ങൾ ഇവിടുത്തെ ദിശാബോധം നഷ്ടപ്പെട്ട യുവതലമുറയെ ഇന്ത്യയുടെ അഖണ്ഡതയ്ക്കെതിരെ ശബ്ദമുയർത്താൻ പ്രേരിപ്പിക്കുന്നു എന്ന് പ്രചരിപ്പിക്കുന്ന ബുദ്ധിജീവികൾ ഇവിടെയുണ്ട്. എന്നാൽ അടുത്തിടെ Christianity Today മാസികയിൽ മിഷനറിമാർ ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് സഹായകരായിരുന്നു എന്ന വിഷയത്തെ ആസ്പദമാക്കി വന്ന ഫീച്ചർ മിഷനറിമാരെപ്പറ്റി ലോകം ധരിച്ചിരുന്ന തെറ്റിദ്ധാരണകൾ മാറ്റുവാൻ കെൽ

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം


# ഓവർസിയറുടെ നിലപാട് തെറ്റ്




ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കധീതമായി മനുഷ്യ വർഗ്ഗത്തെ സ്നേഹിച്ച ക്രിസ്തുവിന്റെ സന്ദേശമാണ് സുവിശേഷം. ഭാരതത്തിലെ ജാതി വ്യവസ്ഥകളെ പ്രത്യേകിച്ച് കേരളത്തിൽ തച്ചുടയ്ക്കുവാൻ ഒരു പരിധിവരെ ഇടയാക്കിയത് ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനഫലമാണ്. ദളിതരുടെ കുടിലുകളിൽ ഉറങ്ങിയും അവരോടൊപ്പം ഭക്ഷിച്ചും സുവിശേഷം പങ്കിട്ടും ദൈവസ്നേഹം പ്രായോഗികതലത്തിൽ എത്തിച്ചവരായിരുന്നു ക്രിസ്തീയ മിഷനറിമാർ.

കുക്ക് സായ്പ് എന്ന മിഷനറിവര്യൻ ത്യാഗോജ്ജ്വലമായ തന്റെ ജീവിതത്തിലൂടെ ദൈവസ്നേഹം ജനങ്ങളിൽ എത്തിച്ചു. കാലങ്ങൾ കഴിഞ്ഞപ്പോൾ താൻ സ്ഥാപിച്ച ഇന്ത്യയിലെ ദൈവസഭയുടെ ചരിത്രത്തിലെ കറുത്ത ഏടായി മാറിയ സംഭവമാണ് സ്റ്റേറ്റ് - ഡിവിഷൻ വിഭജനം. മറ്റുള്ളവരുടെ മുമ്പിൽ ദൈവസഭയുടെ അന്തസ്സിനും സൽപേരിനും അവമതി ഉണ്ടാക്കിയതായിരുന്നു ഈ സംഭവം. എന്നാൽ കേരളാ സ്റ്റേറ്റിൽ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ ഏകോദര സഹോദരങ്ങളെപ്പോലെ ആരാധിച്ചും ശുശ്രൂഷിച്ചും വരുന്നുവെന്നത് അഭിമാനകരമാണ്. എന്നാൽ പ്രാദേശിക വാദവും ജാതി, വർഗ്ഗ വാദവുമൊക്കെ ഉയർത്തി ഭിന്നിപ്പുണ്ടാക്കുവാൻ ശ്രമിച്ച തൽപ്പര കക്ഷികളൊക്കെ ഒറ്റപ്പെട്ടുപോയിട്ടുണ്ട് എന്നത് ചരിത്രം.

പരിശുദ്ധാത്മാവിന്റെ നിറവിൽ ഒന്നിച്ചാരാധിക്കുകയും സുവിശേഷവയലിൽ ഒന്നിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവിടെ ഉയരുന്നത് വർഗ്ഗ വർണ്ണ വ്യത്യാസമല്ല. മറിച്ച് ദൈവപുത്രനായ ക്രിസ്തു കാൽവറിയിൽ നിവർത്തിക്കുകയും സഭയ്ക്ക് ദൗത്യമായി നൽകുകയും ചെയ്ത ദൈവസ്നേഹത്തിന്റെ പ്രദർശനമാണ്.

തിരുവനന്തപുരത്ത് വലിയതുറ സഭയിലെ ജനങ്ങൾ ജാതിയുടെയോ വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയോ പേരിൽ ഭിന്നത ഉള്ളവരല്ല. അവർ ദൈവസ്നേഹത്തിൽ പരസ്പരം കൂട്ടായ്മബന്ധം പുലർത്തി മുന്നോട്ടു പോകുന്നവരാണ്. അവിടെ ഒരു ശുശ്രൂഷകനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായ വ്യത്യാസം ഉണ്ടായി എന്നത് സത്യം. ചിലപ്പോഴെങ്കിലും സംഭവിക്കുന്നതുപോലെ ആ ശുശ്രൂഷകനെ താൽപര്യമില്ലാത്തവർ മുളക്കുഴയിൽ എത്തിയെന്നതും സത്യം. ഇതിൽ വ്യക്തിപരമായ താൽപര്യവും താൽപര്യക്കുറവും മാത്രമാണ് സംഭവിച്ചത്. അല്ലാതെ ജാതിയുടെയോ വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയോ പേരിലുള്ള ചേരിതിരിവ് അല്ലായിരുന്നു. സത്യം ഇതായിരിക്കെ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ അവിടെ ജാതീയമായ വേർതിരിവ് ഉണ്ടായി എന്ന് പറയുമ്പോൾ അത് ശുദ്ധഭോഷ്കാണെന്ന് പറയാതെ വയ്യ. കേരളാ സ്റ്റേറ്റിൽ അത്തരമൊരു ചേരിതിരിവ് ഇല്ലാ എന്നത് യാഥാർത്ഥ്യമായിരിക്കെ ഒരു മാധ്യമത്തിലൂടെ തന്റെ പദവിക്ക് യോജിക്കാത്ത പ്രസ്താവന നടത്തിയ ഓവർസിയർ പ്രസ്താവന പിൻവലിച്ച് പരസ്യമായി സഭയോട് ക്ഷമാപണം നടത്തണം. ഈ വിഷയവുമായി ബന്ധപ്പെട്ട് കൗൺസിലിൽ ഓവർസിയർ നടത്തിയ പരാമർശം കേട്ടിട്ട് ഞങ്ങൾ മരവിച്ചുപോയി എന്നാണ് ചില കൗൺസിൽ അംഗങ്ങൾ പറഞ്ഞത്. വേദപുസ്തക ഉപദേശങ്ങൾക്കും ക്രിസ്തീയ മാന്യതയ്ക്കും യോജിക്കാത്ത ഇത്തരം പ്രസ്താവനകൾ ദൂരവ്യാപകമായ പ്രത്യാഘാതം ഉളവാക്കും എന്നെങ്കിലും ചിന്തിക്കേണ്ടിയിരുന്നു. തീക്കൊള്ളികൊണ്ട് തലചൊറിയുന്ന ഓവർസിയർ മറന്നത് ദൈവമക്കളുടെ ശ്രേഷ്ഠമായ സൗഹാർദ്ദത്തെയും കൂട്ടായ്മയെയും ആണ്.


ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ



വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


## മാതാപിതാക്കൾ അറിയാൻ

# ബാലശിക്ഷയുടെ പ്രായം



ബിനു ജോസഫ് വടശ്ശേരിക്കര

ഏറ്റവും ചെറിയ പ്രായത്തിലാണെങ്കിൽ ചെറിയ വിലക്കുകൾ മാത്രം മതിയാകും. ശിക്ഷയാണെങ്കിലും വളരെ ലഘുവായത് മാത്രം മതി. ഒരു അഞ്ച് വയസിന് മുമ്പുള്ള പ്രായത്തിൽ കുഞ്ഞുങ്ങൾക്ക് മനസിന് മുറിവേൽക്കുന്നതോ, ശാരീരികമായി മുറിവേൽക്കുന്നതോ ആയ തരത്തിലുള്ള ശിക്ഷകൾ പാടില്ല. സ്നേഹത്തോടു കൂടിയ ശിക്ഷയും ശാസനയുമാണ് നന്ന്. മാതാവിനോ പിതാവിനോ കുറ്റബോധം ഉളവാക്കുന്ന തരത്തിലുള്ള ശിക്ഷകൾ പലപ്പോഴും മാനസിക പിരിമുറുക്കത്തിനും ദുഃഖത്തിനും കാരണമാകാറുണ്ട്. പല സ്ഥലങ്ങളിൽ മാതാപിതാക്കൾക്കുവേണ്ടി നടത്തുന്ന ക്ലാസുകളിൽ അമിതമായി മക്കളെ ശിക്ഷിച്ചതിൽ മനസു വേദനിക്കുന്ന പല മാതാപിതാക്കളെയും കണ്ടിട്ടുണ്ട്. ഒരു കാരണവശാലും വികാരത്തിന് അടിമപ്പെട്ട് കുഞ്ഞുങ്ങളെ ശിക്ഷിക്കരുത്.

### വിദ്വേഷം പാടില്ല

കുഞ്ഞുങ്ങൾ ചെയ്ത തെറ്റ് മൂലം മാതാപിതാക്കൾക്ക് മക്കളോട് വിദ്വേഷം ഉണ്ടാകരുത്. ഒരു ചെറിയ ശിക്ഷ നൽകിയാൽ, ഒരു 10 മിനിറ്റിനു ശേഷം കുഞ്ഞിനെ അടുത്ത് വിളിച്ച് ശിക്ഷിച്ചതിന്റെ കാരണവും ഒപ്പം തനിക്ക് കുഞ്ഞിനോടുള്ള സ്നേഹവും പറഞ്ഞു മനസിലാക്കണം. കുഞ്ഞുങ്ങൾ വേഗത്തിൽ ക്ഷമിക്കുന്നു, ഒപ്പം മറക്കുന്നു. പക്ഷേ സ്വന്തം കുഞ്ഞുങ്ങളെ ശിക്ഷിച്ചതിന്റെ നൊമ്പരം ഇന്നു എത്രയോ മാതാപിതാക്കൾ പേറുന്നു. ശിക്ഷിക്കുമ്പോൾ ഒരു ചോദ്യം സ്വയം ചോദിക്കണം "ഇന്ന് ഞാൻ എന്റെ മകനെ/മകളെ ശിക്ഷിച്ചു, എന്നാൽ അവനെ/അവളെ സ്നേഹിക്കുവാൻ എത്ര സമയം മാറ്റിവെച്ചു".

### സ്നേഹം പ്രകടിപ്പിക്കുക...

കുഞ്ഞുങ്ങൾക്ക് ശിക്ഷ നൽകുന്നതിലേറെയായി മാതാപിതാക്കൾ സ്നേഹം പ്രകടിപ്പിക്കുവാൻ മറക്കരുത്-ഏകദേശം അഞ്ചു വയസുവരെ കുഞ്ഞിനെ എടുക്കാനും ചുംബിക്കുവാനും തയ്യാറാകുന്ന മാതാപിതാക്കൾ അതിനുശേഷം ഒന്ന് ചേർത്ത് നിർത്താനോ ആലിംഗനം ചെയ്യുവാനോ പ്രോത്സാഹിപ്പിക്കുവാനോ തുനിയാറില്ല. ഇത് നമ്മുടെ സമൂഹത്തിന്റെ വളരെ തെറ്റായ ഒരു പ്രവണതയാണ്. മക്കൾക്ക് വേണ്ടത് നിങ്ങളുടെ സ്നേഹമാണ് ധനമല്ല.

### ഒരു അമ്പതു രൂപ കടം തരാമോ

ഓഫീസിൽ നിന്ന് വൈകിയെത്തിയ പിതാവിനോട് മകൻ ചോദിച്ചു; "ഡാഡി, ഒരു ദിവസം ഡാഡിക്ക് എത്ര രൂപ കിട്ടും.

ഡാഡി: നീ എന്തിനാടാ ഇതൊക്കെ അന്വേഷിക്കുന്നത്, പോയി വല്ലോം പഠിക്ക്. കുറേ കഴിഞ്ഞ് ഡാഡി അവന്റെ മുറിയിലെത്തിയപ്പോൾ അവൻ വീണ്ടും ചോദിച്ചു. അപ്പോൾ ഡാഡി പറഞ്ഞു ഒരു ദിവസം ജോലിചെയ്താൽ എനിക്ക് 100 രൂപ കിട്ടും. മകൻ നിശബ്ദനായി....

തന്റെ വഞ്ചിയിലിരുന്ന ചില്ലറ തുട്ടുകൾ കുടഞ്ഞിട്ടു എണ്ണുവാൻ തുടങ്ങി, എണ്ണി തീർന്നപ്പോൾ ഡാഡിയോട് പറഞ്ഞു; ഡാഡി എനിക്ക് 50 രൂപ കടം തരാമോ? നിനക്കെന്തിനാ 50 രൂപാ...നിനക്ക് ആവശ്യമുള്ളതെല്ലാം ഞാൻ വാങ്ങി തരുന്നുണ്ടല്ലോ? മകൻ പറഞ്ഞു: ഡാഡി എനിക്ക് 50 രൂപ കൂടെ കിട്ടിയാൽ ഡാഡിയുടെ ദിവസം എനിക്ക് വിലക്ക് വാങ്ങാൻ കഴിയും, എന്നിട്ട് എനിക്ക് ഡാഡിയോടൊപ്പം സന്തോഷിക്കാമല്ലോ? ഇത് കേട്ട പിതാവിന്റെ കണ്ണുകൾ നിറഞ്ഞുപോയി.... പണം അല്ല, മകനുവേണ്ടത്, പിതാവിനെ തന്നെയാണെന്ന് പലരും മറക്കുന്നു. മകളെ മറന്ന് വിദേശത്തോ സ്വദേശത്തോ രാവന്തിയോളം ജോലി ചെയ്യുന്ന പലരും മറക്കുന്ന ഒരു സത്യം, പണത്തെയല്ല നിങ്ങളെതന്നെയാണ് മക്കൾക്ക് വേണ്ടത് എന്നതാണ്. നിങ്ങൾ മക്കൾക്കുവേണ്ടിയാണ് അധ്വാനിക്കുന്നു എന്നത് ശരിതന്നെ, എന്നാൽ മക്കൾ പ്രതീക്ഷിക്കുന്നത് പണം മാത്രമല്ലെന്ന തിരിച്ചറി വ് വൈകി ആണെങ്കിലും പലരും തിരിച്ചറിയും.

ഗൾഫിൽ നിന്നും മടങ്ങിയെത്തിയ പിതാവ് മകന് നൽകിയത് 25000-ലധികം വിലവരുന്ന മൊബൈൽ ഫോണാണ്. മകനോ രാവന്തിയോളം പിന്നെ അർദ്ധരാത്രി വരെ ഫോണിൽ ഗെയിമും, ചാറ്റും, ഫെയ്സ്ബുക്കും, നെറ്റും ഒക്കെയായി കഴിച്ചുകൂടുന്നു. പഠനം തഥൈവ. അവർ ചോദിക്കുന്നതെല്ലാം വാങ്ങി നൽകി മകളെ പ്രസാദിപ്പിച്ച് സ്നേഹം ആർജ്ജിക്കാമെന്ന ധാരണ തെറ്റാണ്. ഇന്ന് പല മാതാപിതാക്കളും ഉയർന്നതിന്റെ കാരണം അവരുടെ ഇല്ലായ്മയിൽ പഠിച്ച പാഠങ്ങൾ മൂലമാണ്. ഇല്ലായ്മകൾ നൽകുന്ന പാഠം മറ്റൊരിടത്തും ലഭിക്കുകയില്ല...

തുടരും....

- തുടർച്ച13 -

# 05 അനാത്മിക സർക്കസ്സു....

ക്കാത്ത ഒരു വാക്യത്തിൽ പിടിച്ചാണ് കളി. ഉപ്വാസ പ്രാർത്ഥന സംബന്ധിച്ച ദൈവാലോചനയ്ക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം എഴുതി കാണിച്ച വാക്യമാണെന്ന് പറഞ്ഞാണ് അവതരിപ്പിക്കൽ, അപ്പോൾ പിന്നെ ആരും തർക്കിക്കാൻ വരില്ലല്ലോ. പിന്നെ എല്ലാദിവസവും ആ വാക്യത്തിൽ മറഞ്ഞുകിടക്കുന്ന എന്നവകാശപ്പെടുന്ന മർമ്മങ്ങളുടെ ഓരോരുത്തരുടെ വക ഘോഷയാത്രയാണ്. ഒരാൾ പറഞ്ഞ വ്യാഖ്യാനത്തിൽ തൊടാതെ പുതിയതെന്തെങ്കിലും അവതരിപ്പിക്കാൻ ഓരോരുത്തരും പാടുപെടുന്നു. അവസാനം കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചിയില്ലാതെയായി എന്നു പറഞ്ഞപോലെ പ്രസ്തുത ദൈവവചനത്തിന്റെ സാമാന്യ അർത്ഥംപോലും ഉപവാസം കഴിയുമ്പോഴേക്കും കൈവിട്ടു പോകുന്നു. ഉപവാസത്തിൽ ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ള വിഷയമായ മനുഷ്യന്റെ ശുദ്ധീകരണത്തിൽ മാത്രം തൊട്ടുശുദ്ധമാക്കാതെ ബാക്കിയെല്ലാം ഘോഷിച്ചാനന്ദിക്കും. പേര് ഉപവാസപ്രാർത്ഥന എന്നാണെങ്കിലും സ്തോത്രകാഴ്ച പിരിച്ചില്ലെങ്കിൽ ദൈവം കോപിക്കും എന്നതിനാൽ അതിനൊരു മുടക്കവും വരുത്താറില്ല. അതിനുള്ള പ്രധാന ന്യായം ഡേറ്റില്ലാഞ്ഞിട്ടും സമയം കണ്ടെത്തി ഇവിടെ കടന്നുവന്ന് വചനപ്രഘോഷണം നടത്തിയ സ്റ്റാർ അഭിഷിക്തന്റെ റേറ്റാണ്. "നിങ്ങൾക്ക് സൗജന്യമായി ലഭിച്ചു, അതുകൊണ്ട് സൗജന്യമായി കൊടുക്കുവീൻ" എന്ന ദൈവവചനത്തേക്കാൾ, "കർമ്മം ചെയ്ത കർമ്മി, പ്രതിഫലം അനുഭവിച്ചാലേ പൂർണ്ണമോക്ഷം കിട്ടൂ" എന്ന ഹൈന്ദവവിശ്വാസത്തിനാണ് ഇപ്പോൾ പ്രാധാന്യം. ഉപവാസ പ്രാർത്ഥന, സീരിയൽ കഴിയുമ്പോഴേക്കേ ആകെ മൊത്തം ആശയകുഴപ്പത്തിലാകുന്ന ശരാശരി വിശ്വാസികളുടെമേലുള്ള അവസാനപ്രയോഗമാണ്, ഉപ്വാസ പ്രാർത്ഥന ആത്മീയമായും ഭൗതീകമായും വലിയ അനുഗ്രഹമായിരുന്നു എന്ന ഉപസംഹാരം. ഭൗതീക അനുഗ്രഹം ആർക്കൊക്കെ കിട്ടിയെന്ന് ഏറെക്കുറെ സ്പഷ്ടമായെങ്കിലും ആത്മീയ അനുഗ്രഹം എന്നത് ഇന്നും ഒരു കീറാമുട്ടിയാണ്. എന്ത് ആത്മീയ അനുഗ്രഹം ആർക്കും ഏതളവിൽ എപ്പോൾ ലഭിച്ചുവെന്നെന്നും കേറി ചോദിക്കരുത്. ചുമ്മാ മിണ്ടാതിരുന്നോണം. ഉപ്വാസം മഹാശ്ചര്യം......നമുക്കു കിട്ടണം പണം.

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

ഭാഗം: ഒന്ന്

– തുടർച്ച –

സ്വന്തം കുടുംബത്തിൽ അമ്മയപ്പന്മാർക്കു പ്രത്യുപകാരം ചെയ്യുന്ന ഭക്തി....1 തിമൊ. 5:4.

മാതാപിതാക്കളെ ബഹുമാനിക്കണമെന്നുള്ളത് ദൈവം നൽകിയ കല്പനകളിൽ ഒന്നാണ്, പുറ. 20:12, പ്രവാചകന്മാരും യേശുക്രിസ്തുവും പൗലോസ് അപ്പൊസ്തലനും പ്രസ്തുത വിഷയം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മലാ. 1:16, മത്താ.19:16-19, എഫെ. 6:1-2, മാതാപിതാക്കൾ പ്രായമാകുമ്പോൾ അവരെ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടത് മക്കളുടെ ചുമതലയാണ്. അത് ദൈവസന്നിധിയിൽ പ്രസാദകരമാകുന്നു. മക്കളുടെ കടമയാണ് മാതാപിതാക്കന്മാരെ സംരക്ഷിച്ചു ഭക്തി വെളിപ്പെടുത്തുകയെന്നത്. അതില്ലാത്ത ഭക്തിക്ക് ദൈവസന്നിധിയിൽ യാതൊരു വിലയും നിലയുമില്ല.

സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു 1 തിമൊ. 6:6. സംതൃപ്തിയാണ് സമ്പത്ത് എന്നൊരു പഴമൊഴിയുണ്ട്, അതായത് ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവനാണ് ലോകത്തിലേക്കും ഏറ്റവും വലിയ ധനികൻ. ലുബ്ധൻ ഒരിക്കലും സമ്പന്നനാകയില്ല. തന്റെ ജീവിതത്തിൽ ഒരു വ്യക്തി അനുഭവിക്കുന്ന സംതൃപ്തിയാണ് ദൈവഭക്തിയുടെ മറ്റൊരു ലക്ഷണം. അപ്പൊസ്തലനായ പൗലോസ് എഴുതുന്നു, അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നതാനും. പൗലോസ് തുടരുന്നു, ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ നതി എന്നു നാം വിചാരിക്ക, 1 തിമൊ. 6:8. എല്ലാ സാഹചര്യങ്ങളിലും സംതൃപ്തിയോടെ ജീവിക്കുവാൻ പൗലോസിനെ ദൈവഭക്തി സഹായിച്ചു. ഒരു ഭക്തന്റെ സംതൃപ്തി അവന്റെ സമ്പാദ്യത്തെ അടിസ്ഥാനമാക്കിയുള്ളതല്ല, പണത്തിന്റെ കാര്യത്തിൽ ദൈവവചന പഠിപ്പിക്കലുകളോട് നാം ഒട്ടും കൂറുപുലർത്തുന്നില്ല എന്നത് ഖേദകരമാണ്. ഇയ്യോബ്, അബ്രഹാം, ദാവീദ് ഇവരൊന്നും തങ്ങളുടെ സമ്പത്തിൽ ആശ്രയിച്ചില്ല. എന്നാൽ ആഖാൻ, ഗേഹസി, ഇസ്ക്കരിയോത്ത യൂദ, അനന്യാസും സഫീറയും ദേമാസും ഇവരൊക്കെ ദ്രവ്യാഗ്രഹത്തിൽ ആശ്രയിച്ചതുകൊണ്ടും ആഗ്രഹിച്ചതുകൊണ്ടും നശിച്ചുപോയി ഏ. ഡബ്ല്യൂ, ടോസർ എന്ന ഭക്തൻ പറഞ്ഞിട്ടുണ്ട് ഏതൊരുവനും താൻ ആഗ്രഹിക്കുന്നത്ര ആത്മീയനായിരിക്കും അതുകൊണ്ട് തന്നെ നമ്മുടെ ആത്മീക നിലവാരം താഴ്ന്നതാണെങ്കിൽ ആത്മീയതയ്ക്കുവേണ്ടിയുള്ള നമ്മുടെ ആഗ്രഹം വളരെ കുറവാണ് എന്നു മനസ്സിലാകാനാകും. ഒരു പൈതലിനെ സംബന്ധിച്ച് ദൈവഭക്തി അഥവാ ദൈവഭയം എന്നതിനാകണം ജീവിതത്തിൽ പ്രഥമസ്ഥാനം നൽകേണ്ടത്, അതാണ് ദൈവഭക്തിയുടെ മൂലക്കല്ല്. നീയോ, ദൈവത്തിന്റെ മനുഷ്യനായുള്ളവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക...1തിമൊ. 6:10-12.

**പൗലോസ് തിമൊഥെയൊസിനോടു പറയുന്നത് വിട്ടോടേണ്ട നാലു കാര്യങ്ങൾ-**

A. ദ്രവ്യാഗ്രഹം. 1 തിമൊ. 6:10-11

B. ദുർന്നടപ്പ്, 2 കൊരി:6:18

C. യൗവ്വനമോഹങ്ങൾ, 2 തിമൊ. 2:22.

D.സകലഭാരവും മുറുകെപ്പറ്റുന്ന പാപവും, എബ്രാ. 12:1

പിന്തുടരേണ്ട ആറുകാര്യങ്ങൾ ഭക്തി, നീതി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, 1 തിമൊ. 6:11. ഭക്തിയിൽ ആരംഭിക്ക മാത്രമല്ല, ജീവിക്കുകമാത്രമല്ല. ഭക്തിയിൽ അവസാനിക്കുക കൂടി വേണം. ദൈവത്തിന്റെ മനുഷ്യർ ഭക്തിയോടെ ജീവിക്കണം.

**പൗലോസിന്റെ ആശംസകൾ**

പൗലോസിന്റെ ലേഖനങ്ങളിലെ പ്രത്യേകതകളിൽ ഒന്നാണ് തന്റെ ലേഖനങ്ങളുടെ തുടക്കത്തിൽ തന്നെ ആശംസകൾ നേരുന്നത്. പൗലോസിന്റെ മറ്റുലേഖനങ്ങളും ഇതേ പ്രയോഗങ്ങൾ കാണാം. ഇടയലേഖനങ്ങളിൽ ഉൾപ്പെടുന്ന തിമൊഥെയൊസിനു എഴുതിയ ആദ്യ ലേഖനത്തിൽ പൗലോസ് ഉപയോഗിക്കുന്ന വാക്കുകളാണ് കൃപ, കനിവ്, സമാധാനം ഇവ ഓരോന്നായി ചിന്തിക്കാം.

കൃപ (Grace) - കൃപ എന്ന വാക്ക് തിരുവെഴുത്തിൽ പലയിടങ്ങളിൽ പറഞ്ഞിട്ടിട്ടുണ്ട്. ശ്രദ്ധിക്കുക, എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു, അ. പ്ര. 14:26, നോഹയ്ക്കു കൃപ ലഭിച്ചിരുന്നു, ഉല്പ. 6:8, യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവനായിരുന്നു യോഹ.1:14. ആദിമ ക്രിസ്ത്യാനികൾ ദൈവകൃപയ്ക്കു വളരെ അധികം പ്രാധാന്യം കല്പിച്ചിരുന്നു. പൗലോസ് ബർന്നബാസ്, ശീലാസ് തുടങ്ങിയവർ ദൈവകൃപയുടെ ശുശ്രൂഷക്കാരായിരുന്നു.

“കൃപ” എന്ന വാക്കിന്റെ അർത്ഥം അർഹതയില്ലാത്ത സ്ഥാനത്ത് ലഭിക്കുന്ന ആനുകൂല്യം അഥവാ ദാനം. ദൈവകൃപ എന്നാൽ പാപികളും ന്യായവിധിയ്ക്കു യോഗ്യരും ആയിരുന്ന മനുഷ്യവർഗ്ഗത്തെ സ്നേഹത്തോടെ കടാക്ഷിച്ചു മനുഷ്യർക്കു പാപക്ഷമ നൽകുന്നു. കൂടാതെ ദൈവത്തിന്റെ പ്രാപ്തി നൽകുന്ന ശക്തിയെന്നും ഇതിനു അർത്ഥമുണ്ട്. പൗലോസ് ഈ ലേഖനം എഴുതുന്നത് യവനസംസ്കാരത്തിന്റെ പശ്ചാത്തലത്തിനും ആ സംസ്കാരം കൊടികുത്തി വാഴുന്ന കാലത്തുമായിരുന്നു, ആ കാലത്ത് യവനായ സംസ്കാരത്തിൽ നിന്നും വിശ്വാസത്തിൽ കടന്നുവരുന്നവർ സഭയുടെ അംഗങ്ങളും വിശ്വാസികളുമാകുമ്പോൾ തെരുവീഥികളിൽ പരസ്പരം കണ്ടുമുട്ടുമ്പോഴും കാരീസ് (Charis) എന്നു പറഞ്ഞാണ് വന്ദനം പറയുന്നത്. അതിന്റെ അർത്ഥം കൃപ എന്നാണ്. കാരണം ദൈവം തരുന്ന

08

## നോവൽ 1

# കാൽവറിയുടെ ഉയരങ്ങൾ

പുതിയ നോവൽ ആരംഭിക്കുന്നു



സുനിൽ വർഗീസ്,
ബാംഗ്ലൂർ

കുറിപ്പ്: സുവിശേഷീകരണത്തിന്റെ ഇന്നലകളിലെവിടെയോ നടന്ന ഈ കഥയിലെ ഒരോ പ്രഭാതങ്ങൾക്കും നമ്മുടെ ചുറ്റുപാടുകളിൽ നാം കണ്ടു മറന്ന പല സുവിശേഷകരുടേയും ജീവിതത്തിന്റെ ഗന്ധമുണ്ട്. എന്നാൽ ഈ കഥയിലെ കഥാപാത്രങ്ങളും ദേശവും ദേശനിവാസികളുടെ ഭാഷാശൈലിയും തികച്ചും സാങ്കൽപികം മാത്രമാണ്.

**ആൽബർട്ട്** പതിവില്ലാതെ ആ രാത്രിയിൽ ഞെട്ടി ഉണർന്നു.

വല്ലാത്ത ചൂരുള്ള, നിറയെ ഭസ്മവും ചോരയും വാരിപൊത്തിയ ഒരു രൂപം താഴ്‌വാരങ്ങളിലൂടെ അവനെ ഓടിയ്ക്കുകയായിരുന്നു. പാറയിടുക്കുകൾ കടന്ന് നീർച്ചാലിലെ കളകളാരവം ശ്രദ്ധിക്കാതെ പ്രാണഭയത്തോടെ പായുമ്പോൾ, നേരെ മുൻപിലായി കൊടുവാളേന്തി ഒരു രൂപം ഉറയുന്നത് കണ്ട് അവൻ കിതച്ച് ഭയന്ന് നിന്നു. പിറകിലൂടെ ഓടിയടുത്തത് ആൽബർട്ടിലേക്ക് കുതിയ്ക്കുന്നു.

വിയർത്ത് കുളിച്ച് എഴുന്നേറ്റിരുന്നപ്പോൾ നേർത്ത അബോധത്തിലെന്ന പോലെ അവൻ പിറുപിറുക്കുന്നുണ്ടായിരുന്നു.

പിന്നെ, അവന് താൻ കണ്ടത് സ്വപ്നമാണെന്ന് മനസ്സിലാവുകയും മെല്ലെ യേശുവിന്റെ നാമം പറഞ്ഞ് വിങ്ങുകയും ചെയ്തു. ഉറക്കം തുടർന്ന് ആൽബർട്ടിലേക്ക് പടർന്നില്ല. അല്ലെങ്കിൽ തന്നെ പ്രാർത്ഥനയുടെ നിഗൂഢവഴികളിലൂടെ, ദൈവസാന്നിദ്ധ്യത്തിനായി ചെല്ലവെ പ്രപഞ്ചത്തിൽ താനും പിതാവും മാത്രമേയുള്ളൂ എന്ന തോന്നലായിരുന്നു അവന്.

ഇപ്പോൾ പുറത്ത് വെള്ളപടർന്നു തുടങ്ങുന്നു.

പുലരിയുടെ ആദ്യശബ്ദങ്ങൾക്കായി ആൽബർട്ട് കാതോർത്തു.

ദൈവമഹത്വം വെളിപ്പെടാനായി അവൻ പൊഴിച്ച കണ്ണീരുകൾ പായിൽ അലിഞ്ഞു ചേരുന്നുണ്ടായിരുന്നു. വർഷങ്ങൾക്ക് മുൻപാണയാൾ ശലോമോൻ രാജാവിന്റെ മുൻപിൽ ഇടിഞ്ഞിറങ്ങിയ ദൈവത്തിന്റെ ഷെക്കേന തന്നിലും സംഭവിക്കണമെന്ന് പ്രർത്ഥിച്ചു തുടങ്ങിയത്.

വർഷങ്ങൾക്ക് മുൻപ്

ആൽബർട്ടിൽ നേരിയ ഒരു ചിരി പാളി വീണു.

തലയിണയുടെ അരികിലായി വെച്ചിരിക്കുന്ന വോക്മാൻ എടുത്ത്, ആ കുടിലിന്റെ മൂലയിലായി മണ്ണിൽ തീർത്ത അടുപ്പിനരികിലേക്ക് അയാൾ നടന്നു.

പഴയൊരു ക്രൈസ്തവഗാനം വോക്മാനിലെ ചെറിയ സ്പീക്കറിലൂടെ ഒഴുകുമ്പോൾ അയാൾ അടുപ്പിൽ തീ പൂട്ടി.

കാസറ്റ് വലിയുന്നു.

കഴിഞ്ഞ ദിവസം ചെറുമന്റെ കുട്ടികൾ എടുത്ത് എങ്ങനെയോ കേടാക്കിയതാണ്.

അയാൾ പാട്ട് നിർത്തി, കുടിലിന് പുറത്തുള്ള ശബ്ദങ്ങൾക്കായി കാതോർത്തു.

പാത്രങ്ങൾ ഏണിലേറ്റി വെള്ളത്തിനായി കുന്നിറങ്ങി പോകുന്ന പെണ്ണുങ്ങളുടെ ഇരമ്പൽ, ചെമ്മൺ റോഡിലൂടെ തടിച്ചക്രം ഉരുളുന്നതിന്റെ താളാത്മകത. കോയിന്ദന്റെ കാളവണ്ടി പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ഓ, മാതേവനും ഉണർന്നിരിക്കുന്നു.

അല്ലെങ്കിലും അവൻ അങ്ങനെയാണ്.

രഹസ്യങ്ങൾ പോലും അലറിവിളിച്ചാണ് പറയുക. മറ്റാർക്കും ചെവി കേട്ടു കൂടാ എന്ന ഭാവത്തിലുള്ള ആ സംസാരശൈലി ആദ്യമൊക്കെ ആൽബർട്ടിന് അരോചകമായി തോന്നിയിരുന്നു.

കതകിലാരോ തള്ളുന്നു

ആൽബർട്ട് ശബ്ദങ്ങളെ വിവേചിക്കുന്നത് നിർത്തി, തിരിഞ്ഞ് വാതിൽക്കലേക്ക് നോക്കി. ചെറ്റവാതിൽ കുലുങ്ങുന്നു.

ദൈവം കുട്ട്യേ......ദൈവം കുട്ട്യേ.....

ചെറുമനാണ്. നീലമുടിയിലെ ആദ്യ നാളുകളിൽ, ആദ്യഫലമായി മാറിയ ചെറുമൻ. തിളച്ച വെള്ളം പൊടിയിട്ട് താഴെ ഇറക്കി വെച്ചിട്ടയാൾ വാതിൽക്കലേക്ക് നടന്നു.

വാതിൽ എടുത്ത് ഒരു വശത്തേക്ക് നീക്കി വെച്ചപ്പോൾ സംഭ്രമത്തോടെ നിൽക്കുന്ന ചെറുമനെയാണ് കണ്ടത്.

എന്താ ചെറുമാ, കിതയ്ക്കുന്നുണ്ടല്ലോ?

ഒന്നുമറിവേല ദൈവം കുട്ടീ...., മലമുത്തി കോവിച്ചിരിക്കന്യാ...തേങ്ങിപ്പോൽ മൂപ്പനും...

മൂപ്പന് എന്തുപറ്റി?

ഞാ അന്നേ പറഞ്ഞതല്ലേ, ദൈവം കുട്ടി പറയുന്നതുപോലെല്ലാന്ന്. മുത്തി ശരിക്കും മുത്ത്യാന്ന്. ഞങ്ങടെ മുത്തിക്കിപ്പോ കുരുതീം ഒന്നും കൊടുക്കാത്തോണ്ടാ ഈ പകന്നാ കുമ്മാശ്ശൻ ഇന്നലേം തുള്ളി പറഞ്ഞേ...

കിതപ്പൊതുക്കിയാണ് ചെറുമൻ പറഞ്ഞ് നിർത്തിയത്.

അവന്റെ കണ്ണുകൾ ചുവന്നിരുന്നു. അതിൽ ഭീതിയുടെ നിഴലാട്ടം. ഇന്നലെ വൈകിട്ടാണ് കേൾക്കുന്നത്, നീലമുടിയിലും വസൂരി പടരുന്നതായി. കാലാവസ്ഥ മാറിയതാണ് കാരണമെന്ന് പറഞ്ഞാൽ ആർക്കും മനസ്സിലാകുകയില്ല.

മുത്തിയുടെ ശാപമാണത്രെ! പ്രസാദിപ്പിച്ചില്ലെങ്കിൽ വസൂരിയുടെ വിത്ത് വിതറുന്ന ദേവി.

തെക്കേ ചായ്‌വിലെ കുട്ടങ്ങളിലൊക്കെ മുത്തി ശാപം കൊടുക്കുവല്ലേ?

ചെറുമൻ ആകാംഷയോടെ നോക്കുന്നു.

കുമ്മാശ്ശൻ പിന്നേയും മൂപ്പനെ അന്ധവിശ്വാസത്തിലേക്ക് വലിച്ചിഴച്ചിരിക്കുന്നു. മൂപ്പനെ ഭയമുള്ളവർ വൈകാതെ മൂപ്പന്റേയും കുമ്മാശ്ശന്റേയും പിറകേ ചെല്ലും.

നീലമുടിയിൽ യേശു പകർന്നു കൊണ്ടിരിക്കുന്ന പ്രകാശം അണയുകയാണോ?

കഴിഞ്ഞ രാത്രിയിൽ കണ്ട സ്വപ്നം ആൽബർട്ട് ഓർത്തു.

മുത്തി തന്നെ ഓടിക്കുന്നതായിട്ടാണോ സ്വപ്നം?

ധൈര്യം ചോരുമ്പോൾ ഉണ്ടാകാറുള്ള പരിഭ്രമം ആൽബർട്ടിൽ മെല്ലെ ഊറിക്കൂടാൻ തുടങ്ങി.

മുത്തി മലമുടിക്കാനായി പടച്ചിറങ്ങിയെങ്കി...?

താൻ നിശബ്ദനായി നിൽക്കുന്നത് കണ്ടാവാം ചെറുമൻ സംശയത്തോടെ നോക്കുന്നു.

ഇല്ല, ചെറുമാ... യേശു ദൈവം സമ്മതിക്കത്തില്ല. യേശുന്ന് നിങ്ങളെ എല്ലാവരേയും വേണം എന്ന് അറിയില്ലേ....? മുത്തിയെ യേശു ദൈവം തോപ്പിച്ചോളും..

ആൽബർട്ട് ചെറുമനോട് അങ്ങനെ പറയുമ്പോഴും അയാളിൽ ധൈര്യത്തിന്റെ തോത് കുറയുകയായിരുന്നു.

ചെറുമന്റെ ചുണ്ടിൽ ഒരു വരണ്ട പുഞ്ചിരിയുണ്ടാകുന്നു.

പിന്നെ, വൈകിട്ട് കൂട്ടം കൂടുമെന്ന് ചെറുമൻ ഇപ്പോ തന്നെ എല്ലാരോടും പറ..

സോത്തിരം

ആൽബർട്ട് പുഞ്ചിരിച്ചു.

രാവിലെ, ന്റെ കുടീന് മുമ്പിലൂടെ കരമ്പനാ പറഞ്ഞോണ്ടു പോയെ, മൂപ്പനെ അനുസരിക്കാതെ ആരേലും ദൈവം കുട്ടീടെ കൂട്ടത്തി പോയാ, പോകുന്നോരെ അപ്പോ തോന്നുന്നപോലെ കഷ്ടമാക്കി ശിക്ഷിക്കുമെന്ന്....

ശരിയാണ്... മൂപ്പൻ പണ്ട് ചെറുമനേയും മാതേവനേയും അവർ യേശുകർത്താവിനെ സ്വീകരിക്കും മുൻപ് ധാരാളം തല്ലിയിട്ടുണ്ട്. കാളവണ്ടിയിൽ കെട്ടി വലിച്ചിട്ടുണ്ട്. കുന്നിൻ പുറത്ത് മുത്തിക്കാവിലുള്ള വലിയ മരത്തോൽ തല കീഴായി കെട്ടി ഇട്ടിട്ടുണ്ട്. മൂപ്പൻ ദൈവകൃപയിൽ വന്നതോടെ നീലമുടി തന്റെ കൈകുമ്പിളിൽ ഒതുങ്ങി എന്ന് ആൽബർട്ടിന് തോന്നിയിരുന്നു.

കുറേക്കഴിഞ്ഞ് ഞാൻ ആ വഴി വരാം ചെറുമാ

ആൽബർട്ട് ചെറുമനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

താഴെയിട്ടിരുന്ന വടം എടുത്ത് തോളിലിട്ട് ചെറുമൻ ചരിവിറങ്ങുന്നത് നോക്കി നിൽക്കവേ ആൽബർട്ടിന്റെ ഉള്ളം പുകയുകയായിരുന്നു.

കതകു പഴയതു പോലെയാക്കി ആൽബർട്ട് തിരിഞ്ഞു.

പുറത്ത് വെയിൽ നാളങ്ങൾ മേഘക്കെട്ടുകൾക്കിടയിലൂടെ നൂണ്ട് വന്നു കൊണ്ടിരുന്നു.

കുടിലിന്റെ മൂലയിലായി തണുത്തു പോയ

10

## ചോദ്യോത്തര വേദി

# ക്രിസ്തുവിരുദ്ധ പുസ്തകങ്ങൾ വിജയിക്കുന്നതെന്തുകൊണ്ട്?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** തേവര സേക്രഡ് ഹാർട്ട് കോളേജിലും ദേവമാതാ കോളേജിലും ചരിത്രപ്രൊഫസറായി ജോലി ചെയ്തു വിരമിച്ച പ്രൊഫ. കെ. എം. ഏബ്രഹാം രചിച്ച 'യേശുക്രിസ്തു ക്രൂശിൽ മരിച്ചില്ല' എന്ന പുസ്തകം ഇപ്പോൾ വിപണിയിലുണ്ട്. ഒരെണ്ണം അയച്ചു തരുന്നു. വായിച്ചശേഷം അഭിപ്രായം അറിയിക്കുക

**-മാത്യു ജോസഫ്, എറണാകുളം**

**ഉത്തരം:** സാധാരണ കഴിവുകൾ മാത്രമുള്ള ഒരെഴുത്തുകാരൻ പെട്ടെന്നു പ്രശസ്തനാകാനുള്ള ഒരെളുപ്പവഴി **യേശുക്രിസ്തുവുമായി മത്സരിക്കുക** എന്നുള്ളതാണ്. അല്ലെങ്കിൽ യേശുവിനെ അധിക്ഷേപിച്ചൊരു പുസ്തകം ഇറക്കുക എന്നുള്ളതാണ്. വചനം കോട്ടിയും യേശുവിനെ കളിയാക്കിയുമുള്ള സാഹിത്യരചനയിൽ ആർക്കും ഇഷ്ടംപോലെ മുഴുകാം. സാധാരണഗതിയിൽ ഒന്നും സംഭവിക്കില്ല. 'അന്ത്യ പ്രലോഭന' മെഴുതിയ **കസന്ത്ദിസാക്കിസും** 'ഡാവിഞ്ചികോഡ്' എഴുതിയ **ഡാൻ ബ്രൗണും** ലോകപ്രശ്സതരും കോടീശ്വരന്മാരുമായി. എന്നാൽ മറ്റു മതങ്ങളോട് തൊട്ട് കളിച്ചാൽ അപകടമാണ്. ഒരു ചോദ്യക്കടലാസിൽ പടച്ചോനും ഭ്രാന്തനുമായുള്ള സംഭാഷണം ഉദ്ധരിച്ചപ്പോൾ ഭ്രാന്തന്റെ പേരു മാറ്റിയിട്ട തൊടുപുഴയിലെ പ്രൊഫസറുടെ അനുഭവം എല്ലാവർക്കുമറിയാം. എന്നാൽ ക്രിസ്ത്യാനികളുടെ **'പുതിയനിയമ'ത്തിൽ** ഒരിടത്തും വിശ്വാസത്തിന്റെ പേരിൽ യുദ്ധം ചെയ്യാൻ **കല്പനകളില്ല.** മാത്രമല്ല, യേശുവിനെ ദുഷിച്ചാലും യേശു ക്ഷമിക്കുമെന്ന് പറഞ്ഞിട്ടുണ്ട് (മത്തായി 12:32).

പ്രൊഫസർ കെ. എം. ഏബ്രഹാം തന്റെ പുസ്തകത്തിൽ യേശു എന്നൊരാൾ ജനിച്ചിട്ടില്ലെന്നും അങ്ങനെയൊരാൾ ജനിച്ചിരുന്നതായി ചരിത്രരേഖകളില്ലെന്നും അങ്ങനെയൊരാൾ ജീവിച്ചിരുന്നതായി ചരിത്രരേഖകളില്ലെന്നും വ്യക്തമായി എഴുതി സ്ഥാപിച്ചശേഷം, പിന്നീട് അതേ പുസ്തകത്തിൽ തന്നെ യേശു ജാരസന്തതിയായിരുന്നെന്നും, അത്ഭുത പ്രവർത്തകനായിരുന്നില്ലെന്നും, കുരിശിൽ മരിച്ചില്ലെന്നും ഉയർത്തില്ലെന്നും പറയേണ്ട കാര്യമില്ലല്ലോ! എന്റെ പറമ്പിൽ ഒരു മാവില്ലെന്നു സ്ഥാപിച്ചശേഷം, ആ മാവിൽ മാങ്ങായില്ലെന്നും അഥവാ മാങ്ങാ ഉണ്ടെങ്കിൽ അത് തിന്നാൻ കൊള്ളില്ലെന്നും പറഞ്ഞാൽ പ്രൊഫസറുടെ യുക്തിചിന്തയെക്കുറിച്ച് **കരയുകയേ മാർഗ്ഗമുള്ളൂ.**

ഗമാലിയേലിന്റെ ശിഷ്യനും ജ്ഞാനിയുമായിരുന്ന പൗലോസാണ് ക്രിസ്തുമതം സ്ഥാപിച്ചതെന്നു ഗ്രന്ഥകാരൻ സിദ്ധാന്തിക്കുന്നു. തന്റെ ബദ്ധശത്രുവായിരുന്ന യേശുവിന്റെ പേരിൽ പൗലോസ് ഒരു മതം സ്ഥാപിക്കാൻ ഇറങ്ങി പുറപ്പെട്ടതിന്റെ കാരണം അദ്ദേഹം വിശദീകരിച്ചത് പൗലോസിന് ഭ്രാന്തായിരുന്നു എന്നാണ്.

ലോകചരിത്രത്തിൽ നിന്നോ റോമൻ ചരിത്രത്തിൽ നിന്നോ വ്യക്തമായി കണ്ടെത്താവുന്ന വ്യക്തികളല്ല **പൗലോസും ഗമാലിയേലും.** ചരിത്രപ്രൊഫസറായ ഗ്രന്ഥകാരൻ ബൈബിളിൽ നിന്നല്ലേ പൗലോസിനെയും ഗമാലിയേലിനെയും കണ്ടെത്തിയത്. അങ്ങനെയെങ്കിൽ ബൈബിളിൽ എഴുതിയിരിക്കുന്ന ഏതെല്ലാം കാര്യങ്ങൾ വിശ്വസിക്കണം, ഏതെല്ലാം കാര്യങ്ങൾ വിശ്വസിക്കരുത് എന്നു ഏബ്രഹാം തിരിച്ചറിഞ്ഞതെങ്ങനെ? വേദപുസ്തകത്തിലെ **ക്രിസ്തുവിന്റെ വിപ്ലവശൈലി** തങ്ങൾ ഉൾക്കൊള്ളുന്നുവെന്നു കേരളത്തിലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ ഈയിടെ പറഞ്ഞിരുന്നു.

ഞാൻ പ്രൊഫസറുമായി ഫോണിൽ സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ക്രിസ്ത്യാനികളാണ്. അധർമ്മം പെരുകുന്ന ഈ ഭൂമിയിൽ വിശ്വാസം വളർത്തിയെടുക്കുക എളുപ്പമുള്ള പ്രക്രിയയല്ല. എന്നാൽ വിശ്വസിക്കുന്ന കാര്യങ്ങളിൽ സംശയം ജനിപ്പിക്കുക എളുപ്പമാണ്. ഭേദപ്പെട്ട ഒരു മാർഗ്ഗം പ്രൊഫസർക്ക് ചൂണ്ടികാണിക്കാനില്ലാതെ, സമാധാനത്തിലും സന്തോഷത്തിലും കഴിയുന്നവരെ അസ്വസ്ഥരാക്കുന്നത് മനുഷ്യസേവനമല്ല, ധാർമ്മികമല്ല മറിച്ച് മനുഷ്യദ്രോഹമാണ്.

പ്രൊഫസർ ഈ **കുഴഞ്ഞ** അവസ്ഥയിൽ വന്നത് (യുക്തിയോ, ബുദ്ധിയോ, വിശ്വാസമോ, ഇല്ലാത്ത അവസ്ഥയിൽ) വല്ല **ബാധ** കൂടിയതോ അതോ മതമേലാധികാരികളിൽ നിന്നുണ്ടായ ചില തിക്താനുഭവങ്ങളുടെ ഫലമാണോ എന്ന് തീർച്ചപ്പെടുത്താൻ കഴിയുന്നില്ല. ക്രിസ്തു ജീവിച്ചിരുന്ന വ്യക്തിയല്ല എന്നു തെളിയിക്കുവാൻ ശ്രമിച്ച എ. റ്റി. കോവൂരിനും ഇടമറുകിനും ക്രിസ്തീയ വിശ്വാസമുള്ള മാതാപിതാക്കളാണുണ്ടായിരുന്നത്. ഒടുവിൽ കോവൂരും ഇടമറുകും ക്രിസ്തുവിനെയും വേദപുസ്തകത്തെയും തള്ളിപ്പറഞ്ഞ് നിരീശ്വരവാദികളായി.

എല്ലാ തരത്തിലുള്ള മതവിശ്വാസികളും നിരീശ്വരവാദികളും യേശുക്രിസ്തു എന്ന ചരിത്രപുരുഷനെ അംഗീകരിക്കുന്നുണ്ട്. കാരണം, ഏതു രാജ്യത്തുള്ള ബാങ്കിലാണെങ്കിലും മുസ്ലീം, ഏബ്രായ, ഇൻഡ്യൻ കലണ്ടർ പ്രകാരമുള്ള തീയതിവെച്ച് ചെക്ക് (Cheque) കൊടുത്താൽ ബാങ്കുകൾ സ്വീകരിക്കുകയില്ല. കർത്താവായ യേശുവിന്റെ നാമത്തിലുള്ള തീയതി വെച്ച് Cheque കൊടുത്താൽ മാത്രമേ ബാങ്കുകൾ സ്വീകരിക്കുകയുള്ളൂ. ചെക്ക്എഴുതുമ്പോൾ ദിവസവും മാസവും കഴിഞ്ഞ് വർഷം 2014 എന്ന് എഴുതുമ്പോൾ, കർത്താവിന്റെ നാൾ തൊട്ട് 2014 വർഷം എന്നാണ്.

A.D. എന്നത് Anno Domini എന്ന ലത്തീൻ വാക്കാണ്. Anno Domini എന്നു പറഞ്ഞാൽ In the year of the Lord.

*അടിക്കുറിപ്പ്: യേശു 30 വയസ്സുവരെ ഇന്ത്യയിൽ യോഗാഭ്യാസം പഠിക്കുകയായിരുന്നു എന്ന് പ്രഖ്യാപിച്ച പുലിക്കുന്നേൽ സാർ, പ്രൊഫസറിന്റെ സുഹൃത്താണെന്നുകൂടി ഫോണിൽകൂടി, സംഭാഷണം മദ്ധ്യേ പറഞ്ഞിരുന്നു.*

*ലോകപ്രശസ്തനായ, ക്രിസ്ത്യൻ പേരുള്ള വർഗീസ് കുര്യന്റെ (അമുൽ കുര്യന്റെ) ശവസംസ്കാരം ഹിന്ദു ആചാരപ്രകാരം ഗുജറാത്തിൽ നടത്തി.*

*ലോകപ്രശസ്തനായ ക്രിസ്ത്യൻ പേരുള്ള പാട്ടുകാരൻ യേശുദാസ് മനഃസമാധാനത്തിനും വളർച്ചയ്ക്കും വേണ്ടി ക്ഷേത്രങ്ങളിലെല്ലാം കയറിയിറങ്ങുന്നു.*

*യേശു വിവാഹിതനായിരുന്നെന്ന് പുരാതനരേഖയുണ്ടെന്ന് പറഞ്ഞ് ഹാവാർഡ് സർവ്വകലാശാലയിലെ വനിത പ്രൊഫ.* ***കാരേൻ കിങ്ങ്*** *പുതിയ അവകാശവാദമായി ലോകത്തിൽ പ്രശസ്തയാകാൻ ശ്രമിച്ചിരുന്നു (മലയാള മനോരമ 29/9/2012).*

*വിനയ ചന്ദ്രൻ എന്ന മലയാള കവി മഗ്ദലമറിയത്തെ കഥാനായികയാക്കിയപ്പോൾ സക്കറിയ എന്ന കഥാകൃത്ത് ലാസറിന്റെ ഒരു സഹോദരിയായ മറിയെയാണ് ക്രിസ്തുവിന്റെ കാമുകിയായി കണ്ടെത്തിയത്. കർത്താവിന്റെ ദീർഘക്ഷമയാൽ രണ്ടുപേരും പണക്കാരും പ്രശസ്തരുമാണ്. കവി തന്റെ രണ്ടാമത്തെ പുനരുത്ഥാനത്തിൽ ഉയർത്തെഴുന്നേൽക്കാൻ വേണ്ടി, ന്യായമായ വിധിക്കുവേണ്ടി കഴിഞ്ഞ വർഷം മരിച്ചു.*

## 12 മാധ്യമവിചാരം....

ക്കൂടി സ്വീകാര്യമായ സ്ഥലം എന്ന് സംഘാടകരോട് പറഞ്ഞിട്ട് ഫോൺ ഓഫാക്കി ചെറുവക്കലിനുവണ്ടി കയറുന്ന പതിവ് വരും വർഷമെങ്കിലും റ്റി. ഡി. ബാബു മാറ്റിയിരിക്കണം. കോശി വൈദ്യനെക്കുറിച്ച് കൂടുതൽ എഴുതാൻ പാകത്തിന് എനിക്ക് അദ്ദേഹത്തെ പരിചയമില്ല. ആത്മാവിന്റെ വിറയൽ എന്ന പരിപാടി നിർത്തിയാൽ അദ്ദേഹം പറയുന്നത് കുറേക്കൂടി ശ്രദ്ധിക്കാനാവും. അതുകൊണ്ട് എഴുതിയെന്നുമാത്രം. റ്റി. ഡിയോ ബാബു ചെറിയാനോ എന്റെ ചിന്തയിൽ നിന്ന് ഒഴിവാക്കാനാവുന്ന പ്രസംഗകരല്ല. ഒരു വ്യക്തിയെന്ന നിലയിൽ ഈ ലേഖകനെ അവർ സ്വാധീനിച്ചിട്ടുണ്ട്. കോശി വൈദ്യനാകട്ടെ ആദ്യകേൾവിയിലേ മുഷിപ്പിച്ചുകളഞ്ഞു. മാത്രമല്ല റ്റി. ഡിയും ബാബു ചെറിയാനും ആത്മാവിന്റെ പേരിൽ എന്തെങ്കിലും ജാലവിദ്യകൾ പുറത്തെടുക്കുന്നവരുമല്ല. തികച്ചും ആത്മാർത്ഥയുള്ള പ്രസംഗകരാണവർ. ഈ കുറിപ്പിന് താഴെപറയുംവിധം ഒരു അനുബന്ധകുറിപ്പെഴുതി നിർത്താം.

1. റ്റി. ഡി. കഴിവതും ഒരേസമയം രണ്ടുപ്രോഗ്രാം പിടിക്കരുത്. അബദ്ധം പറ്റിയാൽ താരതമ്യേന ചെറിയ സ്റ്റേജിൽ പോകണം, ന്യൂജനറേഷൻ വേദികളെ സൂക്ഷിക്കുക. അലിഗറി ഒഴിവാക്കുക.

2. ബാബു ചെറിയാൻ മല്ലപ്പള്ളിയിലും മാവേലിക്കരയിലുമായി പതിവായെത്തുന്ന ന്യൂജനറേഷൻ വേദികളെകുറിച്ചു ബോധവാന്മാരായിരിക്കുക. അവിടെയെത്തേണ്ടി വന്നാൽ ഉറച്ചു നിലപാടിൽ സംസാരിക്കുക.

3. കുമ്പനാട് കൺവൻഷനിൽ പ്രതിക്ഷയർപ്പിച്ച പ്രസംഗകരിൽ ബി. മോനച്ചൻ പരാജയമായി. രാജു മേത്ര, തോമസ് ഫിലിപ്പ് വെൺമണി തുടങ്ങിയവർ നന്നായി പ്രസംഗിച്ചു. ആരും പ്രതീക്ഷയർപ്പിക്കാത്ത ഷിബു നെടുവേലിൽ പ്രതീക്ഷയ്ക്കപ്പുറത്തെത്തി അമ്പരിപ്പിച്ചു. ചർച്ച് ഓഫ് ഗോഡിൽ റ്റി. വി. ജോർജ്ജിനെ രണ്ടു സെക്ഷനുകളിൽ പ്രസംഗിക്കാൻ അനുവദിച്ചത് കൊലച്ചതിയായി. ഒന്നു സഭായോഗത്തിൽ കൂടി ആണെന്ന് ഓർക്കുക! ചർച്ച് ഓഫ് ഗോഡ് എവിടെയെത്തിനിൽക്കുന്നു? എവിടെയും പ്രോഗ്രാമില്ലാത്ത ആളുകളെ തിരഞ്ഞുപിടിച്ച് പ്രസംഗിപ്പിക്കുന്ന പതിവുശൈലി റീജിയൻ നിലനിർത്തി. ഇതിനൊരു അപവാദം ബെൻസൻ മത്തായിയായിരുന്നു. ബാക്കിയുള്ളവർ സമഗ്രമായി നേതാക്കന്മാർ സ്വന്തം ചിലവിൽ മുഷിപ്പൻ പരിപാടികളും പ്രസ്താവനകളുമായി പാക്കിൽ സഭയുടെ മുഖമുദ്ര നിലനിർത്തി.

ക്ഷമാപണം: കഴിഞ്ഞ ലക്കത്തിൽ തിരുത്തലും പെന്തക്കോസ്ത് വിശ്വാസശാക്തീകരണവും ലക്ഷ്യമിട്ടുമാത്രം നടത്തിയ നിരീക്ഷണത്തിൽ പ്രായോഗികമായ ഒരു പാളിച്ചപ്പറ്റി. വിമർശനവിധേയരാക്കിയവരെ പ്രാഥമികമായ നേരിട്ട് ബന്ധപ്പെട്ട് കാര്യം ബോധ്യപ്പെടുത്താനായില്ല. ഇനി അതിനു തുനിയും. നിർദ്ദേശം നൽകിയ കോശി വൈദ്യനു നന്ദി.

## 01 പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ജനാധിപത്യത്തിന്റെ ....

പ്പുള്ളതാണ്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപൂരിൽ അസോസിയേറ്റ് പ്രൊഫസർ ആയ റോബർട്ട് വുഡ്ബെറി അമേരിക്കൻ പൊളിറ്റികൾ സയൻസ് റിവ്യൂയിൽ പ്രസിദ്ധീകരിച്ച "The missionary Roots of Liberal Democracy" എന്ന പഠനത്തിനാധാരമായി വന്നതാണ് മുകളിൽ സൂചിപ്പിച്ച ഫീച്ചർ.

പത്തൊമ്പതാം നൂറ്റാണ്ടിൽ വിവിധ ദേശങ്ങളിലേക്ക് പ്രേഷിത പ്രവർത്തനത്തിന് പോയ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ തങ്ങൾ ചെന്നെത്തിയ ദേശത്ത് ജനങ്ങളെ സുവിശേഷ സത്യത്തിലേക്ക് നയിക്കുമ്പോൾ തന്നെ ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഒരു പരിഷ്കൃത സമൂഹത്തിന് അടിസ്ഥാനമിട്ടു എന്ന് ഈ പഠനത്തിൽ വുഡ്ബെറി സമർത്ഥിക്കുന്നു. ഈ മിഷനറിമാർ അധിനിവേശത്തിന്റെയും കോളനി വാഴ്ചയുടേയും വക്താക്കൾ ആയിരുന്നില്ല എന്നും പകരം ഇവർ കോളനി വാഴ്ചയ്ക്ക് എതിരായിരുന്നു എന്നും ചില ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഗവേഷകൻ വാദിക്കുന്നു. നൂറ് കണക്കിന് രാജ്യങ്ങളിൽ 50-തിൽ പരം ഗവേഷണ സഹായികളുടെ പ്രയത്നത്താൽ ആണ് റോബർട്ട് വുഡ്ബെറി തന്റെ പഠനം അമേരിക്കൻ പൊളിറ്റിക്കൽ സയൻസ് റിവ്യൂയിൽ 2012 മേയ് മാസം പ്രസിദ്ധീകരിച്ചത്. സാമൂഹ്യ ശാസ്ത്രജ്ഞന്മാരിൽ നിന്ന് അംഗീകാരം നേടിയ ഈ പഠനത്തിന്റെ വിശ്വാസ്യത ഏകദേശം മറ്റ് 12 പഠനങ്ങൾ വഴിയായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

മിഷനറിമാർ പ്രചരിപ്പിച്ച അച്ചടിവിദ്യയും പത്രമാസികളും അതത് ദേശങ്ങളിലെ ജനങ്ങളെ പരോക്ഷമായി സഹായിച്ചു. ദൈവവചനം പ്രചരിപ്പിക്കാൻ ആണ് മിഷനറിമാർ അച്ചടി വിദ്യയും പുസ്തകമാസിക പ്രസാധനവും നടത്തിയത്. ഇത് ജനങ്ങളെ വളരെ സ്വാധീനിച്ചു. മാത്രമല്ല മിഷനറിമാർ ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വഴി സാധാരണക്കാർ കൂടുതൽ പ്രബുദ്ധരാവുകയും തങ്ങളുടെ സ്വാതന്ത്ര്യത്തെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും ബോധവാന്മാരായി.

അക്ഷരാഭ്യാസവും വിദ്യയും സമൂഹത്തിന്റെ ഒരു ഭാഗം ജനങ്ങൾക്കിടയിൽ മാത്രമായി ഒരുങ്ങിയപ്പോൾ മിഷനറിമാർ ആരംഭിച്ച സാർവത്രിക വിദ്യാഭ്യാസം വഴി പൊതുജനങ്ങൾ സംസ്കാരശീലരാവുകയും സമൂഹം കൂടുതൽ പരിഷ്കൃതമാകുകയും ചെയ്തു. ഇതുമൂലം അവകാശങ്ങൾ നേടിയെടുക്കാനും ജനാധിപത്യത്തിൽ അടിസ്ഥാനമായ ഒരു സമൂഹം സൃഷ്ടിച്ചെടുക്കാനും കഴിഞ്ഞു. ചൈനയിൽ കറുപ്പിന്റെ വ്യാപാരത്തിനെതിരായും ഇന്ത്യയിൽ സതിക്കെതിരായും മിഷനറിമാർ നടത്തിയ പ്രവർത്തനങ്ങൾ ചരിത്രസത്യങ്ങളാണ്. കാതോലിക്കാ രാജ്യങ്ങളിൽ നിന്നുള്ള മിഷനറിമാരേക്കാളും പ്രൊട്ടസ്റ്റന്റ് രാജ്യങ്ങളിൽ നിന്നുള്ള മിഷനറിമാരാണ് ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് സഹായമായത് എന്ന് ചില രാജ്യങ്ങളുടെ താരതമ്യ പഠനംവഴി വുഡ്ബെറി വാദിക്കുന്നു. ആത്മീകമായും അക്ഷരാർത്ഥത്തിലും ലോകത്തിന്റെ ഉപ്പും വെളിച്ചവുമായ ക്രൈസ്തവ മിഷനറിമാരെപ്പറ്റി അടുത്തിടെ ദലൈലാമ പറഞ്ഞിതിങ്ങനെ, "ക്രൈസ്തവ മിഷനറിമാർ വിദ്യാഭ്യാസത്തിലും ആരോഗ്യപരിരക്ഷയിലും ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും ഏറ്റവും മഹത്തരമായ സേവനം കാഴ്ച വെക്കുന്നു".

റ്റോമില ലാറ്റീന, ലുല്ലിറ്റ് ഗെറ്റായീവ് തുടങ്ങിയ ഗവേഷകർ ജനാധിപത്യവും സ്ത്രീ സാക്ഷരതയും ഇന്ത്യയിൽ വേരോടിക്കാൻ ക്രൈസ്തവ മിഷനറിമാർ വഹിച്ച പങ്കിനെപ്പറ്റി ബ്രിട്ടീഷ് ജേർണൽ ഓഫ് പൊളിറ്റിക്കൽ സയൻസിൽ ഒരു പഠനം പ്രസിദ്ധീകരിച്ചിരുന്നു. ഇവരുടെ പഠനങ്ങൾ റോബർട്ട് വുഡ്ബെറിയുടെ ഗവേഷണത്തിന് സാധുത നൽകുന്നു.

**കടപ്പാട്:** Themissionary roots of Liberal Democracy, Published in Americnl Political Science Review Vol- 106 No -2

## ഉപവാസ പ്രാർത്ഥന

**തിരുവനന്തപുരം:** ചേങ്കോട്ടുകോണം ഐ. പി. സി.യിൽ ഫെബ്രുവരി 28,മാച്ച് 1, 2 തീയതികളിൽ ഉപവാസ പ്രാർത്ഥന നടക്കും. ഇവാ. ബിനു തമ്പി ശുശ്രൂക്ഷിക്കും. സഭാശുശ്രൂഷകൻ പാ. പൗലോസ് തോമസ് നേതൃത്വം നൽകും.

ലേഖനം



റെജി പോൾ
ഷാർജ

# അനാത്മിക സർക്കസ്സു കൂടാരങ്ങൾ

കരിങ്കുരങ്ങ് രസായനത്തിനു പ്രസ്തുത നിർഭാഗ്യ വന്യജീവിയുമായി യാതൊരു ബന്ധവുമില്ലാത്തത് പോലെ ദൈവം ഇസ്രായേലിനും സഭക്കും കല്പിച്ചു നൽകിയ ഉപവാസം എന്ന ശ്രേഷ്ഠമാർഗം ഇന്ന് നാടായ നാടൊക്കെ കൊട്ടിഘോഷിച്ച് പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുമ്പോൾ എല്ലായിടത്തും പ്രസംഗിക്കാൻ ഓടുന്ന ദാസന്മാരെയും പങ്കെടുത്തു അനുഗ്രഹം പ്രാപിക്കാൻ ഓടി ക്ഷീണിക്കുന്ന ആടുകളെയും കാണുമ്പോൾ സഹതാപം എന്ന സാമാന്യ വികാരം അടക്കി വെയ്ക്കാൻ തോന്നുന്നില്ല. ഉപവാസം എന്നാൽ ലോകത്തിൽ നിന്ന് വേർപെട്ട് ദൈവസന്നിധിയിൽ ഇരിക്കുക എന്നാണെന്ന് പറഞ്ഞാണ് പ്രബോധനരംഭം. പക്ഷെ പിന്നങ്ങോട്ട് ഉപവാസം ഒഴികെ സകല വിഷയങ്ങളും കയറിയിറങ്ങി വരുന്നത് കണ്ടുകൊണ്ട് ആശയക്കുഴപ്പമുണ്ടായാൽ അങ്ങനെയുള്ളവർക്ക് ആത്മാവിന്റെ നടത്തിപ്പില്ല എന്ന കുറവുണ്ട് എന്നതുറപ്പ്. സഭയുടെ അംഗബലവും ഫണ്ടും ശുശ്രൂഷകന്റെ കാര്യപ്രാപ്തിക്കുമനുസരിച്ചു മൂന്നു ദിവസം മുതൽ നാൽപതു വരെ നീട്ടാം. ഗൾഫിലൊക്കെ ഇരുപത്തൊന്നാണ് ഫാഷൻ. റാന്നിയിൽ അമ്പത് നൊയമ്പാണത്രെ. ഇത് കണ്ടു ചിലർ അമ്പത്തൊന്നും അറുപതുമൊക്കെ പദ്ധതിയിടുന്നതായി അറിഞ്ഞു. ഗിന്നസ്ബുക്കിൽ കയറാനായിരിക്കും ഒരു പക്ഷെ ഈ പാടൊക്കെ പെടുന്നത്. ജീവന്റെ പുസ്തകത്തിലില്ലെങ്കിലും ഗിന്നസ്സിലെങ്കിലും കയറിയെന്നു സമാധാനിക്കാമല്ലോ. ഇതൊക്കെ കണ്ടാകണം ദൈവം ഒരു വർഷത്തിനു മുന്നൂറ്ററുപത്തഞ്ചു ദിവസം മതിയെന്ന് തീരുമാനിച്ചത്. അതിനപ്പുറത്തേക്ക് ആരും ഉവ്വാസം നീട്ടില്ലല്ലോ. ഏതായാലും നടത്തിപ്പുകാരുടെയൊന്നും ബാങ്ക് ബാലൻസ് ഒട്ടും ശോഭ മങ്ങാതെ നിറവിലേക്ക് നടത്തപ്പെടുന്നതിനാൽ എല്ലാവർക്കും സന്തോഷം. ഈ സന്തോഷം കൊണ്ടാണെന്ന് തോന്നുന്നു, 'കാലത്തിലെ മാവും കലശത്തിലെ എണ്ണയും കുറയുകില്ല' എന്ന വരികൾ പാട്ടിനിടയിൽ കേൾക്കുമ്പോൾ ഇവരുടെ മുഖത്തൊരു സ്വകാര്യ ആത്മീയ പുഞ്ചിരി വിരിയുന്നത്. ഒരു കലക്കൻ ഉപവാസപ്രാർത്ഥന നടത്തിയിട്ട് വേണം കൊച്ചിനെ നല്ല നിലയിൽ കെട്ടിച്ചു വിടാൻ എന്ന് ഏതെങ്കിലും ദാസന്മാർ ആത്മഗതം ചെയ്താൽ കുറ്റം പറയാനുമാവില്ല. സഭകളെയും ശുശ്രൂഷകളെയും കച്ചവടച്ചരക്കാക്കുന്നതിനെക്കുറിച്ച് പ്രവാചകന്മാരും കർത്താവും പിന്നെ അപ്പൊസ്തലന്മാരും വിശദമായി മുന്നറിയിപ്പ് നൽകിയിട്ടും ഉപവാസത്തെ ഈ അന്ത്യകാലത്ത് വിൽപന ചരക്കാക്കുന്നതിനെക്കുറിച്ച് യാതൊരു പരാമർശവുമില്ലാത്തത് എന്തെന്ന് ഓർത്ത് ആശ്ചര്യപ്പെടാറുണ്ട്.

"ഉവ്വാസ പ്രാർത്ഥനാ സ്പെഷ്യലിസ്റ്റുകൾ" എന്നൊരു പ്രത്യേക ഇനം പ്രസംഗകന്മാർ തന്നെയുണ്ട്. മിക്കവാറും സഹോദരിമാർ മാത്രം പങ്കെടുക്കുന്ന ശുഷ്ക്കിച്ച പകൽ യോഗത്തിന് വളിപ്പു പ്രസംഗവും രാത്രിയിലെ ആൾക്കൂട്ടത്തിൽ വിളമ്പാൻ സ്വർഗം കുനിഞ്ഞു നോക്കുന്ന വചന പ്രഘോഷണവും ഒക്കെ ഇവരുടെ കയ്യിൽ ധാരാളം സ്റ്റോക്കുണ്ട്. "സഭ ഉപവസിച്ചു, ദൈവം പത്രോസിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിച്ചു". "പൗലോസും ശീലാസും കാരാഗൃഹത്തിൽ ആരാധിച്ചു, ദൈവം വിടുവിച്ചു" എന്നീ രണ്ടു വാക്യങ്ങളിൽ മാത്രം കടിച്ചു തൂങ്ങി തിരിച്ചും മറിച്ചും പ്രസംഗിച്ച് ലക്ഷങ്ങൾ ഉണ്ടാക്കി സിൽവർ ജൂബിലി ആഘോഷിച്ച അപാര മിടുക്കന്മാർ വരെ ഇവരുടെ ഇടയിലുണ്ട്.

എന്നാൽ ചില ദുഷ്ടന്മാർ അവിടെന്ന് പിന്നെ ഒന്നാം വാതിൽ, രണ്ടാം വാതിൽ ഏറ്റവും അവസാനം ഇരുമ്പു വാതിൽ തുടങ്ങിയ വിശദീകരണത്തിലൂടെ തകർത്തു കയറുമ്പോൾ ഇതൊക്കെ കേട്ട് തഴമ്പിച്ച വിശ്വാസി, വേണ്ട സമത്ത് വേഗത്തിലോടാത്ത ഭിത്തിയിലെ ക്ലോക്കിന്റെ മിനിട്ട് സൂചിയെ മനസ്സിൽ ശപിക്കുന്നു. ഇതൊക്കെ സഹിക്കുന്ന വിശ്വാസി, "ഇങ്ങനെ അനേക കഷ്ടങ്ങളിലൂടെ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കേണ്ടതാകുന്നു" എന്ന വചനമോർത്തു സ്തോത്രം പറയുന്നു. ഇപ്പറഞ്ഞ സ്തോത്രം തന്റെ പ്രസംഗത്തിൽ ആകൃഷ്ടനായിട്ടാണെന്ന് തെറ്റിദ്ധരിക്കുന്ന അതിഥി താരം പിന്നെയും പ്രസംഗം നീട്ടുന്നു. അങ്ങനെ പിശാചിനെ പേടിപ്പിക്കാൻ നടത്തിയ ഉവ്വാസം വിശ്വാസികളെ പേടിപ്പിച്ചവസാനിക്കുന്നു.

പതിവായി ഉപവാസപ്രാർത്ഥനയ്ക്ക് പോകുന്നവർക്ക് മനസ്സിലാകുന്ന ചില പ്രയോഗങ്ങളുണ്ട്. ഉദാഹരണത്തിന്, "ഞാൻ കമ്പിവാചകംപോലെ പറഞ്ഞു ഇരുന്നുകൊള്ളാം" എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം "ഞാൻ നിങ്ങളെയും കൊണ്ടേ പോകൂ" എന്നത്രെ. വീട്ടിൽ നടത്താനേക്കും. കട്ടൻകാപ്പിയിൽ തീരുമല്ലോ. ചിലരെങ്കിലും പ്രവാചകന്മാരെ കൊണ്ട് വരുന്നത് ഭവന പ്രാർത്ഥനയുടെ പ്രധാന ആകർഷണ ഘടകമായ ഫുഡ് ഇല്ലാത്തതിന്റെ കുറവ് തികക്കാൻ അത്രേ. മദ്രാസ് പട്ടണത്തിലെ ഓട്ടോറിക്ഷക്കാരൻ കാണിക്കുന്ന മെയ് വഴക്കത്തോടെ വിശ്വാസികളുടെ ഇടയിൽ പ്രത്യേകിച്ച് സഹോദരിമാരുടെ ഇടയിൽകൂടി സഞ്ചരിച്ചുകൊണ്ട് തലയിൽ കുലുക്കി പറയുന്ന ദൂതിന്റെ അത്രയും വരില്ലല്ലോ പൊറോട്ടയുടെയും ചിക്കന്റെയും രുചി. "ഇന്നിവിടെ ചിലത് നടക്കും. ദൈവപ്രവൃത്തി വെളിപ്പെടാൻ പോവുകയാണ്" എന്നൊക്കെ പറയുമ്പോൾ ആയിരം തവണ കേട്ടാലും വിവരം വെക്കാത്ത കുറെ ബലഹീന സഹോദരങ്ങൾ വികാരം കൊള്ളുമ്പോൾ മീറ്റിംഗ് പിന്നെ തന്നെത്താൻ കൊഴുത്തോളും.

ഏതായാലും ബെല്ലും ബ്രേക്കുമില്ലാതെ പോകുന്ന ഷാർജയിലെ മാമാങ്കങ്ങൾക്ക് ഈയിടെ ദൈവം തന്നെ സ്വർഗത്തിൽ നിന്ന് ബ്രേക്കിട്ടതുകൊണ്ട് കുറച്ചോരാശ്വാസം കിട്ടി. ആംഗലേയഭാഷയിലും കെട്ടിലും മട്ടിലുമുള്ള ടിക്കറ്റ് വെച്ചുള്ള പരിപാടികൾ, തമിഴകത്തെ സൂപ്പർ സ്റ്റാറിനെ വെല്ലുന്ന ഫ്ളെക്സ് ബോർഡുകൾ, പലവിധ നോട്ടീസുകൾ, പഴയകാലത്തെ നാട്ടിൻപുറത്തെ പ്രാദേശിക സർക്കസ്സുകാരുടെ സൈക്കിൾ യജ്ഞത്തെ ഓർപ്പിക്കുന്ന പ്രാർത്ഥനാ യജ്ഞം തുടങ്ങിയ അനാത്മിക സർക്കസ്സുകൾ കാണിച്ച് വിശ്വാസികളെ അവശതയിലാക്കിയ കുറേ പേരുടെ കലാപരിപാടികൾക്ക് കൂച്ച് വിലങ്ങുവീണത് നന്നായി. കഷ്ടപ്പെട്ട് ജോലി ചെയ്താൽ മാത്രം ജീവിക്കാൻ പറ്റുന്ന ഗൾഫ് രാജ്യങ്ങളിൽ പോലും ഈ മാതിരി ഇത്തിൾക്കണ്ണികൾ വളരുന്നതു അത്ഭുതം. ഇതിന്റെയൊക്കെ സംഘാടകർ മിക്കപേരും പ്രത്യേകിച്ച് ഒരു വേലയും ചെയ്യാതെ ഈമാതിരി പരിപാടി കൊണ്ട് ഉദരം ഭരിക്കുന്നവരാണെന്നത് ഒരു ദുഃഖസത്യം. "നിങ്ങൾ എന്റെ പിതാവിന്റെ ആലയത്തെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റി" എന്ന് പറഞ്ഞ് ചാട്ട എടുത്ത കർത്താവ് ഏതായാലും ചാട്ട കൂടാതെ അധികാരികളെക്കൊണ്ട് ചെറിയ ഒരു ശുദ്ധികലശം മാത്രം നടത്തിയതിൽ നിന്നൊരു കാര്യം വ്യക്തം: ദൈവം ദീർഘക്ഷമയുള്ളവനാണ് (എന്നാൽ നിത്യം ക്ഷമിക്കുന്നവനല്ല). വന്നു പോകുന്ന ബഹളക്കാരുടെയും വാണിഭക്കാരുടെയും ആധിക്യം കൊണ്ട് ക്ഷീണിച്ച, ഷാർജയിലെ ഒരു പ്രധാന ചർച്ച് ബിൽഡിംഗിന്റെ കെയർ ടേക്കർ പറഞ്ഞതുപോലെ, "ജോലിക്ക് കേറിയേ പിന്നെ ഇപ്പോഴാണ് യഥാർത്ഥ ദൈവപ്രവർത്തി കണ്ടത്. എന്തൊരു സമാധാനം. "നാട്ടിലൊരു വേലയും ചെയ്യാതെ ദുബായ് - ഷാർജ -അബുദാബി- റൂട്ടിൽ സ്ഥിരമായി ഷട്ടിൽ അടിക്കുന്ന സന്ദർശകരെക്കാൾ വേവലാതിപ്പോൾ ചില ശുശ്രൂഷകന്മാർക്കത്രേ. കാരണം ഇത്രയും നാൾ വന്നുപോകുന്നവർക്ക് എന്തെങ്കിലും ഒക്കെ കൊടുത്ത് പ്രസംഗിപ്പിച്ച് പ്രാർത്ഥിച്ചാരംഭിക്കുകയും ആശീർവാദം പറഞ്ഞവസാനിപ്പിക്കുകയും മാത്രം ചെയ്യുക വഴി "ആദ്യനും അന്ത്യനും" മാത്രമായി ഒതുങ്ങിക്കൂടിയ പല ശുശ്രൂഷകർക്കും ഇനി സ്വന്തമായി പ്രസംഗിക്കണമെന്ന് വന്നാൽ എന്തു കഷ്ടം. ഇനിയിപ്പോൾ ഒരു വഴിയേ ഉള്ളൂ. ഒന്നെങ്കിൽ മരത്തിന്റെ മുകളിലെ സക്കായിയെയും കുളക്കരയിലെ തളർവാതക്കാരനെയും കരടിയെ ഒറ്റയടിക്ക് കൊന്ന ദാവീദിനെയും വീണ്ടും പ്രസംഗിച്ച് ജനത്തെ കൊല്ലാകൊല ചെയ്യുക. എന്തു പ്രസംഗിച്ചാലും സ്വന്തം സഭയിലെ ശുശ്രൂഷകനല്ലേയെന്ന് ഓർത്ത് സ്തോത്രത്തോടെ പ്രോത്സാഹിപ്പിക്കുന്ന കുറേപേർ എല്ലായിടത്തുമുണ്ടല്ലോ. അല്ലെങ്കിൽ വീട്ടിലുള്ള കുട്ടിപട്ടാളത്തിന്റെ കൈയും കാലും പിടിച്ച് ഇന്റർനെറ്റ് തപ്പി എന്തെങ്കിലുമൊക്കെ എടുത്ത് ആടുകൾക്ക് വെള്ളിയാഴ്ച തിന്നാൻ കൊടുക്കുക. വിശ്വസനീയത വരാൻ ഇതിപ്പോൾ കിട്ടിയ വെളിപ്പാടാണെന്ന് പ്രസംഗത്തിനിടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കുകയും വേണം.

ഫറവോന്റെ സ്വപ്നത്തിന്റെ പശുക്കൾ കൂടുതൽ തിന്നുന്തോറും മെലിഞ്ഞുപോയ സ്ഥാനത്ത് ഉപവാസം കൂടുതൽ എടുക്കുന്തോറും അങ്ങയുടെ ശരീരം, പ്രത്യേകിച്ച് ഉദരഭാഗം ചീർത്തുവരുന്നതെന്തുകൊണ്ടെന്ന് ഒരു ദൈവദാസനോട് സംശയം ചോദിച്ചവന് കിട്ടിയ മറുപടിയുടെ ഗുണനിലവാരം കൊണ്ട് ചോദ്യകർത്താവിന്റെ ചെവിയുടെ പൊട്ടിയ പാട ഇതുവരെ ശരിയായില്ലെന്നാണ് കേൾക്കുന്നത്. അപ്പോഴാണത്രേ പ്രസ്തുത ശ്രേഷ്ഠദാസനെ ഭാഷാവരം മാത്രമല്ല സംസ്കൃതത്തിൽ ബിരുദാനന്തര ബിരുദമുള്ള കാര്യം ആ പാവത്തിനു പിടികിട്ടിയത്. മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുത് എന്ന കല്പന അനുസരിക്കാമെന്ന് വെച്ചാൽ അതിന് സമ്മതിക്കുകയില്ല എന്നുവന്നാൽ എന്താ ചെയ്യുക? പിന്നെ ഷാർജയിലും ദുബായിലുമൊക്കെയുള്ള ഉപവാസ പ്രാർത്ഥന നടക്കുന്ന ഏരിയായിലുള്ള കെ. എഫ്. സി., ഫ്രൂട്ട് ജ്യൂസ് വിൽക്കുന്നയിടത്തും ഉച്ചതിരിയുമ്പോഴേ ചില പരിചിത അഭിഷിക്ത തലകൾ കാണുന്നത് കാണാത്ത മട്ടിൽ നടക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എന്തിനാണ് ഉപവാസം പ്രഖ്യാപിച്ചത് എന്നോ നടത്തുന്നതെന്തിന് എന്നോ ഒരു ക്ലൂവുമില്ലാത്തവരാണ് മിക്ക സഭക്കാരും. "സഭയ്ക്ക് ആത്മീയ വർദ്ധനവ് ഉണ്ടാകുവാനും, ആത്മാക്കൾ കൂടി വരേണ്ടതിനും അത്രേ നമ്മുടെ ഉവ്വാസം". സഭയുടെ എന്നു പറഞ്ഞാൽ ആരുടെയാണാവോ? വ്യക്തിപരമായ വചനധ്യാനം, പ്രാർത്ഥന, വേർപെട്ട ജീവിതം ഇവ കൂടാതെ കുറേ മീറ്റിംഗിൽ പങ്കെടുത്താലോ പ്രസംഗം കേട്ടാലോ ആർക്കും ആത്മീയവർദ്ധനവ് ഉണ്ടാക്കിക്കൊടുക്കാമെന്ന് ഒരു വാഗ്ദത്തവും വചനത്തിലില്ല. മാത്രമല്ല, പുറത്തിറങ്ങി ഒരു മനുഷ്യനോടും സുവിശേഷം പറയാതെ അകത്തിരുന്ന് കസർത്ത് നടത്തിയാൽ ആത്മാക്കളെക്കൊണ്ട് തരാമെന്നും പറഞ്ഞിട്ടില്ല. പിന്നെ പരമാവധി നടക്കുന്നത് പലേടത്തും ചാഞ്ചാടി നിൽക്കുന്ന ആടുകളെ കിഡ്നാപ്പ് ചെയ്യൽ മാത്രം. "ബാക്കി എല്ലാവർക്കും ഉണ്ട്, അതുകൊണ്ട് നമുക്കുവേണം ഈ വർഷം ഉവ്വാസം" എന്ന തീരുമാനം ആണത്രേ പല സഭകളുടെയും പ്രചോദനം. എന്നിട്ട് അധികം ആരും പ്രസംഗിച്ച് വഷളാ

02

## കല്ലുകടി

### മാടപ്പള്ളി പ്രവാചകൻ ഗൈനക്കോളജിസ്റ്റായാൽ

സ്ത്രീജനങ്ങൾ അവരുടെ ശാരീരിക പ്രശ്നങ്ങളിൽ ഗൈക്കോളജിസ്റ്റിനെ സമീപിക്കാറുണ്ട്. പെൺകുട്ടികൾ സമീപിക്കുമ്പോൾ അവരുടെ ശാരീരികാവസ്ഥകൾ ഡോക്ടർ ചോദിച്ചു മനസിലാക്കാറുമുണ്ട്. സ്ത്രീകൾക്കുള്ള പതിവ് സംബന്ധമായി പ്രശ്നങ്ങൾ ഉള്ളവരും ഈ വിഭാഗം ഡോക്ടറെ കണ്ട് ഉപദേശം തേടാറുണ്ട്. പക്ഷേ ഡോക്ടർ രോഗികളെ തേടിപോകുന്ന പതിവ് നമ്മുടെ നാട്ടിലെങ്ങുമില്ല. എന്നാൽ ഇതാ വ്യത്യസ്തനായ ഒരു പ്രവാചകൻ താൻ സ്പെഷ്യലൈസ് ചെയ്തിരിക്കുന്നത് സ്ത്രീകൾക്കുള്ള പതിവ് രീതികളെ സംബന്ധമായ കാര്യങ്ങളിലാണ്. തന്റെ തലയിലാണ് ഭൂഗോളം ഇരിക്കുന്നത് എന്ന മട്ടിൽ നടക്കുന്ന സിസ്തും ഗുസ്തിയുമുള്ള ഇവൻ നാട്ടിലാകെ പ്രവാചക വേഷത്തിൽ നടക്കുന്നവനാണ്. സഭകളിൽ ചെന്ന് പ്രസംഗിക്കുന്നതിനിടയിൽ (പ്രസംഗിക്കുന്നതെന്താണ് എന്ന് തനിക്കുമറിയില്ല കേൾവിക്കാർക്കുമറിയില്ല). സഭയിലെ കൊള്ളാവുന്ന പെൺകുട്ടികളോട് പറയും യോഗം കഴിഞ്ഞ് പേഴ്സണലായി കാണണമെന്ന്. ഈയടുത്ത് ഒരു സഭയിൽ ചെന്ന താൻ സഭയിലെ 2 പെൺകുട്ടികളോട് ഇതുതന്നെ പറഞ്ഞു. യോഗാനന്തരം 1 പെൺകുട്ടി വീട്ടിൽപോയി. 12 വയസുള്ള ഒരു കൊച്ചുപെൺകുട്ടി അടുത്തു ചെന്നപ്പോൾ മാടപ്പള്ളിക്കറിയേണ്ടത് പെൺകുട്ടിക്ക് സ്ത്രീകൾക്കുള്ള പതിവ് വരുന്നതെപ്പോഴാണ്? വേദനയുണ്ടോ? പെൺകുട്ടിയെ ആരെങ്കിലും ശല്യം ചെയ്യാറുണ്ടോ എന്നൊക്കെയാണ്. പെൺകുട്ടിയോ സംസാരിക്കുന്നതുകണ്ട് മാതാവ് അടുത്തു വന്നപ്പോഴേക്കും പ്രവാചകൻ വിഷയം മാറ്റി. ഏതായാലും സഭക്കാർ വിവരമറിഞ്ഞത് താമസിച്ചായതുകൊണ്ട് തടി കേടാകാതെ രക്ഷപ്പെട്ടു. പിന്നീടുള്ള അന്വേഷണത്തിൽ പല സഭകളിലം മാടപ്പള്ളിയുടെ പണി ഇതാണെന്നാണ് മനസിലായത്. അതിനാൽ തന്നെ സഭക്കാർ മുളക്കുഴ ആസ്ഥാനത്തേക്ക് പരാതി അയച്ചിരിക്കുകയാണ്.

**അടിക്കുറിപ്പ്:** പ്രവാചകൻ അളിഞ്ഞാൽ അവൻ തറയാകും. തറ അളിഞ്ഞാൽ അവൻ മാടപ്പള്ളിയാകും



## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

33

### LESSON 33
### La Settimana (The week)

| | | |
|---|---|---|
| Lunedi | - | Monday |
| Martedi | - | Tuesday |
| Mercoledi | - | Wednesday |
| Giovedi | - | Thursday |
| Venerdi | - | Friday |
| Sabato | - | Saturday |
| Domenica | - | Sunday |



# ഷാർജയിൽ നിന്നും സ്നേഹപൂർവ്വം

**വിൽസൺ ജോർജ്ജ്**
**വടക്കേമുറിയിൽ**
(വൈസ് ചെയർമാൻ)

ഗൾഫ് എന്നും മലയാളിയുടെ സ്വപ്നഭൂമിയാണ്. അറബിനാടെന്നും അവനെ മാടിവിളിച്ചുകൊണ്ടിരുന്നു. അതിൽ ആകൃഷ്ടരായി മരുപ്പച്ച തേടി എത്തിയ മലയാളികളുടെ എണ്ണം ലക്ഷങ്ങളാണ്. അതിൽ ദുബായ് ഓരോ മലയാളിയുടെയും സ്വപ്നനഗരമാണ്. ഇവിടെയെത്തി ജീവിതം പച്ചപിടിപ്പിച്ച ആയിരങ്ങളെ നാം ദിനേന കാണുകയാണ്. ഗൾഫിൽ നിന്നും മടങ്ങി വരുന്നവന്റെ ജീവിതത്തിന്റെ പളപളപ്പ് കാണുമ്പോൾ അവൻ അനുഭവിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങൾ മനസിലാക്കാറില്ല. കൂളിംഗ് ഗ്ലാസും പെർഫ്യൂമും കഴുത്തിലും കൈകളിലും തൂങ്ങുന്ന സ്വർണ്ണ ചെയിനുകളും (നമുക്ക് ഇത് നിഷിധം ആകയാൽ പകരം സ്വർണ്ണ ചെയിനിനെ വെല്ലുന്ന വാച്ചും സ്വർണ്ണഫ്രെയിമുള്ള കണ്ണടയും സ്ഥാനം പിടിച്ചിരിക്കുന്നു) ഒക്കെയായി വന്നിറങ്ങുന്ന ഗൾഫുകാരന്റെ ജീവിതത്തിന്റെ കഷ്ടപ്പാടുകൾ ആരും അന്വേഷിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഗൾഫ് മലയാളി നൽകുന്ന സംഭാവന വളരെ വലുതാണ്. മലയാളിയുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം വരുത്തുന്നതും ഗൾഫ് നാടുകളാണ്. കുവൈറ്റ്, ബഹറിൻ, ഖത്തർ, യു. എ. ഇ., ഒമാൻ, സൗദി അറേബ്യ തുടങ്ങിയ ഗൾഫുനാടുകളിൽ ലക്ഷക്കണക്കിന് മലയാളികൾ ആണ് തൊഴിൽ ചെയ്യുന്നത്.

കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് ഗൾഫ് മലയാളി നൽകുന്ന സംഭാവന ആർക്കും തള്ളിക്കളയുവാൻ പറ്റാത്തതുപോലെ പെന്തക്കോസ്ത് സഭകളുടെ വളർച്ചയ്ക്കും വലിയ സംഭാവനയാണ് ഗൾഫിലെ സഭകൾ നൽകുന്നത്. ആയിരക്കണക്കിന് ആളുകൾ പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് എത്തിച്ചേരുന്നുവെന്നതാണ് പ്രത്യേകമായി എടുത്തു പറയേണ്ടത്. ഗൾഫിലെ തൊഴിലിടങ്ങളിൽ അനുഭവിക്കുന്ന കഷ്ടപാടുകളും ഉറപ്പില്ലാത്ത തൊഴിൽ സാഹചര്യങ്ങളും അവനെ ദൈവത്തിലാശ്രയിക്കുവാൻ ഇടയാക്കുന്നു.

ഇന്ത്യയുമായി നൂറ്റാണ്ടുകൾ പഴക്കമുള്ള വ്യാപാരബന്ധമാണ് ഗൾഫ് നാടുകൾക്ക് ഉള്ളത്. ഒരു കാലത്ത് ഇന്ത്യൻ കറൻസി ആയിരുന്നു ദുബായിലെ ക്രയവിക്രയത്തിന് ഉപയോഗിച്ചിരുന്നത് എന്ന് എത്ര പേർക്കറിയാം. ഇന്ത്യയിൽ നിന്നുള്ള മലഞ്ചരക്കുകളും അരിയും ഒക്കെയായിരുന്നു അറബികളുടെ വിശപ്പകറ്റിയിരുന്നത്.

ഗൾഫിൽ പെന്തക്കോസ്ത് ഇന്ന് ശക്തമാണ്. സമുദായ സഭകളെക്കാൾ അംഗബലം പെന്തക്കോസ്ത് വിശ്വാസികൾക്കുണ്ട്. അവർ വ്യക്തിപരമായി ദൈവത്തിൽ നിന്നും വിടുതൽ പ്രാപിച്ചവരും അവന്റെ സാക്ഷികളുമാണ്. മറ്റുള്ളവരുടെ മുമ്പിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നതിൽ മടികാട്ടാത്തതിനാൽ അനേകരെ ക്രിസ്തുവിലേക്ക് നയിക്കുന്നവനുമാണ്. അനുഭവത്തിന്റെ മൂശയിൽ ഉരുത്തിരിഞ്ഞതാണ് അവന്റെ ക്രിസ്തീയ സാക്ഷ്യം. കേരളത്തിൽ എത്തുമ്പോൾ നാം കാണുന്നതിൽ നിന്നും വ്യത്യസ്തമാണ് ഓരോ ഗൾഫ് മലയാളികളുടെയും ജീവിതാനുഭവം. തുടർന്നുള്ള ലക്കങ്ങളിൽ ഗൾഫ് ജീവിതത്തിന്റെ നേർക്കാഴ്ചകളുമായി ഞാൻ എത്തുന്നു ഷാർജയിൽ നിന്ന് സ്നേഹപൂർവ്വം.

# ചർച്ച് ഓഫ് ഗോഡിൽ ഓവർസിയർ അനുകൂലികളുടെ ഗ്രൂപ്പുയോഗം

പ്രിഫറൻസ് ബാലറ്റിൽ പി. ജെ. ജെയിംസിനെ രക്ഷപ്പെടുത്തുന്നതിനായി അദ്ദേഹത്തിന്റെ അനുകൂലികൾ ഗ്രൂപ്പുയോഗങ്ങൾ നടത്തുന്നു. ചർച്ച് ഓഫ് ഗോഡ് സമൂഹത്തിൽ സ്വീകാര്യതയില്ലാത്ത വിരലിൽ എണ്ണാവുന്ന ആളുകളാണ് മീറ്റിംഗുകൾ നടത്തുന്നത്. കൗൺസിൽ ഇലക്ഷനിൽ സ്ഥിരമായി തോൽക്കുന്നവരും ഒരു കള്ള പ്രവാചകനും ആണ് ഓവർസിയറെ താങ്ങാൻ രംഗത്തുള്ളത്. ചെങ്ങന്നൂരും തുവയൂരും ആണ് മീറ്റിംഗുകൾ നടത്തിയത്. നിലവിലുള്ള കൗൺസിലിനെതിരെയും പാസ്റ്റേഴ്സിനെതിരെയും നീങ്ങണമെന്ന താൽപര്യമാണ് ഇവർക്കുള്ളത്. ഇതിന് ചുക്കാൻ പിടിക്കുന്ന ഒരു മുൻ കൗൺസിൽ അംഗത്തെ ആക്ടിംഗ് ഓവർസിയർ വിലക്കിയതായി അറിയുന്നു. ശുശ്രൂഷകരെയും വിശ്വാസികളെയും തമ്മിൽ തല്ലിച്ച് 93 ആവർത്തിക്കുവാനുള്ള ഗൂഢനീക്കമാണ് ഇവർ നടത്തുന്നത്. ശുശ്രൂഷകരെ അവഹേളിക്കുന്ന ഇത്തരക്കാരുടെ നീക്കങ്ങൾക്കെതിരെ പരക്കെ അമർഷം ഉണ്ടായിരിക്കും. സഭയിൽ ഭിന്നിപ്പുണ്ടാക്കുവാൻ ശ്രമിക്കുന്ന മുൻ കൗൺസിൽ അംഗത്തിനെതിരെ വേൾഡ് മിഷന് പരാതി പോയിക്കഴിഞ്ഞതായി അറിയുന്നു. നേതാവിന്റെ ആശീർവാദം തങ്ങൾക്കുണ്ടെന്നാണ് ഇവർ അവകാശപ്പെടുന്നത്.

## തെരഞ്ഞെടുത്തു



ഐ. പി. സി. സണ്ടേസ്കൂൾ അസ്സോസിയേഷൻ ഡപ്യൂട്ടി ഡയറക്ടറായി പാസ്റ്റർ തോമസ് മാത്യു ചാരുവേലിയെ തെരഞ്ഞെടുത്തു. നിലവിൽ പരീക്ഷാവിഭാഗം സെക്രട്ടറിയായിരുന്ന ഇദ്ദേഹത്തെ കുമ്പനാട് ഹെബ്രോൻപുരത്ത് കൂടിയ കേന്ദ്രകമ്മറ്റിയിലാണ് തെരഞ്ഞെടുത്തത്.

## തെരഞ്ഞെടുത്തു





ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ബാബു ചെറിയാനും, ജോയിന്റ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസുകുട്ടി ഏബ്രഹാമും.

# ഗുഡ്ന്യൂസ് കൺവൻഷനും പെനിയേൽ സെമിനാരി ബിരുദദാനവും

**കീഴില്ലം:** 1930 മുതൽ പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഗുഡ്ന്യൂസ് കൺവൻഷൻ 2014 ഫെബ്രുവരി 10 തിങ്കൾ മുതൽ 12 ബുധൻ വരെ കീഴില്ലം ഗുഡ്ന്യൂസ് ഗ്രൗണ്ടിൽ വച്ച് നടന്നു. ആയിരങ്ങൾ സംബന്ധിച്ച ഈ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പ്രാർത്ഥന, പരസ്യം, സംഗീതം, വാഹനക്രമീകരണം, സാമ്പത്തികം, താമസം, ഭക്ഷണം എന്നിങ്ങനെ വിവിധ ഭാഗങ്ങളുടെ ചുമതലകൾ പാസ്റ്റേഴ്സ് വൈ. ജോർജ്ജുകുട്ടി, ഇ. റ്റി. ബോവസ്, ജോൺലി ജോൺസൺ, ആന്റണി പി. സി., ആൽവിൻ വർഗീസ്, സാംകുട്ടി എം. ജെ. എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു.

ഫെബ്രുവരി 10-ാം തീയതി തിങ്കൾ വൈകിട്ട് പാസ്റ്റർ ജെയിംസ് വർഗീസിന്റെ അദ്ധ്യക്ഷതയിൽ പ്രൊഫസർ എസ്. പി. ചാക്കോ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് കെ. സി. മാത്യൂസ്, ജോൺ വർഗ്ഗീസ്, എസ്. പി. ചാക്കോ, ഡോ. സി. പി. വർഗ്ഗീസ് എന്നിവരെ കൂടാതെ മറ്റ് കർത്തൃദാസന്മാരും വചനം ശുശ്രൂഷിച്ചു. പെനിയേൽ വോയ്സ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

13-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4 മുതൽ പെനിയേൽ സെമിനാരി ഓഡിറ്റോറിയത്തിൽ വച്ചു പൂർവ്വ വിദ്യാർത്ഥി സമ്മേളനം നടന്നു. 14-ാം തീയതി വെള്ളിയാഴ്ച രാവിലെ 8 മണിക്ക് കൂട്ടായ്മ യോഗത്തിനും തിരുവത്താഴ ശുശ്രൂഷയ്ക്കും ശേഷം സെമിനാരിയുടെ 31-ാമത് ബിരുദദാന ശുശ്രൂഷ 10മണിക്ക് ഡോ. സി. പി. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പാസ്റ്റർ കെ. സി. മാത്യുസ് മുഖ്യസന്ദേശം നൽകി.







## ഡോ.കോര സംസാരിക്കുന്നു



1. ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്ന രണ്ടു മലയാളി പെന്തക്കോസ്ത് സുവിശേഷകരുടെ പഴയ തൊലിപൊളിഞ്ഞുമാറി പുതിയ തൊലി വന്നു **– വാർത്ത, മന്ന**

*അതിലെന്തതിശയം. പെന്തക്കോസ്തിലെ നേതാക്കന്മാർക്കെല്ലാം പുതിയ തൊലി യാണല്ലോ. കാണ്ടാമൃഗത്തിന്റേത് ആണെന്ന് മാത്രം.*

2. ചർച്ച് ഓഫ് ഗോഡ് കൗൺസിൽ അംഗങ്ങളെ സ്റ്റേജിൽ കയറ്ററുതെന്നും പറഞ്ഞ് ഒരു മുൻകൗൺസിൽ അംഗം നടക്കുന്നത് കോര അറിഞ്ഞില്ലേ **– ബെൻസ് അഞ്ചൽ**

*കുവൈറ്റിൽ വിരിയിച്ചിറക്കാൻ നേതാവ് നോക്കിയിട്ട് നടന്നില്ല. അതിന്റെ നിരാശ യിൽ നിന്ന് ഉരുത്തിരിഞ്ഞ ചിത്തഭ്രമം ആകാം.*

3. അമേരിക്കയിൽ മഞ്ഞുവീഴ്ച ശക്തമായി **– വാർത്ത**

*കേരളത്തിൽ മുഞ്ഞവീഴ്ചയും പെന്തക്കോസ്തിൽ ശക്തം.*

4. ഐ. പി. സി.യിൽ സ്റ്റേറ്റുകൾ വീതിച്ചുകൊടുക്കുന്നു. കോരയ്ക്ക് സ്റ്റേറ്റ് ഒന്നും വേണ്ടേ **– എബി കുമ്പനാട്**

*കോരയുടെ കാറ്റഗറിയിൽ ഉള്ളവരായതുകൊണ്ട് കോരയ്ക്ക് സന്തോഷമേയുള്ളൂ. മെട്രിക്കുലേഷൻ അപ്പിയേർഡ് ബട്ട് ഫെയിൽഡ്.*

# കാരുണ്യത്തിന്റെ നൂതന പദ്ധതിയുമായി ഐ. പി. സി. താബോർ സഭ മാതൃകയാകുന്നു



**തിരുവനന്തപുരം:** കാരുണ്യത്തിന്റെ കരസ്പർശവുമായി സേവനത്തിന്റെ പുത്തൻ മേഖലയിലേക്ക് തിരുവനന്തപുരം ഐ. പി. സി. താബോർ സഭ. നിരാലംബർക്കും ആശയറ്റവർക്കും ദൈവസ്നേഹത്തിലധിഷ്ഠിതമായ കരുതലോടെ പരിചരണം നൽകുന്നതിന് "ആശ്വാസഭവൻ" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

പി. എം. ജി. ജംഗ്ഷനിലുള്ള ഐ. പി. സി. താബോർ സഭയ്ക്ക് കുമാരപുരത്തു സ്വന്തമായുള്ള വസ്തുവിലാണ് ആശ്വാസഭവൻ പണിയുന്നത്. ജനുവരി 8 ബുധനാഴ്ച രാവിലെ 9 മണിക്ക് റവ. ഡോ. വത്സൻ ഏബ്രഹാം തറക്കല്ലിട്ടു. തുടർന്ന് സഭാഹോളിൽ ചേർന്ന പൊതുസമ്മേളനം മന്ത്രി വി. എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്തു. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ ദൈവസ്നേഹം വെളിപ്പെടുത്തണമെന്നും, സമ്പത്ത് കൂട്ടി വയ്ക്കാതെ അർഹിക്കുന്നവന്റെ ആവശ്യത്തിന് ചെലവിടാൻ ദൈവവിശ്വാസികൾ തയ്യാറാകണമെന്നും മന്ത്രി ശിവകുമാർ ആവശ്യപ്പെട്ടു.

റവ. ഡോ. വത്സൻ ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ എം. എൽ. എമാരായ എം. ഏ. വാഹിദ്, വർക്കല കഹാർ, നഗരസഭ പ്രതിപക്ഷനേതാവ് ജോൺസൻ ജോസഫ്, ഐ. പി. സി. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ്, സഭ സംസ്ഥാന ചാരിറ്റി ബോർഡ് ചെയർമാൻ പാസ്റ്റർ വർഗീസ് മത്തായി, പാസ്റ്റർ ബിനു തോമസ്, ജി. ഐസക്, പി. ജോർജ്, എൽ. കെ. റോയി, ഡോ. സാമുവേൽ സി. ജോസഫ്, പാസ്റ്റർമാരായ ജെയിംസ് വർഗീസ്, കെ. എസ്. ചാക്കോ, മേജർ വി. ഐ. ലൂക്ക്, പീറ്റർ മാത്യു, പാസ്റ്റർ എബി ജോർജ്, പ്രൊഫ. ടി. എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

വിവിധ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന നിർധനരായ രോഗികൾക്കും, നിരാലംബരായ വൃദ്ധർക്കും പാർപ്പിടവും പരിചരണവും നൽകുന്നതിന് മൂന്നു കോടി രൂപ മുടക്കി പണികഴിപ്പിക്കുന്ന കെട്ടിട സമുച്ചയത്തിനാണ് തറക്കല്ലിട്ടത്. അൻപതുപേർക്ക് സൗകര്യമൊരുക്കുന്ന ഒന്നാം ഘട്ടം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സഭ ആഗ്രഹിക്കുന്നു.

# ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വിദേശ മലയാളി കൗൺസിൽ രൂപികരിച്ചു

**രാജൻ ആര്യപ്പള്ളിൽ.**



ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ നവതി കൺവൻഷനോട് അനുബന്ധിച്ചു വിദേശ മലയാളികളും ഐ.പി.സി.ജനറൽ കൗൺസിലും ചേർന്ന് ഇന്ത്യാ പെന്തക്കോസ്തു വിദേശമലയാളി കൗൺസിലിനു രൂപം കൊടുത്തു. വിദേശത്തുള്ള ദൈവമക്കൾ ഇന്ത്യാ പെന്തക്കോസ്തു ദൈവസഭക്കു നൽകുന്ന സാമ്പത്തീക സഹായങ്ങൾ വേണ്ടും വിധം അത് ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കന്നുണ്ടോ എന്ന് ഈ കൗൺസിൽ നിരീക്ഷിക്കും. സഭയുടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങളിലും പുതിയ സംരംഭങ്ങളിലും ജനറൽ കൗൺസിലുമായി ചേർന്ന് പ്രവർത്തിക്കുവാൻ കുമ്പനാട്ട് കൂടിയ ആദ്യ കൗൺസിൽ മീറ്റിംഗിൽ തീരുമാനമായി. ദൈവസഭയുടെ പ്രവർത്തനങ്ങൾ വിദേശത്തുള്ള വിശ്വാസികളുമായി പങ്കുവെയ്കുവാനും തീരുമാനിച്ചു. ഐ .പി.സി. ജനറൽ കൗൺസിലിന്റെ കീഴിൽ ആയിരിക്കും വിദേശ മലയാളി കൗൺസിലിന്റെ പ്രവർത്തനം. വിദേശ മലയാളി കൗൺസിൽ പ്രവർത്തനത്തിനു താഴെ പറയുന്നവരെ ഭാരവാഹികളുമായി തിരഞ്ഞെടുത്തു. പാസ്റ്റർ ഏബ്രഹാം ജോർജ്ജ്(ചെയർമാൻ), പാസ്റ്റർ ജോർജ്ജ് മാത്യ (വൈസ് ചെയർമാൻ), പാസ്റ്റർ തോമസ് കിടങ്ങാലിൽ (കൺവീനർ), പാസ്റ്റർ ഫിലിപ്പ് ജോസഫ് (സെക്രട്ടറി),ഷിബു തോമസ് (ജൊ. സെക്രട്ടറി), ജി സാമുവേൽ (ജോ. സെക്രട്ടറി), ഏബ്രഹാം പി ഏബ്രഹാം(ട്രഷറർ), രാജൻ ആര്യപ്പള്ളിൽ,(മീഡിയ കോർഡിനേറ്റർ) എന്നിവരെയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

വിദേശത്തുമുള്ള എല്ലാ ദൈവജനത്തിന്റെയും പ്രാർതഥനയും സഹകരണവും പ്രതീക്ഷീക്കുന്നു.

## അമേരിക്കൻ വിശേഷം

**രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**



# ഒരു മഞ്ഞുകാലം

ഇത്തവണ ഇൻഡ്യയിലെ യാത്ര തികച്ചും അനുഗ്രഹമായിരുന്നു. ഒറീസ്സയിലേക്കു നടത്തിയ യാത്ര ഏറെ അനുഗ്രഹം ആയിരുന്നു. സുവിശേഷവയലിലെ യഥാർത്ഥ കാഴചകൾ പലപ്പോഴും ഹൃദയത്തിൽ വിങ്ങലുകളായി. സുഭിക്ഷതയുടെ നടുവിൽ സുവിശേഷവേല ചെയുന്നവർ ഒരിക്കലെങ്കിലും ഒറീസപ്പോലുള്ള സ്റ്റേറ്റുകൾ സന്ദർശിക്കുന്നത് നന്നായിക്കും .

നാട്ടിലായിരുന്ന സമയത്ത് അമേരിക്കയിലുണ്ടായ മഞ്ഞുവിഴ്ച വലിയവാർത്തയായിരുന്നു. പതിവിനു വിപരീതമായി അറ്റ്ലാന്റിൽ മഞ്ഞുവീഴ്ചയുണ്ടായത് കൗതുകമായി. കാലാവസ്ഥാ വ്യതിയാനം പരക്കെ ആശങ്ക ഉളവാക്കി. ഇൻഡ്യയിലെ ചൂടിൽ നിന്നും തെളിഞ്ഞ കാലാവസ്ഥയിൽ വിമാനം ഇറങ്ങിയ എന്നെ കാത്തിരുന്നത് ശക്തമായ മഞ്ഞുവീഴ്ചയായിരുന്നു.

രണ്ടുദിവസത്തേക്ക് പുറത്തിറങ്ങാനാവാതെ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവന്നു. മഞ്ഞുവീഴ്ച ആഘോഷമാക്കിയവർ മഞ്ഞിൽ കളിച്ചും വാരിയെറിഞ്ഞും സമയം പോക്കി. എന്നാൽ അതിശൈത്യം ഭയന്ന് അറ്റ്ലാന്റിൽ പാർപ്പുറപ്പിച്ചവർക്ക് ഇത് ഒരു മുന്നറിയിപ്പാണോ കാത്തിരുന്ന് കാണാം.

05

# അന്തർദേശീയ പി.വൈ.പി.എ. യ്ക്ക്....

ർ സുധി എബ്രഹാം (കേരളം), ജനറൽ സെക്രട്ടറിയായി പാസ്റ്റർ സാം പനച്ചയിൽ (കേരളം), ജനറൽ ട്രഷററായി ബ്രദർ വെസ്ലി ആലുംമൂട്ടിൽ (മിഡ് വെസ്റ്റ് റീജിയൻ, യു.എസ്.എ) എന്നിവരും വൈസ് പ്രസിഡന്റുമാരായി ബ്രദർ ഷിബു മുള്ളംകാട്ടിൽ (യു.എ.ഇ.), ബ്രദർ റ്റിജു തോമസ് (മിഡ് വെസ്റ്റ് റീജിയൻ, യു.എസ്.എ.), ബ്രദർ കെ. ബി. ബിനു കൊട്ടാരക്കര (കേരളം), പാസ്റ്റർ ജോർജ്ജ് കുറമൂട്ടിൽ (ഛത്തിസ്ഗഡ്) എന്നിവരെയും, ജോ.സെക്രട്ടറിമാരായി ബ്രദർ ഗ്ലാഡി ജോയി (ഡൽഹി), ബ്രദർ ജോസ് വർഗീസ് (കർണ്ണാടക), ബ്രദർ ജോസ് മേമന (ജാർഖണ്ഡ്), ബ്രദർ സാം കൊണ്ടാഴി (കേരളം)എന്നിവരെയും, പബ്ലിസിറ്റി കൺവീനറായി ബ്രദർ ജസ്റ്റിൻ നെടുവേലിൽ (കേരളം) എന്നിവരെ തിരഞ്ഞെടുത്തു.

# പാസ്റ്റർ ജെയിംസ് അലക്സാണ്ടറിന്റെ മകൻ ജോബ് അപകടത്തിൽ മരിച്ചു



ഐ. പി. സി. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗവും പുനലൂർ കമുകുംചേരി സഭാ ശുശ്രൂഷകനുമായ പാസ്റ്റർ ജെയിംസ് അലക്സാണ്ടറുടെ മകൻ ജോബ് (19) ട്രെയിനിൽ നിന്നും തെറിച്ചുവീണ് മരണപ്പെട്ടു. കോയമ്പത്തൂരിൽ രണ്ടാംവർഷ ബി.കോം വിദ്യാർത്ഥിയായ ജോബ് തിരുവനന്തപുരത്ത് സഹപാഠിയുടെ വീട്ടിൽ നടന്ന വിവാഹത്തിൽ പങ്കെടുത്ത് കോയമ്പത്തൂരിലേക്ക് മടങ്ങുംവഴിയാണ് ദാരുണമായ അപകടം സംഭവിച്ചത്. കടക്കാവൂർ റെയിവേ സ്റ്റേഷനടുത്തുവെച്ചാണ് 11-02-2014 ൽ ചൊവ്വാഴ്ച 3 മണിക്ക് മദ്രാസ് മെയിൽ നിന്നും ജോബ് ഡോർ തുറന്ന് പുറത്തേക്ക് തെറിച്ചുവീണത്. ജോബിനോടൊപ്പം സഹപാഠികളുടെ ഒരു സംഘവും ഉണ്ടായിരുന്നു. ജോബിനോടൊപ്പം തെറിച്ചുവീണ സ്നേഹിതൻ ഗുരുതരാവസ്ഥയിലാണ്. മാതാവ്: ബിൻസി ജെയിംസ്. സഹോദരി: ക്രിസ്റ്റി.

കുവൈറ്റ് പി. സി. കെ. സഭാശുശ്രൂഷകൻ പാസ്റ്റർ സണ്ണി അലക്സാണ്ടറിന്റെ ഇളയ സഹോദരനാണ് പാസ്റ്റർ ജെയിംസ് അലക്സാണ്ടർ. സംസ്കാരം 14-02-2014 വെള്ളിയാഴ്ച 1 മണിക്ക് വയലാ ഐ. പി. സി. സെമിത്തേരിയിൽ നടന്നു. രാവിലെ 9 മണി മുതൽ വയലാ പ്ലാവിള പുത്തൻവീടിൽ പൊതുദർശനത്തിന് വെച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിച്ചാലും.

# യു. പി. എഫ് ഭാരവാഹികളെ തെരഞ്ഞെടുത്തു



പാ. ശാമുവേൽ ഡാനിയേൽ
പ്രസിഡന്റ്



പാ. വി. പി. തോമസ്
വൈ. പ്രസിഡന്റ്



ബ്രദർ ജിബു മാത്യു
സെക്രട്ടറി



ബ്രദർ ജേക്കബ് ജോൺസൺ
ട്രഷറർ

**ദുബായ്:** പെന്തക്കോസ്തു സഭകളുടെ സംയുക്തവേദിയായ യു. പി. എഫിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. 2014 ജനുവരി മാസം 11-ാം തീയതി കൂടിയ യു. പി. എഫ് ജനറൽ ബോഡി മീറ്റിംഗിലാണ് തെരഞ്ഞെടുപ്പു നടന്നത്. ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ ശാമുവേൽ ഡാനിയേൽ, ദുബായ്, വൈസ് പ്രസിഡന്റ് പാസ്റ്റർ വി. പി. തോമസ്, ചർച്ച് ഓഫ് ഗോഡ് ഷാർജ, സെക്രട്ടറി: ബ്രദർ ജിബു മാത്യു, ഷാരോൻ ഫെലോഷിപ്പ്, ദുബായ്, ജോ. സെക്രട്ടറി(ഷാർജ): ബ്രദർ റോബി ജോൺ, ചർച്ച് ഓഫ് ഗോഡ് ഗിൽഗാൽ, ഷാർജ, ജോ. സെക്രട്ടറി (ദുബായ്) ബ്രദർ ജെയിംസ് മേമന, ഐ. പി. സി. എബനേസർ, ദുബായ്, ട്രഷറർ ബ്രദർ ജേക്കബ് ജോൺസൺ, ഐ. പി. സി. ബെഥേൽ, ദുബായ്, ജോ ട്രഷറർ ബ്രദർ പി. കെ. ഉമ്മൻ, ഷാർജ പെന്തക്കോസ്തൽ അസംബ്ലി, ഓഡിറ്റർ ബ്രദർ ഏബ്രഹാം വർഗീസ്, ഐ. പി. സി. വർഷിപ്പ് സെന്റർ, ഷാർജാ, ഓഡിറ്റർ ബ്രദർ വിനോദ് ഏബ്രഹാം, ഐ. പി. സി. സോനാപൂർ, ദുബായ്, വെബ്സൈറ്റ് കോർഡിനേറ്റർ ബ്രദർ തോമസ് കുട്ടി ജോസഫ്, ചർച്ച് ഓഫ് ഗോഡ് (എഫ്. ജി.) ഇൻ ഷാർജ, ക്യാമ്പ് കോർഡിനേറ്റർ ഇവാ. ഡിലു ജോൺ, ഐ. പി. സി. ഫിലദെൽഫ്യാ, ദുബായ്, ക്യാമ്പ് കോർഡിനേറ്റർ പാസ്റ്റർ തോമസ് ഏബ്രഹാം, ചർച്ച് ഓഫ് ഗോഡ് അജ്മൻ എന്നിവരെ തെരഞ്ഞെടുത്തു.

# ആലപ്പുഴ ഡിസ്ട്രിക്ട് കൺവൻഷൻ സമാപിച്ചു



**ആലപ്പുഴ:** 42-ാമത് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ആലപ്പുഴ വെസ്റ്റ് സെന്റർ കൺവൻഷനും സംഗീതവിരുന്നും 2014 ജനുവരി 29 മുതൽ ഫെബ്രുവരി 1 വരെ ആലപ്പുഴ മുനിസിപ്പൽ ടൗൺ സ്ക്വയറിൽ വച്ച് നടത്തപ്പെട്ടു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ കെ. ജെ. തോമസ്, പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം, പാസ്റ്റർ ബാബു ചെറിയാൻ, ഡോ. കെ. മുരളീധർ, പാസ്റ്റർ ജോൺ ബേബി എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ് ശുശ്രൂഷിച്ചു. പാസ്റ്റർ ഏബ്രഹാം ജോർജ്ജ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ എൻ. സ്റ്റീഫൻ, പാസ്റ്റർ ഒ. ജെയിംസ്, പാസ്റ്റർ ജോസഫ് ജോൺ, പാസ്റ്റർ ഗോഡ്ലി സി. ഉതുപ്പ് എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ഷാലേം വോയ്സ് പത്തനാപുരം സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ഷിജു സാമുവേൽ, ബ്രദർ വെസ്ലി പി. ഏബ്രഹാം എന്നിവർ പബ്ലിസിറ്റി കൺവീനർമാരായി പ്രവർത്തിച്ചു.

# ബൈബിൾ ക്ലാസ്

**മുംബൈ:** ബൈഥേൽ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 18,19 തീയതികളിൽ വെളിപാട് പുസ്തകത്തെ ആധാരമാക്കി ബൈബിൾ ക്ലാസ് നടന്നു. പ്രഭാഷകനും എഴുത്തുകാരനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ് നയിച്ചു. പാസ്റ്റർ കെ.സി. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു.

BELIEVERS JOURNAL
P.O. Box.31,
Manjadi P.O.,
Thiruvalla - 689 105



# ഐ. പി. സി. വൈക്കം സെന്റർ കൺവൻഷൻ സമാപിച്ചു

**കുറുപ്പുന്തറ:** ഐ. പി. സി. വൈക്കം സെന്ററിന്റെ 57-ാമത് വാർഷിക കൺവൻഷൻ ഫെബ്രുവരി 6-9വരെ മാഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടന്നു. പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വി. പി. ഫിലിപ്പ്, എബി ഏബ്രഹാം, ബി. മോനച്ചൻ, സാം ജോർജ്ജ്, ജോയിസ് സി മാത്യു, റോയി മാർക്കര തുടങ്ങിയവർ പ്രസംഗിച്ചു. മാസയോഗം, ഉപവാസപ്രാർത്ഥന, സണ്ടേസ്കൂൾ -പി. വൈ. പി. എ., സോദരീ സമാജം വാർഷികം എന്നിവ നടന്നു. സംയുക്ത ആരാധനയോടെ സമാപിച്ചു. പ്രെയ്സ് വോയ്സ് കുറവിലങ്ങാട് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# 12-ാമത് സംസ്ഥാന വനിതാ ക്യാമ്പ്

**തിരുവല്ല:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പിന്റെ ചുമതലയിൽ 12-ാമത് സംസ്ഥാന വനിതാ ക്യാമ്പ് 2014 ഏപ്രിൽ 14 തിങ്കൾ മുതൽ 16 ബുധൻ വരെ ചരൽക്കുന്ന് ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രക്ഷാധികാരി റവ.തോമസ് ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ക്യാമ്പിന്റെ വിവിധ സെഷനുകളിൽ ഗാനപരിശീലനം, സാക്ഷ്യം, സന്ദേശം, വചനധ്യാനം, ചർച്ച, കൗൺസിലിംഗ്, ബൈബിൾ ക്ലാസ് എന്നി പ്രോഗ്രാമുകൾ നടത്തപ്പെടും. പാസ്റ്റർമാരായ പി.എസ്. ജോർജ്ജ്, തോമസ്സ് ഫിലിപ്പ് (വെൺമണി), പാസ്റ്റർ എബ്രഹാം തോമസ് എന്നിവർ പ്രസംഗിക്കും. കൂടാതെ അഭിക്ഷികതരായാ നിരവധി കർത്ത്യദാസീദാസൻമാർ ക്ലാസ്സുകൾ നയിക്കും. ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകുക (2 പത്രോസ് 1:4) എന്നതാണ് ചിന്താവിഷയം പ്രശസ്തരായാ ഗായകർ ഗാനശുശ്രൂഷ നിർവ്വഹിക്കും. മാർച്ച് 30ന് മുൻപ് പേര് രജിസ്റ്റർ ചെയുന്നവർക്ക് തിരുവല്ലയിൽ നിന്നും സൗജന്യ വാഹനാസൗകര്യം ഉണ്ടായിരിക്കും. ക്യാമ്പ് ഫീസ് 500 രൂപ.

# തിരഞ്ഞെടുത്തു

**പഴഞ്ഞി:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പൊന്നാനി ഏരിയായുടെ വാർഷിക ജനറൽ ബോഡി ഇമ്മാനുവേൽ ബോയ്സ് ഹോമിൽ വെച്ച് ഏരിയാ കൺവീനർ പാസ്റ്റർ സി. സി. ബാബുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ സി. സി. ബാബു, വൈസ് പ്രസിഡന്റ് പാസ്റ്റർ ജോർജ്ജ് പ്ലാസിഡ്, സെക്രട്ടറി ഇവാ. സാജൻ സി. ജേക്കബ്, ജോ. സെക്രട്ടറി ബ്രദർ ഷൈൻ കെ. ശാമുവേൽ, ട്രഷറർ ബ്രദർ എം. ജെ. റ്റൈറ്റസ്.

# സെന്റർ കൺവെൻഷൻ

**തിരുവനന്തപുരം:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ തിരുവനന്തപുരം സൗത്ത് സെന്റർ കൺവെൻഷൻ 2014 ആറാട്ടുകുഴി സഭയുടെ നേതൃത്വത്തിൽ വെള്ളറട ആനപ്പാറയിൽ 2014 ഏപ്രിൽ 25 വെള്ളി മുതൽ 27 ഞായർ വരെ നടക്കും. പാ. വൈ. റോബർട്ട് (തിരു.സൗത്ത് സെന്റർ മിനിസ്റ്റർ) ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാ. കെ. സി. തോമസ് (പ്രസിഡന്റ്, ഐ. പി. സി. കേരളാ സ്റ്റേറ്റ് ), പാ. ഫിലിപ്പ് പി. തോമസ് (സെക്രട്ടറി, ഐ. പി. സി. കേരളാ സ്റ്റേറ്റ് ), പാ. ബി. മോനച്ചൻ (കായംകുളം) തുടങ്ങിയവർ പ്രസംഗിക്കും. 27 ഞായറാഴ്ച രാവിലെ 8.30 ന്പുതുതായി പണിത സഭാഹാൾ പ്രതിഷ്ഠയും 10.00 മണി മുതൽ 1.00 മണി വരെ സംയുക്ത സഭായോഗവും കർത്തൃമേശയും നടക്കും. ഉച്ചയ്ക്ക് 2.00 മുതൽ 4.00 മണി വരെ സണ്ടേസ്കൂൾ, പി. വൈ. പി. എ., സോദരീസമാജം, മിഷൻബോർഡ് എന്നിവയുടെ സംയുക്ത വാർഷിക യോഗം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

# ഗ്രാഡുവേഷൻ സർവ്വീസ്



**മുംബൈ:** ചർച്ച് ഓഫ് ഗോഡ് ചെമ്പൂർ മഹനീയം ബൈബിൾ കോളേജിന്റെ 31-ാമത് ഗ്രാഡുവേഷൻ ഫെബ്രുവരി 2 ന് വൈകിട്ട് 6 മണിക്ക് സഭാ ആസ്ഥാനത്ത് നടന്നു. ഡോ. പി.യു. പോൾസൺ (UBS,പൂനെ), റവ. ജോസഫ് മാത്യു (റീജിയൺ ഓവർസീയർ), റവ. കെൻ ആൻഡേഴ്സൺ (ഫീൽഡ് ഡയറക്ടർ) എന്നിവർ മുഖ്യ അതിഥികളായിരുന്നു. Arise and Go" എന്നതാണ്ഗ്രാഡുവേഷൻ തീം. പ്രിൻസിപ്പാൾ റവ. ഷിനോയി സി. മാത്യു,രജിസ്ട്രാർ റവ. ഷിബു വർഗ്ഗീസ്, അക്കാഡമിക് ഡീൻ ഇ.പി. സാംകുട്ടി, വി.ഒ. വർഗ്ഗീസ്, ബിജു തങ്കച്ചൻ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

# 03 വേദപഠനം.....

അനർഹമായ കൃപയും, പ്രസ്തുത കൃപ മാനസാന്തരത്തിലേക്കും, എഫെ. 2:7-9, ദിനംപ്രതി രൂപാന്തരത്തിലേക്കും ശക്തിയിലേക്കും, എഫെ. 6:10, 2 തിമൊ. 2:1, വിശുദ്ധിയിലേക്കും പൂർണ്ണതയിലേക്കും നയിക്കുന്നുയെന്നും 2 കൊരി. 12:1-9, അറിയാം. വിശ്വാസ വീരന്മാരുടെ ചരിത്രം പഠിക്കുമ്പോൾ നോഹയ്ക്കു കൃപ ലഭിച്ചു, മോശയ്ക്കു കൃപ ലഭിച്ചു. ഗിദയോനു കൃപ ലഭിച്ചു, പൗലോസിനു കൃപ ലഭിച്ചു, ദൈവമക്കൾക്കു കൃപ ലഭിക്കുന്നു.

തുടരും...

## നിത്യതയിൽ



### റോസ്ന തങ്കം (അമ്പിളി – 32)

**കാഞ്ഞിരപ്പള്ളി:** കാളകെട്ടി തര്യൻ പറമ്പിൽ തങ്കമ്മ മർക്കോസിന്റെ മകൾ റോസ്ന തങ്കം (അമ്പിളി – 32) നിത്യതയിൽ ചേർക്കപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷകൾ കപ്പാട് ദൈവസഭ ശുശ്രൂഷകൻ പാസ്റ്റർ സാബു കൊച്ചുമ്മൻ നടത്തി. കൊല്ലാട് സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു. ഭർത്താവ് പ്രസാദ്, മകൻ ഹെവണോൻ, സഹോദരങ്ങൾ: പാസ്റ്റർ മോൻസി (കുത്താട്ടുകുളം), റോബിൻ

# ബിരുദദാന സമ്മേളനം

## ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി



**ചെറുവക്കൽ:** ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ബിരുദദാന സമ്മേളനം 2013 ഡിസംബർ 28ന് ന്യൂ ലൈഫ് ഓഡിറ്റോറിയത്തിൽ നടന്നു. 112 വേദവിദ്യാർത്ഥികൾക്ക് പ്രസിഡന്റ് റവ. ജോൺസൺ ഡാനിയേൽ ബിരുദം നല്കി. ഏഷ്യാ ഓവർസിയേഴ്സ് കൗൺസിൽ ഇന്റർനാഷണൽ റീജിയണൽ ഡയറക്ടർ റവ. ആശിഷ് ക്രിസ്പാൽ മുഖ്യസന്ദേശം നല്കി. പാഠ്യപാഠ്യേതര വിഷയങ്ങൾക്ക് മികവ് പ്രകടിപ്പിച്ചവർക്ക് പ്രത്യേക ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. വിവിധ രാഷ്ട്രീയ-സാമൂഹ്യ നേതാക്കൾ ആശംസകൾ അറിയിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 130 ൽ പരം വിദ്യാർത്ഥികൾ ഇവിടെ വേദപഠനം നടത്തുന്നു. റവ. പി.എസ്. പ്രിൻസ് പ്രിൻസിപ്പാളായും, റവ. ഡോ. രാജു എം. തോമസ് വൈസ് പ്രിൻസിപ്പാളായും, റവ. ക്രിസ്റ്റഫർ സി.തമ്പി അക്കാഡമിക് ഡീനായും, റവ. ജെയിംസ് മാനുവേൽ രജിസ്ട്രാറായും സേവനം അനുഷ്ഠിക്കുന്നു. അടുത്ത അധ്യയന വർഷം ഏപ്രിൽ 21-ന് ആരംഭിക്കുന്നതാണ്.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ

# വിതച്ചാൽ കൊയ്യും...മറക്കരുത്

അപരന്റെ കഷ്ടപ്പാടുകൾ ചിലർക്കെങ്കിലും ഒരുതരം സുഖം ഉണ്ടാക്കാറുണ്ട് എന്നത് വളരെ സത്യമാണ്. മരുഭൂമിയിലുള്ള 2 കൂട്ടായ്മകൾ രണ്ടും ഒരേ പ്രസ്ഥാനത്തിന്റെ ചിറകുകൾ. ഒരെണ്ണം അല്പവലിപ്പവും, കാര്യപ്രാപ്തിയും ഉള്ളത്- രാജാക്കന്മാരും ദേശാധിപതികളും അവിടെ ധാരാളം. മാത്രമല്ല – അവിടെയുള്ള അധികംപേരും “എസ്. ഐ.” മാരാണ്. “കോൺസ്റ്റബിൾ”മാർ ഇല്ലെന്നു പറയാം. മറ്റേത് അതി മോശമല്ലെങ്കിലും കൂടുതലും “കോൺസ്റ്റബിൾ”മാരാണ്. എന്നാൽ അവിടുത്തെ നടത്തിപ്പുകാരൻ പല “കഴിവും” ഉണ്ടെന്നു തെളിയിച്ച മഹാൻ – ഇനി കാര്യത്തിലേക്ക് കടക്കാം. വലിയ ചിറകിൽ ചില “കശപിശ”കൾ കൂടെകൂടെ ഉണ്ടാകാറുണ്ട്. അതൊന്നും ഇല്ലെങ്കിൽ എന്തു കൂട്ടായ്മ അല്ലേ...എന്നാൽ അതല്ല രസകരം “കശപിശ” തൽസമയം തന്നെ ചെറിയ ചിറകിന്റെ നായകനെ അറിയിക്കുന്നതിനുള്ള അത്യന്താധുനിക സംവിധാനങ്ങളും അത് അല്പം കൂടി വിവർത്തന വിശദീകരണങ്ങളോട് മാലോകരെ അറിയിപ്പാനും പിന്നെ “ഞാനൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ” വലിയ ചിറകിന്റെ നായകനെ തൽക്ഷണം വിളിച്ച് “ആശ്വാസം” പറയാനും നമ്മുടെ ചെറുനായകൻ മിടുമിടുക്കൻ – മാത്രമല്ല കൊഴിഞ്ഞു വീഴുന്ന ഒരു മണിയും നഷ്ടപ്പെടാതെ തന്റെ പാളയത്തിയെത്തിപ്പാൻ സദാ ജാഗരൂകനായി തിരഞ്ഞു ചുറ്റുന്നു...ഹാ കഷ്ടം തന്നെ. ആ പരിശ്രമത്തിന്റെ തിക്കിയും തിരക്കിയും സ്വന്തം ചിറകിന്റെ കാര്യങ്ങൾ വേണ്ടും പോലെ ശ്രദ്ധിപ്പാനും കഴിയാതെ പോയി....വലിയ ചിറകിൽ നിന്നും ധാരാളം തൂവലുകൾ കൊഴിഞ്ഞു വീണു...വീണത് പക്ഷേ ചെറുചിറകിന് ഗുണം ഉണ്ടാക്കിയില്ല...

തൂവലുകൾ കുറേകൂടെ ബലമുള്ള “മറ്റൊരു” ചിറകിൽ ചേർന്നു..ചേർന്ന തുവലുകളുടെ സ്വാധീനം ചെറുചിറകിനേയും ബാധിച്ചു....അവിടെ കൊഴിച്ചിൽ നടന്നു തരക്കേടില്ലാത്ത തരത്തിൽ...ദൈവവചനം നമ്മോടു പറയുന്നു “വിതച്ചാൽ....കൊയ്യും....” സൂക്ഷിക്കാം.....മറ്റൊരുത്തന്റെ കരച്ചിലിൽ കൂടെ കരയേണ്ടവർ...കൂടെ കരഞ്ഞില്ലെങ്കിലും കരയുന്നവന്റെ നെഞ്ചിൽ താളം പിടിക്കരുത്.....കാരണം കർത്താവ് മുഖപക്ഷമില്ലാത്താവൻ...അവിടുന്ന് ഭയപ്പെടുത്തുകയില്ല എങ്കിലും നാം അവനെ ഭയപ്പെടണം.....ഭയപ്പെട്ടേ മതിയാകൂ.....ഭയപ്പെടാം.....ദൈവം സഹായിക്കട്ടെ....

# മിഷൻ കോൺഫ്രൻസ്

**മുംബൈ:** ചെമ്പൂർ മഹനീയം ബൈബിൾ കോളേജിന്റെ ആഭിമുഖ്യത്തിൽ ജനുവരി 20,21, 22 തീയതികളിൽ ചെമ്പൂരിൽവച്ച് മിഷൻ കോൺഫ്രൻസ് നടന്നു. ചർച്ച് ഓഫ് ഗോഡ് സെൻട്രൽ-വെസ്റ്റ് റീജിയൺ ഓവർസീയർ റവ. ജോസഫ് മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. “Life and teaching of Jesus Christ reflected in the 1st century church & its relevance in present day church” എന്ന വിഷയത്തെ ആധാരമാക്കി പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം. ജെയ്സ് പാണ്ടനാട്, ജെയ്മോഹൻ അതിരുങ്കൽ, ജോൺ സി. മുട്ടുവേലി, പ്രൊഫ. ജേക്കബ് തോമസ്, കെ. ഒ. സ്റ്റീഫൻ, വി.എ. വർഗ്ഗീസ് എന്നിവർ വിവിധ സെക്ഷനുകളിൽ പ്രബന്ധം അവതരിപ്പിച്ചു. ബൈബിൾ കോളേജ് പ്രിൻസിപ്പാൾ റവ. ഷിനോയി സി. മാത്യു. രജിസ്ട്രാർ റവ. ഷിബു വർഗ്ഗീസ്, അക്കാഡമിക് ഡീൻ റവ. ഇ.പി. സാംകുട്ടി, ബിജു തങ്കച്ചൻ, പി.സി. ചെറിയാൻ, പി.റ്റി. ജേക്കബ് എന്നിവർ നേതൃത്വം നൽകി.

# സഭാഹാൾ പ്രതിഷ്ഠ

**തിരുവനന്തപുരം:** ഐ. പി. സി. തിരുവനന്തപുരം സൗത്ത് സെന്ററിലെ പുതുതായി പണികഴിച്ച ആറാട്ടുകുഴി സഭാഹാളിന്റെ പ്രതിഷ്ഠ 2014 ഏപ്രിൽ 27 ഞായറാഴ്ച രാവിലെ 9.00 മണിക്ക് സെന്റർ പാ. വൈ. റോബർട്ടിന്റെ അദ്ധ്യക്ഷതയിൽ പാ. ഫിലിപ്പ് പി. തോമസ് (സെക്രട്ടറി, ഐ. പി. സി. കേരളാ സ്റ്റേറ്റ് ) നിർവ്വഹിക്കുന്നു.


എക്സൽ വി. ബി. എസ്സ് ഡയറക്ടേഴ്സ് പരിശീലനങ്ങൾ 2014

ഫെബ്രുവരി 25 തളിപ്പറമ്പ്, ഹൈവേ ഇൻ, പാ. വിനോദ്, 9495082653
ഫെബ്രുവരി 26 കണ്ണൂർ, ബൈബിൾ ഭവൻ. മേലേചൊവ്വ റജിനോൾഡ്, 9895423871
ഫെബ്രുവരി 27 കാസർഗോഡ്, സി.എസ്സ്. ഐ ഹാൾ, അലക്സ് 9400103702
ഫെബ്രുവരി 27 കോതമംഗലം, നെല്ലിക്കുഴി, പാ. സാബു. 9447157936
മാർച്ച് 1 പാലക്കാട് ടൗൺ എ. ജി. ചർച്ച്, സാം മാത്യു 9037464648
മാർച്ച് 3,4 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ്. പാ. ജോസ് 9895480668
മാർച്ച് 5 നിലമ്പൂർ- ചുങ്കത്തറ, ഇവാഞ്ചലിക്കൽ ചർച്ച്, പാ. കെ സി ജോസഫ് 9497119129
മാർച്ച് 5 വയനാട്- ബത്തേരി, എ. ജി. ചർച്ച്, പാ. രാജു 9446210703
മാർച്ച് 6 വയനാട്- മാനന്തവാടി, പാ. ജയ്സൻ, ഹെബ്രോൻ ഹാൾ, 9495030917
മാർച്ച് 3, 4 തൃശ്ശൂർ- പറവട്ടാനി, ശാരോൻ ചർച്ച്, പാ. ഒ.പി ബാബു 9961197614
മാർച്ച് 8 അടൂർ, ഗ്രേയ്സ് ചർച്ച്, നെല്ലിമൂട്ടിൽ പടി, പാ. ബിനു 8089248886
മാർച്ച് 10 ഗൂഡല്ലൂർ, ഇവാഞ്ചലിക്കൽ ചർച്ച്, ഫാ. മർക്കോസ്. 09486234137
മാർച്ച് 12 വടക്കഞ്ചേരി, രഹബോത്ത് പ്രയർ ഹാൾ, ലിജി ജോൺസൺ 9400087239
മാർച്ച് 11 എറണാകുളം അപ്പോസ്തോലിക്ക് ചർച്ച്, ബ്ലസ്സൻ 9846904487
മാർച്ച് 5 തൊടുപുഴ ഐശ്വര്യ ടൂറിസ്റ്റ് ഹോം, പാ. ജോബിൻ 9495023466
മാർച്ച് 13 അടിമാലി, സി.ഡി.സി, ഒഴുവത്തടം, ബിജു. 9745699763
മാർച്ച് 12,13 കോട്ടയം, ഐ.പി.സി, കഞ്ഞിക്കുഴി. ബിനു 8606887258
മാർച്ച് 14,15 നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ, പാ. റെജി 9562482676
മാർച്ച് 17,18 പേരൂർക്കട ടൗൺ എ. ജി. ചർച്ച്, പാ. സ്റ്റുവർട്ട് 9947488279
മാർച്ച് 18 കൊല്ലം, വൈ.എം.സി.എ ഹാൾ, ജോബി കെ സി 9847992788
മാർച്ച് 19 അഞ്ചൽ എ. ജി. ചർച്ച്, പാ. കോശി കുര്യൻ 9400500720
മാർച്ച് 19 മാവേലിക്കര ഐ.ഇ.എം, റെജി തോമസ്സ്, 9847472016
മാർച്ച് 20 പത്തനാപുരം, ടൗൺ എ. ജി. ചർച്ച്, ജിനു, 9447398604
മാർച്ച് 21,22 മാരാമൺ, അനിൽ പാ. 9947401731
മാർച്ച് 22 കുമളി ടൗൺ എ. ജി. ചർച്ച്, പാ. ബ്ലസ്സൻ , 9961959222
മാർച്ച് 24 ആലപ്പുഴ, പാ. റെനി ഇടപ്പറമ്പിൽ, 9446625996
മാർച്ച് 28 – 29 കളിയിക്കാവിള, ഇ.സി.ഐ ചർച്ച് ഹാൾ

നിങ്ങളുടെ സമീപസ്ഥലത്തോ സഭയിലോ ഒരു വി.ബി.എസ് നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇന്നുതന്നെ വിളിയ്ക്കുക

24 X 7 Help Line 8089248886

വിളിയ്ക്കൂ : 9495834994, 9496325026 രജി.ഫീസ്. 100/ 250



PASTOR NEEDED

Hebron Christian Church
San Jose - California - USA
Bible based Pentecostal Church seeking a full time Pastor Starting July 2014

- Ordained Minister of a Pentecostal Church
- Spirit filled and spirit led
- Bachelors degree or above in Theology or Biblical Studies
- Previous pastoral and administrative experience
- Ability to minister to youth and adults alike
- Sound Bible teacher and Motivated Evangilist
- Fluent in English and Malayalam
- US Citizen or Permanent Resident

Apply with two references by Jan 10th,2014 to: pastorsearch@hccus.com
For More details visit:
http://www.hccus.com/pastor-search.html or Call 408 454 8514

ലേഖനം

# ന്യായവിധിയുടെ ദൂതും മരുമക്കൾക്ക് കളി!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

സോദോമിലെ പാപം കണ്ടില്ലെന്നു നടിക്കുവാൻ ദൈവത്തിനാകുമോ? കനത്ത അധാർമ്മികത അവിടമാകെ വ്യാപരിച്ച വേളയിൽ അവിടുത്തെ ആവലാധി യഹോവയുടെ മുമ്പാകെ വലുതായി തീർന്നിരിക്കെകൊണ്ട് അവരുടെ അകൃത്യം നിമിത്തം ആ പട്ടണത്തെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചിരിക്കുന്ന സമയം. ആ നാശത്തിൽ നിന്നും ലോത്തിനെയും തനിക്കുള്ളവരെയും രക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഈ അടിയന്തിര സാഹചര്യത്തിൽ, രക്ഷക്കായി ഇവിടെ നിന്നും വേഗം എഴുന്നേറ്റ് ഈ സ്ഥലം വിട്ടു പുറപ്പെടുക എന്ന ന്യായവിധിയുടെ ദൂതുമായി ലോത്ത് തന്റെ പുത്രിമാരെ വിവാഹം ചെയ്യാനുള്ള മരുമക്കളുടെ അരികിൽ എത്തി. പക്ഷെ അമ്മായിയപ്പൻ പറഞ്ഞ മഹാദൈവത്തിന്റെ ന്യായവിധിയുടെ സന്ദേശം മരുമക്കൾക്ക് കളിയായി തിരിഞ്ഞു.!! ഇന്നലകളിൽ അമ്മായിയപ്പൻ മരുമക്കളോടൊപ്പം കളി പറഞ്ഞിരുന്നതാകാം ഇന്ന് ന്യായവിധിയുടെ ദൂത് കേട്ടിട്ടും കളിയായി അവർക്ക് തിരിഞ്ഞത്. ന്യായവിധിയുടെ ദൂതും മരുമക്കൾക്ക് കളി തന്നെ!! ദൈവവചനത്തോടും അതിന്റെ പ്രഭാഷണത്തോടും ഉള്ള പുത്തൻ മരുമക്കളുടെ സമീപനം ഒരുതരം കളി പോലെയാണ് ഇന്നും കണ്ടുവരുന്നത്. അവിടെ നടന്നതിന്റെ ഒരു തനിയാവർത്തനമാണ് ഇന്ന് മിക്ക ഇടങ്ങളിലും സംഭവിക്കുന്നത്. അതീവ പ്രാധാന്യമുള്ള ദൈവ വചനത്തിലെ വിഷയങ്ങൾ -അതിൽ ആവശ്യമില്ലാത്ത ഫലിതങ്ങൾ തിരുകി കയറ്റി അവതരിപ്പിക്കുമ്പോൾ ജനത്തിനു ഇത് ഗൗരവമുള്ളതായി തിരിയുന്നില്ല. ന്യായവിധിയുടെ സന്ദേശമറിയിക്കേണ്ട സുവിശേഷ പ്രസംഗകർ വിദൂഷകനെപോലെ വേദിയിൽ അരങ്ങു തകർക്കുമ്പോൾ ജനത്തിനു ഇത് വെറും കളിയായി തോന്നുന്നതിൽ അത്ഭുതപ്പെടാനില്ല. മാനസാന്തരം, ദൈവരാജ്യത്തിന്റെ ഉപദേശങ്ങൾ, കൽപ്പനകൾ, അതിന്റെ അനുവർത്തനങ്ങൾ, യേശുക്രിസ്തുവിന്റെ മടങ്ങിവരവ്, ദൈവത്തിന്റെ ന്യായവിധി ഇങ്ങനെ ആധികാരികമായ വിഷയങ്ങൾ അതിന്റെ തനിമ ഒട്ടും നഷ്ടപ്പെടുത്താതെ ജനഹൃദയങ്ങളിലേക്ക് എത്തിക്കേണ്ടതിനു പകരം നവയുഗ വേദികളിൽ അരങ്ങേറുന്നത് ഉത്സവപറമ്പുകളിലെ കലാപരിപാടികളെ പോലും പിന്നിലാക്കുംവിധമാണ് എന്നത് ദുഃഖകരം തന്നെ!

ദിനംതോറും നമുക്കിടയിൽ സുവിശേഷ പ്രഭാഷകരുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. വേദികളുടെ വർദ്ധവാണ് അതിനൊരു പ്രധാന കാരണം. ഇതിൽ നാം ആശങ്കപ്പെടേണ്ടതില്ല. കാരണം ലോകം എങ്ങുംപോയി സുവിശേഷം അറിയിക്കുക, വചന വ്യാപനത്തിനായി നാം ഉത്സാഹിക്കേണ്ടത് വളരെ അനിവാര്യമാണ്. നമ്മുടെ എക്കാലത്തെയും ഏറ്റവും വലിയ ദൗത്യം സുവിശേഷീകരണവും വചന പ്രസംഗവുമായിരിക്കട്ടെ! പക്ഷെ നിർഭാഗ്യവശാൽ ഇന്നത്തെ ഒട്ടുമിക്ക വേദികളും ഇതിനൊരപവാദമാണ്. ചില കലാകാരന്മാരുടെ പ്രകടന സ്ഥലമായി അധഃപതിക്കുന്നതു നാം ആശങ്കയോടെ കാണേണ്ടതുണ്ട്. വ്യത്യസ്ത കലകളുടെ അവതരണമാണ് ഇന്നത്തെ സുവിശേഷ വേദികളിൽ കാണപ്പെടുന്നത്. അതിൽ പ്രധാനം തരംതാണ ഫലിതങ്ങൾ വിളമ്പി ആളുകളെ ഇളക്കുന്ന വിദൂഷക വ്യാപാരമാണ്. ദൈവവചന ശുശ്രൂഷയ്ക്കായി അനുവദിക്കപ്പെട്ട സമയമത്രയും ഫലിതങ്ങൾ പറഞ്ഞു ജനത്തെ ചിരിപ്പിക്കുന്ന ഇവർ ഒരു വലിയ വിപത്തിലെക്കു ജനത്തെ നയിക്കുകയാണ്. ദൈവവചനത്തിന്റെ ആധികാരികതയേയും ഗൗരവത്തെയും വിലകുറച്ച് കാണുകയും അപ്പോൾ തന്നെ ആളുകളുടെ കയ്യടി വാങ്ങിക്കൂട്ടാൻ നടത്തുന്ന ഇത്തരം ഹീനമായ ഇടപാടുകൾ നമുക്ക് നേരിട്ടിരിക്കുന്ന ആത്മീക മൂല്യച്യുതിയുടെ മുഖ്യ തെളിവാണ്. ജോലിതിരക്കുകളുടെയും മറ്റു ജീവിത സാഹചര്യങ്ങളുടെയും ഒക്കെ ഇടയിൽ അല്പം ദൈവവചനം കേട്ടാശ്വസിക്കാൻ എത്തുവാൻ തിരുവചന ശുശ്രൂഷയുടെ ഭൂരിഭാഗവും കളി തമാശകൾ പറഞ്ഞു ജനത്തെ ചിരിപ്പിച്ചു മടക്കി അയക്കുന്നത് യോഗ്യമോ? ദൈവവചന പ്രഭാഷണത്തിനുള്ള വേദി കോമഡി അവതരിപ്പിക്കാനുള്ളതോ? യേശുക്രിസ്തുവോ തന്റെ ശിഷ്യന്മാരോ അപ്പൊസ്തലന്മാരോ എപ്പോഴെങ്കിലും ഫലിതം പറഞ്ഞു ജനത്തെ ഇളക്കിയിട്ടുണ്ടോ? ശ്രോതാക്കളുടെ നിലവാരം മനസിലാക്കി അവർക്ക് മനസിലാകുവാൻവേണ്ടി ഉപയോഗിക്കുന്ന ഉപമകളോ സംഭവങ്ങളോ സഭ്യമായതും മാന്യമായതുമായഅൽപ്പമായ നർമ്മങ്ങളും ഒക്കെ പരിധിക്കുള്ളിൽ നിന്നാകാമെങ്കിലും പലപ്പോഴും ഇത് സീമകൾ ലംഘിച്ച് അമ്പല പറമ്പിലെ നടനവേദികൾപോലെ നമ്മുടെ സുവിശേഷവേദികൾ അധഃപതിക്കുന്നതു ഏറെ ഖേദകരം തന്നെ. കാൽവറിക്രൂശിന്റെ ദർശനം ജനഹൃദയങ്ങളിൽ എത്തിച്ച് അവരുടെ ഉള്ളിൽ അനുതാപമുണ്ടാക്കേണ്ടതിനു പകരം നിരർത്ഥക ഫലിതങ്ങൾ നിരത്തി ചിരിപ്പിച്ചയ്ക്കുന്ന നവയുഗ പ്രവണത ഏറ്റവും അപകടം നിറഞ്ഞതാണ്.

കൂൺപോലെ പൊട്ടിമുളക്കുന്ന നവ വെളിപ്പാട് സംഘങ്ങൾ കാട്ടികൂട്ടുന്ന കോലാഹലങ്ങൾ തിരുവചനത്തിനന്യമാണ്. ദൈവവചനത്തിന്റെ ആധികാരികമായ അറിവോ പരിജ്ഞാനമോ ഇല്ലാതെ വേദിയിൽ നെടുകയും കുറുകയും ഓടി അപ ശബ്ദങ്ങൾ പുറപ്പെടുവിച്ചും വ്യത്യസ്ത ശാരീരിക ചേഷ്ടകൾ കാണിച്ചും ഒടുവിൽ വേദി വിട്ടു ജനത്തിന്റെ ഇടയിലൂടെ ഇറങ്ങി ഓടുകയും ചാടുകയും ഒക്കെ ചെയ്തുകൊണ്ട് അവതരിപ്പിക്കുന്ന ഈ ആകൃതിതരങ്ങൾ ഏറ്റവും അരോചകമാണെന്ന് മാത്രവുമല്ല അങ്ങേയറ്റം അപഹാസ്യവുമാണ്. ടെലിവിഷൻ ചാനലുകളിലും മറ്റിതര മാധ്യമങ്ങളിലും നിന്നൊക്കെ ലഭിക്കുന്ന നിലവാരമില്ലാത്ത തമാശകൾ, അവയ്ക്ക് മുകളിൽ ആത്മീകതയുടെ പരിവേഷം വരുത്തി സുവിശേഷവേദികളിൽ വിളമ്പുന്ന ഈ കൊമേഡിയന്മാരും, സത്യത്തിൽ ഇവർ തങ്ങളെ വഞ്ചിക്കുകയാണ് ചെയ്യുന്നത് എന്ന് തിരിച്ചറിയാതെ അതിനെല്ലാം ആമേൻ പറയുന്ന കാര്യവിവേചനശേഷി നഷ്ടപ്പെട്ട ഒരു പറ്റം സമൂഹവും!!! ഇത് രണ്ടുംകൂടി ചേരുമ്പോൾ അനുതാപമുണ്ടാകേണ്ട ജനമനസ്സുകളിൽ അരക്ഷിതാവസ്ഥയും പിന്നെ ആശയകുഴപ്പങ്ങളും!! കളി പറഞ്ഞു ജനത്തെ ഇളക്കുന്ന ഈ കലാകാരന്മാർ പിന്നീടു ന്യായവിധിയുടെ ദൂതറിയിച്ചാലും കളിയായേ ജനത്തിനു തിരിയു എന്ന യാഥാർത്ഥ്യം വിസ്മരിച്ചു കൂടാ. പുതിയ കുറേ വെളിപ്പാടും നിലവാരമില്ലാത്ത ഫലിതങ്ങളും ആടിതിമർക്കാൻ അർത്ഥമില്ലാത്ത ഒരുപിടി പാട്ടുകളും കയ്യിലുണ്ടെങ്കിലേ ഇന്ന് വല്ലതും നടക്കു എന്ന സ്ഥിതി ആയിരിക്കുന്നു. കർണ്ണ രസം വരുത്തുന്ന കാര്യങ്ങൾ മുഖ്യസ്തുതിയുടെ മേമ്പൊടി ചേർത്തു അവതരിപ്പിച്ചു ദൈവവചന ശുശ്രൂഷക്ക് അതിന്റെ ഗൗരവും കൊടുക്കാതെ ആത്മീക പ്രഭാഷണവേദികളെ മലീമസമാക്കിക്കൊണ്ടിരിക്കുമ്പോൾ ഇനിയും നാം സ്വീകരിക്കുന്ന മൗനം മറ്റൊരു ദുരന്തത്തിനുവേണ്ടി നാം കൊടുക്കുന്ന അനുമതിയായി തീരാം!!

വിധിയും വിചാരണയും

# ദൈവാധിപത്യവും ജനാധിപത്യവും പിന്നെ ധനാധിപത്യവും



രാജു ആനിക്കാട്

എല്ലാ പ്രസ്ഥാനങ്ങളുടെയും മുഖം അതിന്റെ നേതൃത്വത്തിന്റേതാണ്. നേതാവ് നന്നായാൽ എല്ലാം നന്നായി എന്നു പറയാം. നയിക്കുന്നവർ തോറ്റുപോയാൽ മുഴുവൻ പരാജയമായിരിക്കും. ലീഡർഷിപ്പിനെക്കുറിച്ച് എല്ലാ സമൂഹവും സംഘടനകളും ഒരുപോലെ ചിന്തിക്കുന്ന കാലമാണ്. ഒരു സമൂഹത്തിന്റെ മുഴുവൻ ജയപരാജയങ്ങളെ സ്വാധീനിക്കുന്നത് ലീഡർ ആയതുകൊണ്ടാണ് ആ കാര്യത്തിന് നാം അത്രയും പ്രാധാന്യം നൽകുന്നത്.

ആത്മീയപ്രസ്ഥാനങ്ങൾക്ക് ഒരാത്മീക നേതൃത്വം എപ്പോഴും അനിവാര്യമാണ്. ആത്മീക നേതൃത്വത്തെ ദൈവമാണ് കാലാകാലങ്ങളിൽ അവരോധിക്കുന്നത് എന്നതാണ് നമ്മുടെ വിശ്വാസം. അത് അങ്ങനെതന്നെയാണുതാനും. എന്നാൽ സമീപകാലത്ത് ആധ്യാത്മീക പ്രസ്ഥാനങ്ങളും ജനാധിപത്യത്തിന്റെ സ്വാധീനത്തിലേക്ക് വീണതോടെ ആ കാഴ്ചപ്പാടിന് മാറ്റം വന്നിരിക്കുകയാണ്. ജനാധിപത്യത്തിൽ ദൈവാധിപത്യത്തിനു എത്രമാത്രം സ്ഥാനമുണ്ടെന്ന് ഇപ്പോൾ ഏവരും ചിന്തിച്ചുതുടങ്ങിയിരിക്കുകയാണ്. ജനാധിപത്യത്തിൽ ദൈവാധിപത്യത്തേക്കാൾ ധനാധിപത്യത്തിനാണ് പ്രസക്തിയെന്ന് നിസംശയം പറയാൻ കഴിയുന്ന ഒരു കാലഘട്ടമാണിത്. ലീഡർഷിപ്പ് തത്വത്തിൽ കൂടുതൽ ആളുകളുടെ പിന്തുണ നേടുകയാണല്ലോ. അത് ദൈവാധീനത്താൽ സംഭവിക്കുമ്പോൾ അതിനെ ദൈവത്താലുള്ള ലീഡർഷിപ്പ് എന്ന് നാം പറയും. ദൈവത്താൽ ഉള്ള അംഗീകാരം കിട്ടാത്തവർ എന്തു ചെയ്യും. മറ്റൊന്നും ചെയ്യാനില്ല. ധനാധിപത്യം കൊണ്ട് അംഗീകാരം നേടുക അതായിരിക്കും പിന്നെത്തെ പദ്ധതി.

ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭയാണ് ആധ്യാത്മീക സംഘടകളിൽ ജനാധിപത്യം കൊണ്ട് പ്രസിദ്ധിയോ കുപ്രസിദ്ധിയോ ഉണ്ടാക്കിയിരിക്കുന്ന പ്രസ്ഥാനം. ഇതിന് ശക്തമായ ആത്മീകനേതൃത്വം ഉണ്ടായിരുന്ന ഒരു കാലഘട്ടമുണ്ട്. പരിചയവും പക്വതയുമുള്ള അർഹരായവർ മാത്രം ഇതിനെ മുമ്പോട്ടു നയിച്ച സമയം അവിസ്മരണീയമാണ്. അന്ന് ആളുകളുടെ പിന്തുണ നേടിയവർ കർമ്മധർമ്മങ്ങൾകൊണ്ട് ആ സ്ഥാനത്തിന് യോഗ്യരായിരുന്നുവെന്നതിന് രണ്ടുപക്ഷമില്ല. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? ഈ പ്രസ്ഥാനം ദൈവാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിൽ നിന്നും ഒക്കെ മാറി പണാധിപത്യത്തിന്റെ പാതയിലാണെന്ന് പറയാം. പണമുള്ളവർക്ക് ദൈവസഹായം ഉണ്ടാകുകയില്ലെന്ന വിശ്വാസമില്ല. പക്ഷെ പണം ഉള്ളവർ സ്ഥാനമാനങ്ങൾക്കുവേണ്ടി പണാധിപത്യത്തെ സമർത്ഥമായി ഉപയോഗിക്കുവാനുള്ള സാധ്യത ഏറെയാണ്. കരുതികൂട്ടി അതിനെ ജയിക്കാനുള്ള ശേഷിയുണ്ടാകുന്നവർ ചുരുക്കമായിരിക്കും.

കഴിഞ്ഞ മാസത്തെ നമ്മുടെ ജനറൽ കൺവൻഷനും നവതി ആഘോഷവുമൊക്കെ നമുക്ക് നൽകുന്ന സന്ദേശം ഇതൊക്കെ തന്നെയാണ്. ചോരയും നീരും കൊടുത്ത് ദൈവരാജ്യത്തിനുവേണ്ടി അധ്വാനിച്ചവരെ വാമൂടിക്കെട്ടി ഒരിടത്ത് ഇരുത്തിയിട്ട് പുത്തൻ പണക്കാർ നടത്തുന്ന കസർത്ത് ജുഗുപ്സാവഹം ആയിരുന്നു. പണമുണ്ടെങ്കിൽ നേതാവാകാം പ്രസംഗിക്കാം. വേണമെങ്കിൽ ഒരു പുരുഷായുസു മുഴുവനും ദൈവനാമത്തിനുവേണ്ടി അധ്വാനിച്ചവരെ ആദരിക്കാം. പണ്ടൊക്കെ മേൽപ്പറഞ്ഞവയ്ക്കൊക്കെ സമൂഹം ആവശ്യപ്പെടുന്ന പക്വതയും പരിചയവും ഒക്കെ ആവശ്യമായിരുന്നു. അതില്ലാത്തവരുടെ മുട്ടിടിക്കുകയും കൈവിറയ്ക്കുകയും ചെയ്യുമായിരുന്നു. പക്ഷെ ഇന്ന് ആവിധ യോഗ്യതകൾ ഒന്നും തന്നെയില്ലെങ്കിലും മടിക്കെട്ടിൽ ഇഷ്ടംപോലെ നോട്ടുകെട്ടുണ്ടെങ്കിൽ ഇതൊക്കെ നിസാരങ്ങളാണ്. പണം ഉള്ളവന്റെ മനശാസ്ത്രം അനുസരിച്ച് അവനുള്ളതുകൊണ്ടൊന്നും തൃപ്തി വരുന്നില്ല. കാരണം എന്തും നേടാനുള്ള സാഹചര്യമുള്ളവർക്ക് ഒന്നും തന്നെ തൃപ്തികരമല്ല. അവന്റെ അവസാനത്തെ അത്താണിയാണ് പൊതുജനമധ്യത്തിൽ ഒരു കസേര. പണം കൊടുത്ത് വാങ്ങിയ ആ അനർഹ സിംഹാസനത്തിൽ വളിച്ചിരിക്കുന്നത് കാണുന്ന നമുക്ക് അറപ്പുളവാക്കുന്നതാണെങ്കിലും ഇവറ്റകൾക്ക് അതൊരു സുഖംതന്നെയാണ്. അതാണ് ഇപ്പോൾ ഐ. പി. സി. കേന്ദ്രങ്ങളിൽ നടക്കുന്നത്. ഒരു കാര്യം ഉറപ്പാണ് ധനാധിപത്യത്തിന് അറുതി വരുന്ന ഒരു സമയം ഉണ്ട്. അപ്പോൾ ഈ സ്വയം പ്രഖ്യാപിത നേതാക്കന്മാർ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് തള്ളപ്പെടും. അധികാരസംവിധാനം ഉപയോഗിച്ച് അർഹതയുള്ളവനെ അടിച്ചമർത്താൻ ശ്രമിച്ചാൽ ജനവികാരം അവർക്ക് വിരുദ്ധമായിവരും. അതുകൊണ്ട് ആത്മീക പ്രസ്ഥാനങ്ങളിൽ ധനാധിപത്യത്തിനലല്ല ജനാധിപത്യത്തിനുമല്ല ദൈവാധിപത്യത്തിനാണ് ആത്യന്തികസ്ഥാനം എന്നറിഞ്ഞാൽ ഏവർക്കും നന്ന്.

## 03 കാൽവറിയുടെ....

കാപ്പിയെ അയാൾ നോക്കി.

അവിടെ നിന്ന് കണ്ണു പിഴുത് ഉയരങ്ങളിലേക്ക്...

പിതാവേ...എന്റെ പിതാവേ ....?

നേർത്ത നിലവിളിയോടെ ആ ൽബർട്ട് മുഴങ്കാലിലിരുന്നു.

എന്റെ ബലവും കഴിവും ചോർന്നു പോകുന്നത് നീ അറിയുന്നില്ലന്നാണോ...എന്റെ വലങ്കര ത്തിൽ പിടിക്കേണമേ...

കുടിലിൽ ഘനീഭവിച്ചു കിടന്ന നിശബ്ദതയുടെ വ്യാഖ്യാനമാരാഞ്ഞ് ആൽബർട്ട് കരഞ്ഞു. (തുടരും)

## കൺവൻഷൻ

**ഏലപ്പാറ:** പച്ചക്കാട് ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ജനുവരി 25,26 തീയതികളിൽ കൺവൻഷൻ നടന്നു. ചപ്പാത്ത് ഡിസ്ട്രിക്ട് പാസ്റ്റർ റവ. എം.എ. ജോണിക്കുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ പി.സി. ചെറിയാൻ, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. സ്പിരിചൽ വോയ്സ് കടപ്പന സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ റെജി ജോസഫ് നേതൃത്വം നൽകി.

## കാലികം

# സഭകളുടെ തിരഞ്ഞെടുപ്പ് രീതിയിൽ സാധാരണജനം അസ്വസ്ഥർ



സജി നെടുങ്കണ്ടം

ഞാൻ എന്റെ സഭയെപ്പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ലായെന്ന യേശുവിന്റെ പ്രഖ്യാപത്താൽ ദൈവസഭ കാലത്തിന്റെ കുത്തൊഴുക്കിനെ മറികടന്ന് ഭൂമിയിൽ ഇന്ന് പൂർണ്ണ വളർച്ചയിലേയ്ക്ക് മുന്നേറുന്നു. മരക്കുരിശിൽ തൂങ്ങി മാറു പിളർന്ന് സമ്മാനിച്ച രക്തത്താൽ സത്യസഭ നിത്യതയിലേയ്ക്ക് മുന്നേറുന്നു. ദൈവസഭയുടെ വളർച്ചയ്ക്ക് മിഷണറി വീരന്മാരുടെ രക്തം വളമായെങ്കിൽ പൂർണ്ണവളർച്ചയിലേയ്ക്ക് എത്താൻ ആധുനിക വിശുദ്ധൻമാരുടെ വിയർപ്പെങ്കിലും വളമായി നൽകുക. കാലഘട്ടങ്ങളെ അതിജീവിച്ച് പ്രതിസന്ധികളെ തരണം ചെയ്ത് ഗോത്രങ്ങളിൽ നിന്നും, ഭാഷകളിൽ ആയിരങ്ങളെ നാഥൻ അടർത്തി എടുത്ത് മണവാട്ടി സഭയെ ഇന്ന് ഭൂമി മുഴുവൻ നിറച്ചിരിക്കുന്നു. പ്രതീക്ഷ നഷ്ടപ്പെട്ടവർ; ഒരു കുപ്പിവിഷത്തിലോ ഒരു തുണ്ട് കയറിലോ പിടഞ്ഞു മരിക്കേണ്ട ലക്ഷോപലക്ഷം ജനതയെ സത്യസുവിശേഷം രക്ഷിച്ച് സവിശേഷമായ ജീവിതത്തിന് ഉടമകളാക്കി. ജീവിതത്തിന് അർത്ഥവും ലക്ഷ്യവും തന്ന ഒരേ ഒരു സന്ദേശം ജീവനായകൻ പാലസ്ഥിനായിൽ പറഞ്ഞു തുടങ്ങിയ സുവിശേഷമാണ്. ദൈവജനത്തിന്റെ സ്നേഹവും കരുതലും ദൈവദാസൻമാരുടെ വാത്സല്യവും പരിപാലനവും കൊടുംപാപിയെപ്പോലും, തിരിച്ചുപോകാൻ കഴിയാത്തനിലയിൽ സഭയുടെ ഉള്ളിൽ തുളച്ചിരുത്തി. സകലപ്രശ്നന്റെ കൃപാകടാഷം മുഴുപാപിക്കും മിഴിനീര് ഒഴുക്കി ജീവിതത്തിലേയ്ക്ക് മടങ്ങിവരാൻ സാധിച്ചു. ക്രൂരപീഡ ഏറ്റ് ക്രൂശ് മരം ചുമന്ന് ഒരു പളുങ്ക് പാത്രം പാറമേൽ വീണ് കുടം ഉടഞ്ഞ് ചിതറുന്നപോലെ; സ്വർഗ്ഗത്തിന്റെ ഉടമസ്ഥൻ സകല മനുഷ്യരുടെയും രക്ഷ അസ്തമിച്ചു. ഒരു മനുഷ്യനാണ് ആ മരക്കുരിശിൽ കിടക്കുന്നത് എന്ന് പോലും പറയാൻ കഴിയാത്തവിധം മനുഷ്യപുത്രൻ വിരുപമാക്കപ്പെട്ടു. മൂന്നാണിമേൽ തൂങ്ങി മുഴു മനുഷ്യരെയും രക്ഷിച്ച് നിത്യതയുടെ നായകൻ മാറു പൊട്ടി നേടി എടുത്ത ദൈവ സഭയെ ഇന്ന് നയിക്കുന്ന നായകൻമാരെ ഇങ്ങനെ മതിയോ?

കാലിക്കച്ചവടം നടത്തി ലാഭം ഉണ്ടാക്കുന്നവരെപ്പോലെ ആത്മീയ നേതൃത്വം അധഃപതിക്കരുത്. സാധാരണ ജനം വോട്ടു നൽകി നേതൃത്വത്തിൽ കൊണ്ടുവന്ന് ഭരണശിരാ കേന്ദ്രത്തിൽ ഇരിക്കുന്ന ദൈവദാസന്മാർ ദൈവവചനത്തിന്റെ മൂല്യം കാലത്ത് സൂക്ഷിക്കണം. മുഖ്യധാരപെന്തക്കോസ്തു സഭകളുടെ തിരഞ്ഞെടുപ്പ് രീതിയിൽ ജനങ്ങൾക്കാണ് പ്രാധാന്യം ജനങ്ങളാണ് തിരഞ്ഞെടുക്കുന്നതും. പൊതുജന സമക്ഷം അപഹാസ്യമാകുന്ന രീതിയിലുള്ള ദൈവസഭകളുടെ തിരഞ്ഞെടുപ്പ് ചട്ടം കാലോചിതമായ മാറ്റം വരുത്തി സമൂഹത്തിൽ സഭയെ സംരക്ഷിക്കാൻ നേതൃത്വം ഉണർന്ന് പ്രവർത്തിക്കണം. ലാഭമുണ്ടാക്കാനും ഏറെക്കാലം അധികാരത്തിൽ തുടരാനും ഈ രീതിയാണ് ഏറെ ഉത്തമം എന്ന് ഉത്തരവാദപ്പെട്ടവർ കരുതുന്നെങ്കിൽ; ഇതു കണ്ട് വീർപ്പു മുട്ടിക്കും കഴിയുന്ന ദൈവജനത്തിന്റെ പ്രാർത്ഥന നിങ്ങൾക്കും നിങ്ങളുടെ തലമുറക്കും ദോഷമായി ഭവിക്കും. വോട്ടുനേടി അധികാരത്തിൽ വരാൻ വളഞ്ഞവഴി തിരഞ്ഞെടുക്കുന്ന വ്യക്തി എത്ര ആത്മീയനാണെങ്കിലും ദൈവജനം നിങ്ങളെ പുച്ഛിച്ച് തള്ളുകയാണ്. ദൈവസഭയുടെ ക്ഷേമവും വളർച്ചയും മുന്നിൽകണ്ട് ദൈവനാമമഹത്വത്തിനായി പ്രവർത്തിക്കുവാൻ വോട്ടുനേടി അധികാരത്തിൽ വന്ന ഓരോ വ്യക്തിക്കും അവസരമുണ്ട്. ഇലക്ഷൻ മുമ്പ് ഓരോ പാനലുകാരും ഇറക്കിയ പത്രിക പൊടിപറ്റാതെ ദൈവജനം സൂക്ഷിക്കുന്നുണ്ട് എന്ന കാര്യം മറക്കണ്ട. സമുദായസഭയും വിഗ്രഹസേവയും വിട്ട് സത്യസഭ ഇതാണ് എന്ന് തിരിച്ചറിഞ്ഞ് ഇല്ലോ എന്ന് ഓർത്ത് ഭൂരിപക്ഷം വിശുദ്ധന്മാരും വിങ്ങിപ്പൊട്ടുകയാണ്. ദൈവനാമം ദുഷിക്കുന്ന രീതിയിലുള്ള ഇലക്ഷൻ സമ്പ്രദായത്തോട് യോജിക്കുന്ന ദൈവജനം എത്രപേരുണ്ട് എന്ന് അറിയാൻ ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ഓരോ വിശ്വാസിക്കും പൂരിപ്പിക്കാൻ തക്ക ഒരു ഫോറംകൂടി ചേർത്ത് സർക്കുലർ ഓരോ ലോക്കൽകോളം കൂടി ക്രമീകരിക്കാൻ മറക്കരുത്. തിരികെ കിട്ടുന്ന ലിസ്റ്റ് ബഹുമാനപ്പെട്ട നേതൃത്വം പരിശോധിച്ചാൽ ഒറ്റമാസംകൊണ്ട് സഭാപ്രസ്ഥാനത്തിന്റെ ഇലക്ഷൻ രീതിയിൽ കാലോചിതമായ മാറ്റം വരുത്താൻ നിങ്ങൾ ചാടിപ്പുറപ്പെടും. ദൈവസഭയ്ക്കും ദൈവജനത്തിനും യോഗ്യമല്ലാത്ത ഈ അനാത്മീക ശൈലി തിരുത്തുന്നതിനെക്കുറിച്ച് ചിന്തിച്ചാൽ എന്തുകൊണ്ട് നേതൃത്വം വൈമനസ്യംകാട്ടുന്നു. ഇലക്ഷന് മുമ്പ് നിങ്ങൾ ഇറക്കിയ പത്രികയിൽ അടിവരയിട്ട് നടപ്പിൽ വരുത്താം എന്നു പറഞ്ഞകാര്യം എന്തുകൊണ്ട് നിങ്ങൾ ശ്രദ്ധിക്കുന്നില്ല. വാണിയനും വാണിയത്തിയും കളിക്കുന്ന രീതി നേതൃത്വം അവസാനിപ്പിച്ച് ദൈവജനത്തിന് മറുപടി നൽകുക.

ഈ ഇലക്ഷൻ സമ്പ്രദായത്തിന് മാറ്റം അത്യാവശ്യമാണ് എന്ന് ചിന്തിക്കുന്ന നേതൃത്വം ഉടുക്കാൻ ഭൂരിപക്ഷം വരുന്നോരു ഗ്രൂപ്പിന് മനസില്ലാ എന്നതാണ് മനസിലാക്കേണ്ടത്. സഭാ ആസ്ഥാനത്തിന് വികസനവും ഹെഡ്കോട്ടേഴ്സുമൊക്കെ ആധുനിക സഭയ്ക്ക് ആവശ്യമെങ്കിലും അത്യാവശ്യം ദൈവസഭകളുടെ നിലനിൽപ്പാണ് വൈക്കോലിനുവേണ്ടിയാണോ മുതൽ മുടക്കി വയൽകൃഷി നടത്തുന്നത്? മാർബിളും മൊസൈക്കും, ഗ്രാനൈറ്റുമെല്ലാം കല്ലിന്മേൽ കല്ല് ശേഷിക്കുകയില്ലായെന്നു കൂടി വികസനം കൊതിക്കുന്ന നേതൃത്വം മനസിലാക്കുക. “ദൈവം ശിൽപ്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരത്തിനായി കാത്തിരിക്കുന്നു (ഏബ്ര. 11:10). എന്ന് വിശ്വാസവീരന്മാർ പഠിപ്പിച്ച പാർപ്പിടത്തിൽ എത്താൻ തക്ക പ്രാഗത്ഭ്യമുള്ളവരാക്കി ദൈവജനത്തെ ഒരുക്കി എടുക്കാൻ നേതൃത്വം തയ്യാറാകണം. കൊല്ലന്റെ ആലയിൽകിടക്കുന്ന് എത്ര തീപ്പൊരിക്കണ്ടതാ എന്ന് മനോഭാവത്തിൽ തുടരാനാണ് ഭാവമെങ്കിൽ അടുത്ത ഇലക്ഷന് നടക്കാൻ പോകുന്ന നാണം കെട്ട ശൈലി കൂടി മുൻകൂട്ടി പ്രവചിക്കാം (1) ഓരോ പാനലുകാർക്കും ഓരോ കൊടി സഭാ ആസ്ഥാനത്ത് ഉയരും. (2) ജലപീരിങ്കിയും കണ്ണീർവാദകവും പ്രയോഗിക്കാൻ കേരളാ പോലീസ് എത്തും. (3) ഉപരോധ സമരവും കല്ലേറും പ്രതീക്ഷിക്കാം (4) പെന്തക്കോസ്തുകാരുടെ ഇടയിലെ പോളിറ്റ് ബ്യൂറോയും ഹൈക്കമാന്റും പൊതുചാനലിൽ ചർച്ചയ്ക്ക് വരേണ്ടിവരും (5) ചാനൽ ഉള്ളവർക്ക് വീട്ടിൽ ഇരുന്നാണെങ്കിലും ചർച്ചയിൽ പങ്കെടുക്കാം. ലജ്ജാകരം എന്നല്ലാതെ എന്തു പറയാൻ. സ്നേഹ സ്വരൂപിയായ ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കാൻ വൈകരുതേ എന്നൊരു അപേക്ഷമാത്രം.

---

# 01 ↶ പാസ്റ്റർ പി. ജെ .ജെയിംസിന്റെ മറുപടി...

ഞ്ഞു എന്ന പ്രചരിപ്പിക്കുന്നത് പച്ചക്കള്ളമാണ്. പിന്നെന്തിനാണ് ഇവാലുവേഷൻ നടത്തിയത്. കൗൺസിലിനകത്ത് പതിവായി നടത്തുന്ന ഒന്നല്ല ഇത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ സിസ്റ്റമാറ്റിക്കായി ഇവാലുവേഷൻ നടത്തിയത്. ഇന്ത്യയിൽ ഒരു ഓവർസിയർമാർക്കും ഓരോടേം നീട്ടികൊടുത്തിട്ടില്ല. അങ്ങനെയെങ്കിൽ വേൾഡ് മിഷന്റെ ഔദ്യോഗിക അറിയിപ്പ് ന്യൂസ് ലെറ്ററിലൂടെ പ്രസിദ്ധീകരിക്കണം. രണ്ട് കൗൺസിലും ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ പ്രിഫറൻസ് ബാലറ്റ് നടത്താനുള്ള തീരുമാനത്തിലാണ് വേൾഡ് മിഷൻ എന്നറിയുന്നു.

✷ 2013-ലെ ജനറൽ കൺവൻഷൻ വലിയ വിജയമായിരുന്നു. പുതിയ ഓവർസിയർ സ്ഥാനം ഏറ്റെടുത്തശേഷമുള്ള ആദ്യ കൺവൻഷൻ എന്ന നിലയിൽ വിശ്വാസികളും ശുശ്രൂഷകന്മാരും ആവേശത്തിലായിരുന്നു. ശക്തമായ ജനപിന്തുണയും മാധ്യമ പിന്തുണയും ലഭിച്ചിരുന്നു. പി. ജെ. ജെയിംസ് ഭരണ നടപടികളിലേക്ക് കടക്കുന്നതിന് മുമ്പുള്ള കൺവൻഷനിൽ വിവാദങ്ങൾ ഒട്ടും ഇല്ലായിരുന്നു. ഈ കൺവൻഷനെ വിലയിരുത്തുക മാത്രമാണ് മാധ്യമങ്ങൾ ചെയ്തതും വചനദീപം 98 മാർക്ക് നൽകിയതല്ലാതെ ഭരണത്തിനുള്ള മാർക്കല്ല എന്ന് ഓർക്കണം.

✷ ക്രമരഹിതമായി ചിലതൊക്കെ പ്രതീക്ഷിച്ചവരാണ് വാർത്തകൾക്ക് പിന്നിലെന്ന് പറയുന്നത് ശുദ്ധഭോഷ്കാണ് നാളിതുവരെ ഒരു ബോർഡ് അംഗം പോലും ആകാത്ത മാധ്യമപ്രവർത്തകർ എന്ത് സ്ഥാനമാണ് ചോദിച്ചത് എന്ന് വെളിപ്പെടുത്തണം. കളങ്കിതരായ ഒരു കൂട്ടം അടുത്തൂൺ പറ്റികളെ കൂടെ നിർത്തുകയും സ്ഥാനങ്ങൾ നൽകി ഗുണ്ടാപ്പണിയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്നത് എല്ലാവർക്കും അറിയാം. മുളക്കുഴയിൽ വന്നാൽ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളെകൊണ്ട് “വലിച്ചു കീറുമെന്ന്” പറഞ്ഞ ഇദ്ദേഹം സ്വയം വിലയിരുത്തുന്നത് “ഞാൻ അല്പനായിരിക്കെ മഹാൻ എന്ന നിരൂപിക്കുന്നതുപോലെയാണ്” (സുവിശേഷനാദം, ഡിസംബർ) വരട്ടാറിലെ മലിനജലം കൺവൻഷനിൽ ആഹാരം പാകം ചെയ്യാൻ ഉപയോഗിച്ചതിനെ ചോദ്യം ചെയ്ത ഡിസ്ട്രിക്ട് പാസ്റ്ററുടെ പാഴ്സനേജിൽ ഗുണ്ടകളെ അയച്ച നേതാവിന്റെ കപടമുഖം ജനം തിരിച്ചറിഞ്ഞു കഴിഞ്ഞു. ഒരു ആനുകൂല്യത്തിന്റെ അപ്പക്കഷണങ്ങൾക്കും പിന്നാലെ മാധ്യമപ്രവർത്തകർ പോയിട്ടില്ല. ബംഗ്ലാവിലെ മാലിന്യം തിന്ന് സ്വയം ചീർക്കുന്ന അൾസേഷൻ നായ്ക്കൾക്ക് ആ അപ്പക്കഷണങ്ങൾ എറിഞ്ഞ് കൊടുക്ക്. അവറ്റകൾക്ക് കുരയ്ക്കാനറില്ല; വാലാട്ടാൻ മാത്രം അറിയാം. ഞങ്ങൾക്ക് അധികാരത്തോട് അറപ്പാണ്.

✷ വേൾഡ് മിഷന് ലഭിച്ചു എന്ന പറയുന്ന 23 പരാതികൾ അടങ്ങിയ കത്തിനോട് ജനറൽ ഓവർസിയർ അടക്കം പോസീറ്റീവായാണ് പ്രതികരിച്ചത്. നേതൃത്വം ഇത് ഗൗരവത്തിലെടുക്കുകയും ചെയ്തു. ജനുവരി 27ന് നടന്ന സ്റ്റേറ്റ് കൗൺസിലെ സൂപ്രണ്ട് വിഷയം ചർച്ച ചെയ്ത ശേഷമാണ് ഇവാലൂവേഷൻ നടത്തിയത്. എന്നാൽ ഇതിന്റെ പേരിൽ രണ്ട് കൗൺസിൽ അംഗങ്ങളെ എപ്പോഴും പീഡിപ്പിക്കാനാണ് ശ്രമിക്കുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ കൊഞ്ഞനം കുത്തുന്നത് ശരിയല്ല. മാധ്യമങ്ങൾ ഉയർത്തുന്ന ഏത് വിഷയങ്ങൾ സംബന്ധിച്ചും ഞങ്ങൾ സംവാദത്തിന് തയ്യാറാണ്.

മാധ്യമ ആരോപണങ്ങൾക്ക് മറുപടി നൽകാതെ ഒഴിഞ്ഞു മാറുകയാണ് ചെയ്യുന്നത്. വ്യക്തിഹത്യ ഞങ്ങളുടെ അജണ്ടയല്ല. ഞങ്ങളുടെ വിമർശനം താത്വികമാണ്. മാധ്യമങ്ങൾക്ക് വാർത്തകൾ നൽകുന്നത് കൗൺസിൽ അംഗങ്ങൾ ഉൾപ്പെടെ സഭാ നേതൃത്വം തന്നെയാണ്. രണ്ട് പത്രങ്ങൾ മാത്രമല്ല പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ബിലീവേഴ്സ് ജേണൽ, സ്വർഗീയ ധ്വനി, ജാലകം, ജീവകാരുണ്യം, ഇടയലേഖനം, സങ്കീർത്തനം തുടങ്ങിയ ക്രൈസ്തവ പത്രങ്ങളും ലക്ഷകണക്കിന് കോപ്പികളുള്ള കേരളാശബ്ദം, പ്രതികരണധ്വനി തുടങ്ങിയ സെക്കുലർ മാധ്യമങ്ങളും പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല എം. കുഞ്ഞപ്പിയുടെ കാലത്ത് പത്രങ്ങൾക്ക് വാർത്ത നൽകിയതും വിമതശബ്ദങ്ങൾക്ക് ഇന്ധനം പകർന്നതും പി. ജെ. ജെയിംസായിരുന്നു എന്നത് എല്ലാവർക്കറിയാം.

✷ ദൈവസഭയിലെ ഒരു പ്രബല സമുദായത്തെ ജാതിപേര് വിളിച്ച് ആക്ഷേപിച്ച സംഭവം നിർഭാഗ്യകരമായ സംഭവമാണ്. ഈ വിഷയത്തിലുള്ള പ്രതികരണം വസ്തുതാവിരുദ്ധമാണ്. ഇതിനോടുള്ള പ്രതികരണം തന്നെ വർഗീയത നിറഞ്ഞതാണ്. വലിയതുറ സഭയെ ജാതീയമായി ധ്രുവികരിക്കുന്ന വിശദീകരണമാണ് നടത്തിയത്. വലിയതുറ സഭയിൽ ഇപ്രകാരമുള്ള വർഗീയ ചേരിതിരിവുകൾ ഇല്ല. 1989 മുതൽ റ്റി. എം. മാമ്മച്ചൻ, റ്റി. എ. വർഗീസ്, എം. ജോൺസൺ, റ്റി. എ. ജോർജ്, ജോസ് ബേബി തുടങ്ങിയവരാണ് വലിയതുറയിൽ ശുശ്രൂഷിച്ചത്. ഇവരെ സഭ ആവശ്യപ്പെടാതെ നേതൃത്വം അയച്ചതാണ്. തെക്കൻ മേഖലയിൽ 250ഓളം പാസ്റ്ററന്മാരും പതിനായിരത്തിലധികം വിശ്വാസികളുമുണ്ട്. ഇതിൽ ചേരമർ സമുദായമാണ് ഭൂരിപക്ഷം. പിന്നീട് നാടാർ, ലാറ്റിൻ തുടങ്ങിയവരുമാണ്. സിറിയൻ ക്രൈസ്തവർ നാലാം സ്ഥാനത്താണ്. ഇവിടെ പ്രകടമായ വർഗീയ വിഭജനം നിലനിൽക്കുന്നില്ല. ഇതിന്റെ ഉത്തമ ഉദാഹരണമാണ് പാസ്റ്റർ പി. എ. ജെറാൾഡ് 289 വോട്ട് വാങ്ങി 10-ാം സ്ഥാനത്ത് എത്തിയത്. തിരുവനന്തപുരത്തുനിന്നും ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ ബാലറ്റിലൂടെ കൗൺസിലിലെത്തിയത് ജെറാൾഡാണ്. കെ. വി. ജോയിക്കുട്ടി, ബാബുചെറിയാൻ, കെ. റ്റി. വർഗീസ്, പി. എൻ. ഫിലിപ്പ് എന്നിവരെ പിന്തള്ളിയാണ് ജെറാൾഡ് മുന്നേറ്റം നടത്തിയത്. 183 വോട്ട് നേടി അഭിലാഷ് നല്ല പ്രകടനവും നടത്തി.

ഓവർസിയറുടെ വിവാദമായ പ്രസ്താവന സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റി വിശദീകരിക്കുകയാണ്. ഫെബ്രുവരിയിലാണ് ഓവർസിയർ വംശീയ അധിക്ഷേപത്തിന് ആധാരമായ പ്രസ്താവന നടത്തിയത്. ഇത് സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടല്ല നടത്തിയത്. വലിയതുറസഭയിൽ ഇപ്രകാരമൊരു പ്രശ്നമേ ഇല്ല. “പ്രശ്നക്കാരായ രണ്ട് പ്രബല സമുദായങ്ങളെയും ഒതുക്കി സുറിയാനിക്കാരനായ മൂന്നാമത് ഒരു പാസ്റ്ററെ അയച്ചു എന്ന വാദം” ഓവർസിയർ നടത്തുന്നത് എത്രയോ ലജ്ജാകരമാണ്. ഇത് ദുരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

ഓവർസിയർ കൗൺസിൽ പറഞ്ഞത് ഇപ്രകാരമാണ് “അവർ ദൈവസഭയ്ക്ക് ഒരു പോരും തലവേദനയുമാണ്. ഇവരെ ഒതുക്കണം അല്ലെങ്കിൽ ഈ മേഖല നമ്മുടെ കയ്യിൽ നിന്നും നഷ്ടപ്പെടും. നമ്മുടെ ആളുകളെ പ്രധാന സഭകളിൽ ഇരുത്തണം”. ഈ പ്രസ്താവന കേട്ട് ഞെട്ടിത്തരിച്ചു പോയെന്നാണ് ഒരു കൗൺസിൽ അംഗം ഇതിനോട് പ്രതികരിച്ചത്. ഈ പ്രശ്നമാണ് മാധ്യമങ്ങൾ ചൂണ്ടി കാണിച്ചത്. 2013 ആഗസ്റ്റ് 7ന് പുറത്തിറക്കിയ ജീവകാരുണ്യം പത്രത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ ചീഫ് എഡിറ്റർ ജെ. സി. പാറക്കടവിൽ ഓവർസിയറെ വെല്ലുവിളിച്ചുകൊണ്ട് കത്തെഴുതി. നേതൃത്വം ഇതിനോട് പ്രതികരിച്ചില്ല. 2013 ഡിസംബർ 22ന് ഇറങ്ങിയ കേരളാ ശബ്ദം പ്രശ്നം റിപ്പോർട്ട് ചെയ്തു. 2013 ഒക്ടോബർ 5ന് പുറത്തിറങ്ങിയ പ്രതികരണധ്വനി എന്ന സെക്കുലർ പത്രവും വിമർശനം എഴുതി. വംശീയ അധിക്ഷേപം നടത്തിയ ഓവർസിയറെ പ്രോസിക്യൂട്ട് ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ ഇന്ത്യാ, ദളിത് റൈറ്റ്സ് മൂവ്മെന്റ് ഓഫ് ഇന്ത്യ (DHRM), ക്രൈസ്തവ ആദർശസംരക്ഷണ സമിതി എന്നീ സാംസ്കാരിക സംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തി. ഈ മനുഷ്യാവകാശ പ്രശ്നം പൊതുസമൂഹം ഏറ്റെടുക്കുമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഞങ്ങൾ സംയമനം പാലിച്ച് പിന്മാറുകയായിരുന്നു ചെയ്തത്.

സ്റ്റേറ്റും-ഡിവിഷനും ഒന്നിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വേൾഡ് മിഷന് ഓവർസിയർ എഴുതിയ കത്ത് പ്രസിദ്ധീകരിക്കാൻ തയ്യാറാണോ? ഇതെല്ലാം ഈ നൂറ്റാണ്ടിലെ തമാശമാത്രമാണ്.

തുടരും..

Please Visit Us
www.beljourn.com / www.beljourn.in

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 04

# BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/02/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

## മാധ്യമവിചാരം

# അൾസേഷ്യനുകൾ പ്രകോപിതരാകരുത്



അനിൽ കൊടിത്തോട്ടം
9495733727

ജനുവരി ലക്കത്തിൽ പുകൾപറ്റ ചില പ്രസംഗകരെ പേരെടുത്തു വിമർശിച്ചു എന്ന കുറ്റം ചുമത്തി മാധ്യമവിചാരകനെതിരെ ചില അൾസേഷനുകൾ കുരച്ചുചാടാൻ ശ്രമിച്ചെന്നറിഞ്ഞു. ലേഖനം ഇവിടെ ചർച്ചയാകുമ്പോൾ ലേഖകൻ മുംബൈയിലായിരുന്നു. അൾസേഷനുകളുടെ കുര ജേണലിൽ വരിസംഖ്യ പിരിക്കാനിരിക്കുന്ന പാവം ജിവനക്കാരോടായി. അല്ലയോ കുരക്കാരേ മാധ്യമവിചാരകന്റെ ഫോൺ നമ്പർ ലേഖനത്തിനൊപ്പം ചേർത്തിട്ടുണ്ടല്ലോ നേരിട്ട് വിളിച്ചുകൂടേ? പുള്ളിപ്പട്ടാളവും ഡോഗ് സ്ക്വാഡുമില്ലാതെ യോഗസ്ഥലങ്ങളിൽ എത്തുന്ന മാധ്യമവിചാരകനോട് നേരിട്ട് സംസാരിച്ച് വസ്തുത ബോധ്യപ്പെട്ടുകൂടെ? പാവം പത്ര ഓഫീസിലെ ജീവിനക്കാരെയും പത്രാധിപരെയും വെറുതെ വിടുക. ഫോൺ ഓഫാക്കിവെയ്ക്കാറുള്ളത് യോഗസമയത്തും ഡ്രൈവിംഗിലും മാത്രം. യുക്തിസഹജമായും വസ്തുതാപരമായും സംസാരിക്കുന്ന ആരോടും എത്രനേരവും നേരിട്ടോ ഫോണിലൂടെയോ സംസാരിക്കാൻ തയ്യാർ. വൈകാരികമായി പ്രതികരിക്കുന്നവരോടും കൂലിപ്പട്ടാളക്കാരോടും ഊമക്കത്തുകാരോടും ഒരു മിനിറ്റിൽ കൂടിയ സംഭാഷണമില്ല. വിളിക്കുന്നവന്റെ ഫോൺ ചാർജ്ജും കേൾക്കുന്ന മാധ്യമവിചാരകന്റെ സമയവും വിലപിടിപ്പുള്ളത്.

ഈ ലേഖകൻ പരാമർശിച്ചതിൽ ബാബു ചെറിയാൻ, റ്റി. ഡി. ബാബു എന്നിവർ മാന്യന്മാരും ദൈവദാസന്മാരുമാണ്. അവരുടെ ചില നയങ്ങൾ പുനഃപരിശോധിക്കേണ്ടതുണ്ട് എന്ന എളിയ അഭിപ്രായമാണ് മുമ്പോട്ടുവച്ചത്. അതിൽ ഇരുവരെക്കുറിച്ചുമുള്ള എന്റെ എഴുത്തുകളുടെ ചരിത്രം പരിശോധിച്ചാൽ ഇവരെക്കുറിച്ച് ഒന്നുരണ്ടു ലേഖനങ്ങൾ അഭിനന്ദനാർഹമായി തന്നെ എഴുതിയിട്ടുണ്ട്. വിഷയം തയ്യാറാക്കുന്നതിൽ ഘനശാലിത്തവും ആധികാരികതയും നിലനിർത്തി അവധാനതയോടെ അവതരിപ്പിക്കുന്നതിൽ ലാളിത്യവും പക്വതയും പ്രദർശിപ്പിക്കുന്നതിൽ പാസ്റ്റർ ബാബു ചെറിയാൻ കാട്ടിയ ആത്മാർത്ഥതയെ ഞാൻ രേഖാമൂലം അഭിനന്ദിച്ചിട്ടുണ്ട്. നർമ്മബോധവും ആത്മ വിമർശനപരവുമായ പ്രസംഗശൈലിയാൽ ഞാൻ ഏറെ ഇഷ്ടപ്പെടുന്ന ആളാണ് റ്റി. ഡി. ബാബു. ഇതും എഴുതിയിട്ടുണ്ട്. അന്നൊന്നും അവർക്കുവേണ്ടി കുരയ്ക്കുന്നവരാരും ഒരു അഭിനന്ദനം പറഞ്ഞിട്ടില്ല. ഇവരുടെ നയവ്യതിയാനം ചൂണ്ടിക്കാട്ടിയപ്പോൾ ഇത്ര ചന്ദ്രഹാസം ഇളക്കാൻ എന്തിരിക്കുന്നു? ഒരുപോലെ പ്രോഗ്രാം പിടിച്ചിട്ട് സംഘാടകരെ വിഷമവൃത്തത്തിലാക്കുന്ന റ്റി. ഡി. ബാബുവിന്റെ രീതി മുമ്പൊരിക്കൽ ലേഖകൻ വിമർശിച്ചിരുന്നു. അതിനുശേഷം ഞങ്ങൾ നല്ല സുഹൃത്തുക്കളായി. പ്രസംഗത്തിലെ അതിരുവിട്ട അലിഗറി വ്യാഖ്യാനം ചൂണ്ടിക്കാട്ടിയപ്പോൾ ഞാൻ വീണ്ടും അദ്ദേഹത്തിന് അനഭിമതനായി. നല്ലതെഴുതുമ്പോൾ കൊള്ളാമെന്നും വിമർശിക്കുമ്പോൾ അസഹനീയം എന്നും ഒരുപോലെ പറയാത്ത ഫാൻസുകളെയാണ് യജമാനനുവേണ്ടി കുരയ്ക്കുന്ന അൾസേഷ്യനുകളായി പരാമർശിക്കേണ്ടിവന്നിരിക്കുന്നത്.

കഴിഞ്ഞലക്കത്തെക്കുറിച്ച് മേൽപ്പറഞ്ഞ രണ്ടുപേരും ലേഖകനെ വിളിച്ചിട്ടില്ല. ഒരു തുറന്ന ചർച്ചയ്ക്ക് വിനയാന്വിതനായി ഞാൻ അവരെ സ്വാഗതം ചെയ്യുന്നു. ചിലർ പത്രാധിപരെ വിളിച്ച് പ്രതിഷേധം അറിയിച്ചു. അടൂരിൽ നിന്നുള്ള ഒരു സഹോദരൻ മാത്രം ഇവർക്കനുകൂലമായി ലേഖകനെ വിളിച്ച് മാന്യവും പക്വവുമായ ഭാഷയിൽ പ്രതികരിച്ചു. കഴിഞ്ഞ ലക്കം പരാമർശിച്ചതിൽ നേരിട്ടു വിളിച്ച ഒരാൾ റ്റി. കെ. കോശിവൈദ്യനാണ്. ആകപ്പാടെ വൈകാരികമായി സംസാരിച്ച അദ്ദേഹം ഇരുപതു മിനിറ്റുകൾ ബാബു ചെറിയാനുവേണ്ടിയും റ്റി. ഡി. ബാബുവിനു വേണ്ടിയും ഒരുപോലെ വക്കാലത്തെടുത്തു. അതിന് ലേഖകൻ മറുപടി പറയുമ്പോൾ കേൾക്കാനുള്ള സന്നദ്ധത കാട്ടുന്നില്ല. എന്നാൽ വൈദ്യൻ ചൂണ്ടിക്കാട്ടിയ ഒരു വസ്തുത ലേഖകൻ അംഗീകരിക്കുന്നു. ഇത്തരം ഒരു വിമർശനം എഴുതുംമുമ്പ് ആരോപണ ബാധിതരെ നേരിട്ട് ബന്ധപ്പെട്ട് തിരുത്തൽ പ്രക്രിയ നടത്താൻ ശ്രമിക്കേണ്ടിയിരുന്നു. വൈദ്യന്റെ കാര്യത്തിൽ അതുണ്ടായില്ല. മറ്റു രണ്ടുപേരെക്കുറിച്ച് ആദ്യം വീര്യം കുറഞ്ഞ ഭാഷയിൽ ലേഖകൻ പരോക്ഷമായി വിമർശനം ഉന്നയിച്ചതാണ്. അവർ തിരുത്തിയില്ലെന്നു മാത്രമല്ല എന്തുകൊണ്ട് വിമർശിക്കുന്നുവെന്ന് കോശിവൈദ്യനെപ്പോലെ ആരാഞ്ഞുമില്ല. തങ്ങൾ ചെയ്യുന്നത് ശരിയെന്ന പക്ഷത്ത് അവർ ഉറച്ചുനിൽക്കുമെങ്കിൽ പത്രപ്രവർത്തകർക്ക് തങ്ങളുടേതായ വീക്ഷണഗതിയിൽ മുമ്പോട്ട് പോകാനേ നിർവ്വാഹമുള്ളൂ.

കുമ്പനാട് കൺവൻഷനിൽ പ്രസംഗിക്കുമ്പോൾ പാസ്റ്റർ ബാബു ചെറിയാൻ ഏതെങ്കിലും സൂചനകളാൽ പ്രതികരിക്കുകയോ കുട്ടിപ്പത്രം എന്നുവിളിച്ച് കൂടുതൽ കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുകയോ ചെയ്യുമോ എന്ന് ഞങ്ങൾ നിരീക്ഷിച്ചു. അദ്ദേഹം അതിനുതുനിയാതെ മിതത്വവും സംയമനവും കാട്ടി. നന്ന്. മാത്രമല്ല ഗൃഹപാഠം ചെയ്ത അദ്ദേഹം പ്രസംഗനിലവാരവും മെച്ചപ്പെടുത്തി. ഇത്തരം ഒരു ബാബു ചെറിയാനെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ആ നിലവാരത്തിൽ അദ്ദേഹം നിലനിൽക്കുമ്പോൾ തീർച്ചയായും പിന്തുണയ്ക്കും. മറിച്ചാകുമ്പോൾ വിമർശിക്കും. വെറുതെ കുരയ്ക്കുന്ന അൾസേഷ്യന്മാരെ ഞങ്ങൾ മുഖവിലയ്ക്കെടുക്കുന്നില്ല. കറുകച്ചാൽ വെള്ളിയാമാവിൽ പ്രസംഗിക്കാൻ ചെല്ലാമെന്ന സമ്മതിച്ചിട്ട് അന്ന് രാവിലെ വിളിച്ച് തനിക്ക് ചെറുവക്കലാണ് കുറേ

04

# പാസ്റ്റർ ഡോൺ കുരുവിള ദൈവീക നിയോഗത്തോടെ ഒഡീഷയിൽ

തയ്യാറാക്കിയത്: രാജൻ ആര്യപ്പള്ളിൽ, ചെയർമാൻ



ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ നാലാം തലമുറക്കാരനായ ഡോൺകുരുവിള ഏഴാംകടവിനക്കരെ നിന്നും ഭാരതത്തിലെ ക്രൈസതവ രക്തസാക്ഷികളുടെ ഈറ്റില്ലമായ ഒഡീഷയിലെ ഗ്രാമങ്ങളിലേക്കു മുഴുവൻ സമയ പ്രവർത്തനത്തിനായി പോകുകയാണ്. 1988 മുതലുള്ള 26 വർഷങ്ങൾ കുടുംബമായി അമേരിക്കൻ മണ്ണിൽ ജീവിച്ച ഡോൺ എന്തുകൊണ്ട് ഒഡീഷയിലെ പ്രവർത്തനത്തിനായി പോകുന്നു എന്ന ചോദ്യത്തിന് ഒരു ഉത്തരം മാത്രമേ തനിക്കു പറയുവാനുള്ളൂ. "എന്റെ ദൈവം എന്നെ സമ്മതിപ്പിച്ചു". വിവിധ നിലകളിൽ ദൈവം എന്നെ സന്ദർശിച്ചു. എന്നോടു സംസാരിച്ചു. അത് ഉറപ്പാക്കുവാനായി ഗിദയോൻ തോൽവിരിച്ചതുപോലെ ദൈവത്തോട് അടയാളങ്ങൾ ചോദിച്ചു. ദൈവം അതെല്ലാം തെളിവായി എന്റെ മുമ്പിൽ ദൈവം കാട്ടിത്തന്നു. അതിനാൽ മാനുഷിക ആലോചനകളുടെ മുമ്പിൽ പിന്തിരിയാതെ ദൈവഹിതത്തിനായി സമർപ്പിച്ചു.

ഒഡീഷയോട് എന്നും വൈകാരിക ബന്ധമാണ് ഡോൺ കുരുവിളയ്ക്കുള്ളത്. 1978 മുതൽ ഒഡീഷയിലെ റായഗഡിൽ ആണ് കോളജ് വിദ്യാഭ്യാസം നടത്തിയത്. 1962ൽ ഒഡീഷയിലെ റായഗഡിൽ ഉദ്യോഗാർത്ഥം എത്തിയ തന്റെ പിതാവ് 1988-ൽ ഇവിടെയാണ് വാഹനാപകടത്തിൽ മരണമടയുന്നത്. റായഗഡിലെ ഐ. പി. സി. സഭയുടെ ഫൗണ്ടർ കൂടിയായ കുരുവിള അവിടെ കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്കു വഹിച്ചു.

കുമ്പനാട് ചെള്ളേത്ത് കുടുംബാംഗമായ ഡോൺ പെന്തക്കോസ്തിലെ നാലാം തലമുറക്കാരനാണ്. ആരംഭകാലത്ത് കുമ്പനാടിന് സമീപ പ്രദേശമായ മംഗലത്തിൽ സുവിശേഷ വിരോധികൾ തടസവുമായെത്തിയപ്പോൾ ചെള്ളേത്ത് മാത്തൻ കുരുവിള പാസ്റ്റർ കെ. ഇ. ഏബ്രഹാമിനെ നെല്ലിമലയിലേക്കു കൂട്ടിക്കൊണ്ടുപോയി അവിടെ യോഗങ്ങൾ ക്രമീകരിച്ചു. ആ കുടുംബം അങ്ങനെ ഈ വിശ്വാസത്തിലാകൃഷ്ടരായി. തന്റെ മകനായ വി. റ്റി. കുരുവിളയും ഈ പാത പിന്തുടരുന്നു.

പഠനശേഷം വി. റ്റി. കുരുവിള ഉദ്യോഗാർത്ഥം ബർമ്മയിലും, ദുർഗാപൂരിലും തുടർന്ന് 1962-ൽ ഒഡീഷയിലെ റായഗഡിലും എത്തി. റായഗഡ എന്ന ഗ്രാമം പട്ടണമായി വളർന്നതിൽ വി. റ്റി. കുരുവിളയുടെ പങ്ക് വലുതായിരുന്നു. ഔദ്യോഗിക ജീവിതത്തിനൊപ്പം സുവിശേഷത്തിന്റെ വ്യാപനത്തിനായും യത്നിച്ചപ്പോൾ റായഗഡയൽ പെന്തക്കോസ്തു കൂട്ടായ്മക്കും ഊർജ്ജമായി. കുമ്പനാട് ആര്യപ്പള്ളിൽ ജോയമ്മ എന്ന അധ്യാപിക തന്റെ ജീവിത സഖിയായി. ഡോൺ കുരുവിള, ഷാം കുരുവിള, നൂൺ കുരുവിള എന്നീ മൂന്നു മക്കൾ. മൂത്ത മകനായ ഡോൺ ഒഡീഷയിലും ഭോപ്പാലിലുമായി കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി. ഭോപ്പാലിൽ ജോലിയിലായിരിക്കെ 1986-ൽ പാസ്റ്റർ കെ. എം. ജോണിന്റെ മകൾ സൗമിയെ വിവാഹം ചെയ്തു. 1988 -ൽ അമേരിക്കയിലെത്തി ആ വർഷമാണ് പിതാവ് വാഹനപകടത്തിൽ റായഗഡയിൽ വെച്ച് മരണപ്പെട്ടത്. ഔദ്യോഗിക ജീവിതത്തിൽ മുഴുകി മുന്നോട്ടുപോകുമ്പോഴും ഒഡീഷ എന്ന സംസ്ഥാനത്തെ പ്രവർത്തനങ്ങൾ തന്റെ ഹൃദയത്തിന്റെ വാഞ്ചയായി നിലനിന്നു. 2002 മുതൽ ഒഡീഷയിലെ ഐ. പി. സി. പ്രവർത്തനങ്ങളിൽ പങ്കാളിയായി ഇവാഞ്ചലിസം ബോർഡ് ഡയറക്ടർ എന്ന നിലയിൽ വിവിധ നിലകളിൽ പങ്കാളിത്വം വഹിച്ചു വരുന്നു. 100 ലധികം സഭകളുണ്ടായിരുന്ന ഒറീസ്സയിലിന്ന് 45ലധികം പ്രവർത്തനങ്ങളുണ്ട്. റൂർഖലെയിൽ വചനപഠനത്തിനായി തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും റായഗഡിൽ ചിൽഡ്രൻസ് ഹോമും ആരംഭിച്ചു. സുവിശേഷ വ്യാപനത്തിന്റെ ഭാഗമായി അനേക ദൈവദാസന്മാർക്കും മോട്ടോർ സൈക്കിളുകളും നൽകി. 1000 കണക്കിനു ബൈബിളുകൾ നൽകി. വർക്കേഴ്സ് കോൺഫറൻസുകളിലും കൺവൻഷനുകളിലും കഴിയാവുന്ന നിലയിൽ സഹായിച്ചു. ഒപ്പം പാസ്റ്റേഴ്സിനെയും സഹായിക്കുന്നു.

അമേരിക്കയിൽ ഉന്നത ഉദ്യോഗസ്ഥയായ ഭാര്യ സൗമിയും മക്കളായ ജോഷും ഡാനിയും ജെസ്സീക്കയും ഡോൺ കുരുവിളയുടെ തീരുമാനത്തിന് പൂർണപിന്തുണയുമായി ഒപ്പമുണ്ട്.

1978-ൽ 35 പേരുണ്ടായിരുന്ന റായഗഡിലെ സഭ ഇന്ന് 700 ലധികം അംഗങ്ങളുള്ള സഭയായി വളർന്നു കഴിഞ്ഞു. വലിയ സഭാഹാളും അനുബന്ധസൗകര്യങ്ങളും ഉണ്ടാക്കുന്നതിൽ തന്റെ അധ്വാനവും നന്മയും വലുതാണ്. തന്നോടൊപ്പം കോളജിൽ പഠിച്ചവർ ഔദ്യോഗിക രാഷ്ട്രീയ, ബിസിനസ്സ് രംഗങ്ങളിൽ ഉന്നതസ്ഥാനത്താണ്. ജാതീയമെങ്കിലും തങ്ങളുടെ സുഹൃത്തിന്റെ ഈ പ്രേഷിത പ്രവർത്തനത്തിന് സഹായഹസ്തവുമായി എത്തുന്നതിൽ അവരും ഉത്സാഹം കാട്ടാറുണ്ട്. ഒഡീഷയെന്ന തന്റെ വയലിലേക്കു പോകുമ്പോൾ ദൈവം തന്ന വാഗ്ദത്തങ്ങളാണ് തനിക്കു കൈമുതലായുള്ളത്. ഗ്രഹാംസെറ്റെയിൻസും മക്കളും പേരമറിയാത്ത ധാരാളം ആളുകളും ക്രിസ്തുവിന്റെ നാമത്തിനായി ജീവൻ ബലിദാനം നൽകിയ മണ്ണ് ദൈവസ്നേഹം തിരിച്ചറിയണം. ഐ. പി. സി. സ്റ്റേറ്റ് കൗൺസിലിനോടു ചേർന്ന് വിവിധ പദ്ധതികളുടെ ആവിഷ്കരണം സാധ്യമാകുവാനുള്ള യത്നത്തിലാണ് ഇദ്ദേഹം. തദ്ദേശീയരായ സുവിശേഷകർക്ക് ആവശ്യമായ ട്രെയിനിംഗ്, സാമ്പത്തിക സഹായം ഇതെല്ലാം നൽകണം, സഭകളെ സ്വയം പര്യാപ്തയിലെത്തിക്കണം. ഇങ്ങനെ പല സ്വപ്നങ്ങൾ 450-ൽ നിന്നും ആയിരത്തിലേക്കുള്ള ദൂരം ഹ്യസ്വമാക്കണം.

ഒരുവന്റെ ജീവിതത്തെയും അവന്റെ തീരുമാനങ്ങളെയും മാറ്റിമറിക്കുവാൻ കഴിയുന്നതാണ് ദൈവീക ഇടപെടലുകൾ. വല്ലപ്പോഴും വന്നു പോകുവാൻ മാത്രം ആഗ്രഹിച്ചപ്പോൾ പൂർണമായി പോകുവാൻ ഇടയായത് ഇന്നും അത്ഭുതം. ഉത്തരം ഒന്നുമാത്രം അവൻ എന്നെ സമ്മതിപ്പിച്ചിരിക്കുന്നു.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.